# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 52

വാല്യം - 16 ലക്കം - 4 മീനം - 1199 ഏപ്രിൽ 2024




എറണാകുളം കരയോഗം ശതാബ്ദി ലോഗോ പ്രകാശന ചടങ്ങിൽ നിന്ന്



















## എഡിറ്റോറിയൽ



# സമ്മതിദാന അവകാശവും നമ്മുടെ ഉത്തരവാദിത്വവും

മറ്റു പലതിലുമെന്ന പോലെ, ജനാധിപത്യ ഭരണസംവിധാനത്തിന്റെ കാര്യത്തിലും ഭാരതത്തിന്റെ പൈതൃകത്തേയും പരമ്പര്യത്തേയും തമസ്ക്കരിച്ചുകൊണ്ട്, അതിന്റെയെല്ലാം ക്രഡിറ്റ് പാശ്ചാത്യർക്ക് ചാർത്തിക്കൊടുക്കുന്ന പ്രവണത ഇന്നും ഈ ഭാരതത്തിൽ ഉണ്ട് എന്ന് ഉത്തമബോദ്ധ്യം ഉൾക്കൊണ്ടുതന്നെയാണ് ഇതെഴുതുന്നത്. ഭരതന്റെ കാലം മുതൽ ഇങ്ങോട്ടുള്ള ആ പുരാതന കാലത്ത് ഈ രാജ്യം ഭരിച്ച ഓരോ ഭരണകർത്താക്കളുടേയും ഭരണത്തെക്കുറിച്ച് പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. ജനാഭിലാഷം മാനിക്കാൻ തന്നെക്കാൾ ഏറെ താൻ സ്നേഹിച്ചിരുന്ന തന്റെ ജീവിതസഖിയെപോലും ത്യജിച്ച രാമനാണ് ഈ രാജ്യത്തിന്റെ മാതൃകാഭരണാധികാരി. അത് ഭരണകാര്യത്തെ സംബന്ധിച്ച്. ഇനി ജനാധിപത്യത്തെക്കുറിച്ച്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ജനങ്ങളെ ഭരിക്കുന്നതിനെയാണ് ജനാധിപത്യം എന്ന് നാം വിളിക്കുന്നത്. എബ്രഹാംലിങ്കൺ പറഞ്ഞ ഈ വ്യാഖ്യാനമാണ് ജനാധിപത്യത്തിന് ഏറ്റവും യോജിച്ചതായിട്ടുള്ളത്. ഇനി ഇതിന്റെ ആരംഭത്തെക്കുറിച്ച്. ഗ്രീക്കുഭാഷയിലെ ജനങ്ങൾ എന്നർത്ഥമുള്ള DEMOS എന്ന വാക്കും ഭരണം എന്നർത്ഥമുള്ള CRATOS എന്ന വാക്കും കൂടിചേർന്ന 'ഡെമോക്രാറ്റിയ' എന്ന പദപ്രയോഗം ഉണ്ടാവുകയും അതിന്റെ ഇംഗ്ലീഷ് പരിഭാഷയായി ഡെമൊക്രസി എന്ന പദം രൂപപ്പെട്ടതായുമാണ് ചരിത്രകാരന്മാർ പറയുന്നത്. BC 5-ാം നൂറ്റാണ്ടിൽ ഗ്രീസിൽ ഇത് നിലവിൽ വന്നു എന്നുമാണ് പറയപ്പെടുന്നത്. നികുതി പിരിവ് എളുപ്പമാക്കുന്നതിനുവേണ്ടിയാണ് അവിടെ അന്ന് ഇങ്ങനെ ഒരു സംവിധാനത്തിന് രൂപം കൊടുത്തത്. നികുതിദായകരുടെ ഇഷ്ടപ്രകാരം അവർ ആഗ്രഹിക്കുന്ന ഒരാളിനെ അത് പിരിക്കാൻ ഏർപ്പെടുത്തുന്ന സമ്പ്രദായത്തോടെയാണ് ഈ രീതിക്ക് തുടക്കം കുറിച്ചത് എന്നാണ്

# ഉള്ളടക്കം

വാല്യം 16 | ലക്കം 4 | ഏപ്രിൽ 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു. | 9 |
| ക്ഷേത്രങ്ങളിലൂടെ. | 11 |
| ആട്ടക്കഥയും നളചരിതവും | 14 |
| ചട്ടമ്പിസ്വാമിതിരുവടികൾ (13) | 16 |
| നമഃശിവായ | 19 |
| ആഗോളതാപനവും കാലാവസ്ഥാ ഉച്ചകോടികളും | 23 |
| ദൃക്ക്ദൃശ്യ വിവേകം (10) | 27 |
| റിട്ടയർമെന്റ് അഥവാ വിടവാങ്ങൽ | 31 |
| വേനൽ ചൂടിൽ ശ്രദ്ധിക്കേണ്ടത് | 34 |
| ഉണ്ണികളെ ജാഗ്രത | 37 |
| പേരന്റിംഗ് അഥവാ രക്ഷാകതൃത്ത്വം | 38 |
| പെൻസിലിൻ | 40 |
| ഇന്നത്തെ നമ്മുടെ നാടും മനുഷ്യരും | 44 |
| നാടകത്രയങ്ങൾ | 46 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

പാശ്ചാത്യചരിത്രകാരന്മാരും അവരെ പിന്തുടരുന്ന നമ്മുടെ കുറെ ആളുകളും ഇന്നും വാദിക്കുന്നത്. എന്നാൽ അതിനൊക്കെ എത്രയോ മുമ്പ് മുതൽ ഭാരതത്തിൽ ജനാധിപത്യസമ്പ്രദായത്തിലുള്ള ഭരണ സംവിധാനം നിലനിന്നിരുന്നു എന്നുള്ളതിന് ധാരാളം തെളിവുകൾ ഉണ്ട്. വേദങ്ങളിൽ പ്രതിപാദിക്കുന്ന 'കുലസംഘങ്ങളും' മഹാഭാരതത്തിൽ പറയുന്ന 'ഗണങ്ങളും' തിരഞ്ഞെടുക്കപ്പെട്ടുവരുന്നവരുടെ സംഘങ്ങളായിരുന്നു. അതുപോലെ തന്നെ രാജാവിൻെറ കീഴിൽ പ്രവർത്തിച്ചിരുന്ന വലിയ അംഗസംഖ്യയുള്ള മന്ത്രിപരിഷത്തും ഒക്കെ ജനപ്രാതിനിധികളായി ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിച്ചു പോന്നിരുന്നു. ഇതിൽ നിന്നും എല്ലാം പാശ്ചാത്യലോകത്ത് ജനപ്രതിനിധികൾക്ക് ഭരണത്തിൽ ഭാഗഭാക്കാകാൻ അവസരം ലഭിക്കുന്നതിന് എത്രയോ മുമ്പ് ഭാരതത്തിൽ അവസരമുണ്ടായിരുന്നുവെന്നും അത്തരം ഭരണസംവിധാനം നിലനിന്നിരുന്നുവെന്നുമുള്ള ചരിത്രസത്യങ്ങളെ നാം വിസ്മരിച്ചുകൂടാ.

ഇനി നമുക്ക് ഇന്നിലേയ്ക്ക് വരാം

സ്വതന്ത്രഭാരതത്തിന്റെ 18-ാം ലോക് സഭയിലേക്കുള്ള 543 പ്രതിനിധികളെ തിരഞ്ഞെടുക്കുവാനുള്ള വിജ്ഞാപനം ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ച് കഴിഞ്ഞു. ഏപ്രിൽ മാസം 19-ാം തീയതി മുതൽ ജൂൺ 1 വരെയുള്ള ദിവസങ്ങളിൽ 7 ഘട്ടങ്ങളിലായാണ് ഇപ്രാവശ്യത്തെ തിരഞ്ഞെടുപ്പ് നടക്കുക. ജൂൺ 4ന് ഫലപ്രഖ്യാപനവും ഉണ്ടാകും. ഏപ്രിൽ 26 നാണ് കേരളത്തിലെ നമ്മൾ സമ്മതിദാനാവകാശം രേഖപ്പെടുത്തേണ്ടത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യോത്സവമാണ് ഏപ്രിൽ 19 മുതൽ ജൂൺ 1 വരെ ഭാരതത്തിൽ നടക്കുന്നത്. ആന്ധ്രാപ്രദേശ്, അരുണാചൽപ്രദേശ്, ഒഡീഷ, സിക്കിം. എന്നീ നാലു സംസ്ഥാനങ്ങളിലും മറ്റ് ചില സംസ്ഥാനങ്ങളിൽ ഒഴിവ് വന്നിട്ടുള്ള 35 അസംബ്ലി സീറ്റുകളിലേയ്ക്കും ഇതോടൊപ്പം വോട്ടെടുപ്പ് നടക്കും. 96 കോടിയിലേറെ ആളുകളാണ് ഈ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുവാൻ അർഹരായിട്ടുള്ളത്. ഇതിൽ 2 കോടിയിൽ പരം കന്നിവോട്ടർമാരും 2 കോടിയിലേറെ നൂറ് വയസ്സിന് മുകളിലുള്ള വൃദ്ധജനങ്ങളുമുണ്ടെന്നുള്ളതാണ് ഏറെ കൗതുകകരം. ഈ മഹാമാമാങ്കത്തിനായി രാജ്യത്ത് ആകെ സ്ഥാപിക്കപ്പെടുക ദശലക്ഷത്തോളം പോളിങ്ങ് സ്റ്റേഷനുകളാണ്. ഇത്രയും സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമുള്ള ഇലക്ഷൻ സാധനങ്ങൾ, ഉദ്യോഗസ്ഥർ, നിയന്ത്രണത്തിനുവേണ്ടിവരുന്ന നിയമപാലകർ എല്ലാം കൂടി വളരെ വിശാലമായ തയ്യാറെടുപ്പാണ് നടത്തേണ്ടത്. അതെല്ലാം ഇലക്ഷൻ കമ്മീഷന്റെ ചുമതലയാണ്. പതിവുപോലെ അവർ അത് നിർവഹിച്ചുകൊള്ളും. എന്നാൽ ഈ രാജ്യത്തെ പൗരന്മാരായ നമുക്കുമുണ്ട് ഉത്തരവാദിത്വങ്ങൾ. അതിൽ പരമപ്രധാനമായിട്ടുള്ളത് സമ്മതിദാനാവകാശം രേഖപ്പെടുത്തുക എന്നുള്ളതാണ്. അത് കൃത്യമായി നിറവേറ്റുക എന്നുള്ളത് ഏറെ പ്രാധാനവും. സാധാരണഗതിയിൽ പലരും പല പല കാരണങ്ങൾ കൊണ്ട് വോട്ടെടുപ്പിൽ പങ്കെടുക്കാതെ മാറി നില്ക്കാറുണ്ട്. അത് ഇന്ന് നിലവിലുള്ള നമ്മുടെ ജനാധിപത്യഭരണ സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലെത്തിക്കില്ല. കാരണം പ്രാതിനിധ്യജനാധിപത്യമാണല്ലോ നമ്മുടേത്. നമ്മൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ വഴി നമ്മുടെ രാജ്യത്തിന്റെ ഭരണം നിർവ്വഹിക്കുക എന്നുള്ളതാണ് അത്. അപ്പോൾ നമ്മുടെ ഓരോരുത്തരുടേയും രാജ്യസ്നേഹത്തിലൂന്നിയ, ആത്മാർത്ഥമായ സൂക്ഷ്മ നിരീക്ഷണത്തിലൂടെ വേണം നാം നമ്മുടെ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ. അഴിമതി തീണ്ടാത്ത, അർപ്പണബോധമുള്ള, സംശുദ്ധരാഷ്ട്രീയ നേതാക്കളെ വേണം നാം നമ്മുടെ പ്രതിനിധികളായി തിരഞ്ഞെടുക്കേണ്ടത്. രാജ്യത്തിന്റ അഖണ്ഡതയും ദേശീയതയിലുന്നിയുള്ള സംസ്കാരതനിമയും ഉള്ളവരായിരിക്കണം നമ്മുടെ പ്രതിനിധികൾ. ലോകത്തിന്റെ മുന്നിൽ ഭാരതത്തിന്റെ യശസ്സ് ഉയർത്തിപിടിക്കാൻ കഴിവുള്ളവരായിരിക്കണം അവർ-സ്വാർത്ഥത തീണ്ടാത്ത ദേശസ്നേഹികൾ. അങ്ങനെയുള്ളവരായിയിരിക്കട്ടെ ഈ തിരഞ്ഞടുപ്പിൽ വിജയം വരിച്ച് ഭരണസാരഥ്യം ഏറ്റെടുക്കുന്നത്. അങ്ങനെ നമ്മുടെ രാജ്യം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായി പരിലസിക്കട്ടെ. അതിലൂടെ ശാന്തിയും സമാധാനവും നിറഞ്ഞ സുഭിക്ഷരാജ്യമാവട്ടെ - ലോകശക്തികളുടെ മുൻ നിരയിൽ തന്നെ നിലയുറപ്പിക്കട്ടെ, വളരട്ടെ, ഉയരട്ടെ, നമ്മുടെ ഭാരതം.

ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

**ഏപ്രിൽ - വിഷു, ഈസ്റ്റർ, റമദാൻ സ്നേഹത്തിന്റെയും പ്രത്യാശയുടെയും ദാനധർമ്മികളുടെയും പുണ്യദിനങ്ങൾ. ഏവർക്കും ആശംസകൾ നേരുന്നു.**

മേടം ഒന്ന് വിഷുദിനമായി ആഘോഷിക്കുന്നത് വിവിധ കാരണങ്ങളാലാണ് പല സംസ്ഥാനങ്ങളിലും പല പേരിലും രീതിയിലുമാണ് ഈ ദിവസം ആഘോഷപൂർണ്ണമാക്കുന്നത്. കാർഷിക വിളവെടുപ്പുമായി ബന്ധപ്പെട്ടും വസന്തകാലത്ത് വിഷു ആഘോഷിച്ചുവരുന്നു. വിഷു എന്ന് കേൾക്കുമ്പോൾ ആദ്യം ഓർമ്മയിലോടി എത്തുന്നത് ബാല്യകാലത്ത് നമ്മുടെ കൈയിൽ വിഷുക്കൈനീട്ടമായി വീട്ടിലെ മുതിർന്നവർ പണം ആചാരപൂർവ്വം വച്ച് തരുന്ന ആ ദിവസമാണ്. സ്വന്തമായി കൈയ്യിൽ പണം വന്ന ഓരോ വിഷുക്കാലവും നമ്മൾ ഇന്നും ഓർമ്മിക്കുന്നു. കാലാവസ്ഥ മാറിവരുന്നു. ഇന്ന് നമുക്ക് ഈ ഏപ്രിൽ മാസത്തിൽ കടുംചൂടും കുടിവെള്ളത്തിനുള്ള ബുദ്ധിമുട്ടും അനുഭവപ്പെടുന്നു. കേരളത്തിന്റെ പലഭാഗത്തും 40 ഡിഗ്രി ചൂടാണ്. എറണാകുളത്ത് 36 ഡിഗ്രിചൂടും അനുഭവപ്പെടുന്ന സമയമാണിത്.

പരിസ്ഥിതയോടുള്ള നമ്മുടെ ക്രൂരമായ കടന്നാക്രമണം ഇപ്പോഴും തുടരുന്നു. നമ്മേ ഈ ഭൂമിയിൽ നിന്നു തന്നെ ഇല്ലാതാക്കുവാൻ കാരണമായ പ്രകൃതിക്ഷോഭം വരുന്ന കാലം അതിവിദൂരമല്ല. പാടശേഖരങ്ങളും, കായലും, തോടും, വൃക്ഷങ്ങളും എല്ലാം വെട്ടി നിരത്തി ഭൂമിയെ കൊല്ലാകൊലചെയ്യുകയാണിന്ന്. നമുക്കു മുമ്പേ കടന്നുപോയ നമ്മുടെ പൂർവ്വികർ അവരുടെ സുഖസൗകര്യങ്ങൾക്കു വേണ്ടി, ഇന്നു മനുഷ്യൻ ചെയ്യുന്നതു പോലെ പ്രകൃതിയെ നശിപ്പിച്ചിരുന്നെങ്കിൽ, ചിന്തിക്കുക, ഇന്നു നാം ഈ ഭൂമിയിലുണ്ടാകുമായിരുന്നില്ല.

ഈ സുന്ദരമായ ഭൂമിയിലേക്കു കടന്നുവരുന്ന ആയിരക്കണക്കിന് പുതിയ തലമുറകൾക്ക് വേണ്ടി ഈ ഭൂമിയെ സുരക്ഷിതമായി നിലനിർത്തുന്നതിന്റെ കടമ ഇവിടെ ഇന്ന് ജീവിക്കുന്ന നമുക്ക് മാത്രമാണ്. കാടും മലയും വെട്ടിപ്പിടിച്ച് കാട്ടിൽ ജീവിക്കുന്ന കാട്ടുമൃഗങ്ങൾക്കും, നമ്മുടെ പുരാതന തലമുറയായ ആദിവാസികൾക്കും ജീവിക്കാൻ കഴിയാത്ത സാഹചര്യം നാം ഉണ്ടാക്കി കഴിഞ്ഞിരിക്കുന്നു. ഇന്ന് ദിവസവും കേൾക്കുന്ന വാർത്ത ആനയും, കടുവയും, കാട്ടുപന്നിയും നഗരങ്ങളിൽ എത്തി മനുഷ്യന്റെ പാർപ്പിടങ്ങളും കൃഷിയിടങ്ങളും നശിപ്പിക്കുകയും മനുഷ്യനെ തന്നെ ആക്രമിച്ചു കൊല്ലുകയും ചെയ്യുന്ന സംഭവങ്ങളാണ് പുതിയ ഓരോ ഗൃഹം പണിയുമ്പോഴും നാം 10 വൃക്ഷങ്ങളെങ്കിലും വച്ചുപിടിപ്പിക്കുവാൻ സന്മനസ്സ് കാണിക്കണം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് വായു, ജലം, എന്നിവയുടെ മലിനീകരണവും മലകൾ വെട്ടിനിരത്തുന്നതും വൃക്ഷങ്ങൾ നശിപ്പിക്കുന്നതുമാണ് പ്രകൃതിയുടെ നിലനില്പിനെ

ഏറെ ദോഷകരമായി ബാധിക്കുന്നത് എന്ന് വിസ്മരിക്കരുത്.

എറണാകുളം കരയോഗം കഴിഞ്ഞ 15 വർഷമായി പ്രകൃതിസംരക്ഷണ മേഖലയിൽ, കേരളത്തിലെ ഏറ്റവും നല്ല പരിസ്ഥിതി, ഭക്ഷ്യ, ജൈവ, ജലം, കാട് തുടങ്ങിയ വിവിധ മേഖലകളിൽ, അവയുടെ നിലനിൽപ്പിനും, സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് 'എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്' നൽകിവരാറുണ്ട്. എല്ലാ വർഷവും ഭൗമദിനമായ ഏ പ്രിൽ 22-നാണ് ഈ അവാർഡ് നല്കുന്നത്. ഈ വർഷം ഏപ്രിൽ 22 തിങ്കളാഴ്ച വൈകുന്നേരം 6 മണിക്ക് ടി.ഡി.എം. ഹാളിൽ കൂടുന്ന പൊതു ചടങ്ങിൽ വച്ച് 16-ാമത് എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ദാനം നടത്തപ്പെടുന്നതാണ്. അവാർഡിന് അർഹരായത് അട്ടപ്പാടിയിലെ ഫാം പ്രൊഡ്യൂ സേഴ്സ് ട്രൈബൽ എന്ന സ്ഥാപനമാണ്. മില്ലറ്റ് (ചെറുധാന്യങ്ങൾ) ഉത്പാദിപ്പിക്കുന്നവരുടെ ഒരു കൂട്ടായ്മയാണ് ഈ സംഘടന.

ഈ വർഷം പ്രോത്സാഹനമെന്ന നിലയിൽ ഒരു പ്രത്യേക ജൂറി അവാർഡും കൂടി കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളത്തെ പനങ്ങാട് ഹൈവേയുടെ ഇരുവശങ്ങളിലും ഫലവൃക്ഷങ്ങൾ നട്ട് പരിപാലിക്കുന്ന ശ്രീ. കെ. എം. രാജു പുതിയേടത്തിനെയാണ് മൊമെന്റം നൽകി ആദരിക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ബഹു. കേരള ഹൈക്കോടതി ജഡ്ജി ഹരിശങ്കർ വി മേനോൻ അവാർഡ് സമ്മാനിക്കും. പ്രസ്തുത ചടങ്ങിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം ശതാബ്ദി ആഘോഷത്തിന് ആരംഭം കുറിച്ചുകൊണ്ട് ശതാബ്ദിയുടെ ലോഗോ പ്രകാശനം ബഹു. ഗോവ ഗവർണർ ശ്രീ. പി.എസ്. ശ്രീധരൻപിള്ള 31-3-2024ൽ നിർവ്വഹിച്ചു. എറണാകുളം കരയോഗത്തിന്റെ വളർച്ചക്ക് എന്നും താങ്ങും തണലുമായി നിന്നിട്ടുള്ളത് എറണാകുളത്തെ വിവിധ മത-സാമൂഹ്യസംഘടകൾ ആണ് എന്നത് വിസ്മരിക്കുന്നില്ല. ആയതു പരിഗണിച്ച് നഗരത്തിലെ വ്യത്യസ്ത മത സാമൂഹിക സംഘടനകളിലെ പതിനൊന്ന് മുതിർന്ന പൗരന്മാരെ ഈ ചടങ്ങിൽ വെച്ച് ആദരിക്കുകയും ചെയ്യുകയുണ്ടായി.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം കെ.എസ്. ചിത്രയുടെയും എം. ജി. ശ്രീകുമാറിന്റെയും പാട്ടുകൾ 21-04-2024 വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗത്തിന്റെ ഹെറിറ്റേജ് കമ്മിറ്റിയുടെ പ്രതിമാസ ചർച്ച, അന്തർദേശീയ പാരമ്പര്യദിനവും ഭൗമദിനവും ഒന്നിച്ചു ആഘോഷിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 22ന്, എറണാകുളം ടി.ഡി.എം. ഹാളിൽ, പകൽ പത്തു മണി മുതൽ ഒരു മണിവരെ KOCHI AS WORLD HERITAGE (കൊച്ചിയുടെ വിശ്വപാരമ്പര്യം) എന്ന വിഷയത്തെ കുറിച്ച് ശില്പശാല നടത്തുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടികളുടെ ഭാഗമായി ഈ മാസം 23-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30ന് എറണാകളും രാഗാവിഷ്ക്കാർ അവതരിപ്പിക്കുന്ന ഗാനമേള 'എൻെറ പാട്ട്' ടി.ഡി.എം. ഹാളിൽ ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ ഏപ്രിൽ മാസത്ത പരിപാടി 28-04-2024 ഞായറാഴ്ച വൈകിട്ട് 3.30 ന്. വിഷയം: ചങ്ങമ്പുഴയുടെ കാവ്യ ദർശനം. അവതരണം ശ്രീ. എം. ശ്രീവല്ലഭൻ നായർ.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിപാടികളിലും നിങ്ങളുടെ സാന്നിദ്ധ്യം ക്ഷണിച്ചുകൊള്ളുന്നു. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

# എറണാകുളം കരയോഗം ശതാബ്ദി ആഘോഷങ്ങൾക്ക് സമാരംഭം കുറിച്ചു

## ശതാബ്ദി ആഘോഷ ലോഗോ ബഹു. ഗോവ ഗവർണ്ണർ ശ്രീ. പി.എസ്. ശ്രീധരൻപിള്ള പ്രകാശനം ചെയ്തു

'സേവനം ജീവിത സാഫല്യം' എന്ന ആപ്തവാക്യത്തെ അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർത്തികമാക്കി, ജനസേവനത്തിന്റെ നൂറാം വർഷത്തിലേയ്ക്ക് കടക്കുകയാണ് എറണാകുളം കരയോഗം. ശതാബ്ദി ആഘോഷത്തിന്റെ ആരംഭംകുറിച്ചുകൊണ്ട് 100-ാം പിറവി ദിനാഘോഷ ലോഗോ ബഹു. ഗോവ ഗവർണർ ശ്രീ. പി.എസ്. ശ്രീധരൻ പിള്ള 31-03-2024 ന് ടി.ഡി.എം. ഹാളിൽ കൂടിയ പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷി നിർത്തി പ്രകാശനം ചെയ്തു. ആത്മീയതയിലൂന്നിയ നവോത്ഥാന പ്രവർത്തനങ്ങൾക്കു മാത്രമേ നാട്ടിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയുകയുള്ള എന്നും വിനാശത്തിലേയ്ക്ക് നയിക്കുന്ന നിഷേധാത്മക നിലപാടുകളെ ആത്മീയതയിലൂടെ മാത്രമേ മാറ്റിയെടുക്കുവാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം കരയോഗം തുടക്കം കുറിച്ചിരിക്കുന്നത് ചരിത്രഗതിയെ തന്നെ നിയന്ത്രിക്കുവാൻ പര്യാപ്തമായ സേവന പ്രവർത്തനങ്ങളാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വലുത് ചെറുതിനെ ഇരയാക്കുന്ന മൃഗജീവിതധർമ്മത്തിന്റെ നേർ വിപരീതമായ വലുത് ചെറുതിന് തുണയാവുക എന്ന മനുഷ്യധർമ്മത്തിലൂന്നിയ മഹത്തായ പ്രവർത്തനമാണ് എറണാകുളം കരയോഗം നടത്തുന്നതെന്ന് യോഗത്തിൽ ആശംസ അർപ്പിച്ച പ്രൊഫസർ സാനു മാഷ് അഭിപ്രായപ്പെട്ടു.

കരയോഗം നടത്തുവാനുദ്ദേശിക്കുന്ന ബഹുവിധങ്ങളായ സേവനപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടത് ചെറായിൽ തുടങ്ങുവാനുദ്ദേശിക്കുന്ന, നിരാലംബരായ കുട്ടികളെ വളർത്തി, പഠിപ്പിച്ച് ജോലിയിൽ പ്രവേശിപ്പിച്ച് വിവാഹവും കഴിപ്പിച്ച് കൊടുക്കുന്നതുവരെ പരിപാലിക്കുന്ന Child home (Girls) നെ പറ്റിയും സാധാരണക്കാരും, പാവപ്പെട്ടവരുമായ രോഗികൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന cashless hospital നെ കുറിച്ചും ഒക്കെ കരയോഗം ജനറൽ സെക്രട്ടറി ശ്രീ. പി.രാമചന്ദ്രൻ (വേണു) സംസാരിച്ചു.

ഈ Cashless Hospital നു വേണ്ടി ഒരു 50 സെന്റ് സ്ഥലമാണ് ആവശ്യമായി വരിക. ബഹു. തോട്ടയ്ക്കാട്ട് ദിവാന്മാരുടെ പേരിൽ എറണാകുളം കരയോഗമന്ദിരം നിലനില്ക്കുന്നതുപോലെ നമ്മൾ തുടങ്ങുവാനുദ്ദേശിക്കുന്ന Cashless hospital നു വേണ്ടി 50 സെന്റ് സ്ഥലം ദാനം ചെയ്യുന്നവരുടെ പേരിലായിരിക്കും ആ സ്ഥാപനം സ്ഥാപിക്കപ്പെടുക എന്നും അദ്ദേഹം അറിയിച്ചു. സുമനസ്സുകളായ മനുഷ്യസ്നേഹികളുടെ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാവണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ചടങ്ങിൽ സഹോദരസമുദായാംഗങ്ങളായ പ്രൊഫ. എം. കെ. സാനു, ശ്രീ. കെ.എൽ. മോഹനവർമ്മ, ശ്രീ. എ.കെ. പുതുശ്ശേരി, ശ്രീ. ആർ. രത്നാകര ഷേണായ്, ശ്രീ. കെ.എം.എ. മേത്തർ, ശ്രീ. കെ. കെ. വിജയകുമാർ, ഐ.എ.എസ് (റിട്ട), ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാട്, ശ്രീ. ജെ. സുബ്രമണി, ശ്രീ. കെ.പി. നാരായണൻ, ശ്രീ. ടി.എസ്. ശ്രീധർ റാവു, ശ്രീ. വി. സുന്ദരം എന്നീ പതിനൊന്ന് മുതിർന്ന പൗരന്മാരെ ബഹു.ഗോവ ഗവർണ്ണർ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കണ്ടറിഞ്ഞ ഉപദേശം

*പ്രിയപ്പെട്ട കൂട്ടുകാരെ*

**കൈ**യ്യിലിരിക്കുന്ന ധനം പോലെയാണ് കടന്നു പോവുന്ന ഓരോ നിമിഷവും. നമ്മുടെ ഇഷ്ടമനുസരിച്ച് നമുക്ക് അതിനെ പ്രയോജനപ്പെടുത്താൻ കഴിയും. ആലോചനയില്ലാതെ ചെലവാക്കിയാൽ അതിന്റെ ശരിയായ ഫലം നമുക്ക് ലഭിക്കാതെയും വരും.

ഒരു ശിഷ്യൻ ഗുരുവിനോടു ചോദിച്ചു

'ഗുരോ അങ്ങെനിക്ക് ഒരു ഉപദേശം തരുമോ'?

അപ്പോൾ സമയം സന്ധ്യ കഴിഞ്ഞിരുന്നു. ചോദ്യം കേട്ടതും ഗുരു ഒരു മെഴുകുതിരി തെളിച്ച് കാര്യമായി എന്തോ എഴുതാൻ തുടങ്ങി.

ശിഷ്യൻ വീണ്ടും ചോദിച്ചു.

'ഗുരോ എനിക്ക് എന്തെങ്കിലും ഉപദേശം നൽകിയാലും'

അതു കേട്ടതായി ഭാവിക്കാതെ ഗുരു എഴുത്തു തുടർന്നു.

ശിഷ്യൻ വീണ്ടും ചോദിക്കുകതന്നെ ചെയ്തു.

എന്തേ അങ്ങെനിക്ക് ഒരു ഉപദേശം തരാത്തത്?

'ഞാൻ എത്ര തവണയായി ചോദിക്കുകയാണ്. ഒരുപദേശം ദയവായി എനിക്കു തന്നാലും ഗുരോ'

അപ്പോഴും അദ്ദേഹം എഴുതിക്കൊണ്ടേയിരുന്നു.

ശിഷ്യന്റെ ചോദ്യവും ഗുരുവിന്റെ എഴുത്തും ഏറെ നേരം ഇങ്ങനെ തുടർന്നു.

ഒടുവിൽ ഗുരു എഴുത്തു നിർത്തി. അപ്പോഴേയ്ക്കും മെഴുകുതിരി ഉരുകിത്തീർന്നിരുന്നു.

ശിഷ്യൻ വീണ്ടും ചോദിച്ചു.

'ഇതെന്തേ ഗുരുനാഥാ ഞാൻ പലതവണ ചോദിച്ചിട്ടും അങ്ങ് എന്റെ ചോദ്യത്തിന് മറുപടി നൽകാത്തത്?'

അപ്പോൾ ഗുരുനാഥൻ പറഞ്ഞു

'നിന്റെ ചോദ്യം ഞാൻ കേട്ടിരുന്നു. അതിന് മറുപടിയും ഞാൻ തന്നിരുന്നുവല്ലോ'

ശിഷ്യൻ പറഞ്ഞു.

'പക്ഷേ അങ്ങയുടെ മറുപടി ഞാൻ കേട്ടില്ലല്ലോ'

ചിരിച്ചുകൊണ്ട് ഗുരു അപ്പോൾ പറഞ്ഞു.

'എന്റെ പ്രവൃത്തിതന്നെയായിരുന്നു. നിനക്കുള്ള ഉത്തരം മെഴുകുതിരിവെട്ടം എപ്പോൾ വേണമെങ്കിലും കെട്ടു പോകാമെന്ന് എനിക്ക് അറിയാമായിരുന്നു. ഒന്നുകിൽ മെഴുകുതിരി കത്തിതീർന്നു പോകും. അല്ലെങ്കിൽ കാറ്റ് അതിനെ അണച്ചു കളയും. അതാ ഒരു നേരം പോലും പാഴാക്കാതെ ഞാനെന്റെ ജോലി ചെയ്തുകൊണ്ടേയിരുന്നത്.'

'ഇതുപോലെ ജീവിതമാകുന്ന വെട്ടവും ഏതു നിമിഷവും അണഞ്ഞു പോകാം. അതുകൊണ്ട് ജീവിക്കുന്ന ഓരോ നിമിഷവും ശ്രദ്ധയോടെ വേണം ജീവിച്ചു തീർക്കാൻ. അതായിരുന്നു നിനക്കുള്ള എന്റെ ഉപദേശം.'

അതുകേട്ട് ശിഷ്യന് തന്റെ ഗുരുനാഥനോടുള്ള ആദരവും മതിപ്പും പതിന്മടങ്ങായി വർദ്ധിച്ചു.

ഏപ്രിൽ വിഷുമാസമാണ്. കണിയൊരുക്കണം, കണി കാണണം, കൈനീട്ടം മേടിക്കണം. കൂട്ടുകാർക്ക് തിരക്കായിരിക്കും.

തീവണ്ടിയിലിരിക്കുമ്പോഴും വിമാനത്തിലിരിക്കുമ്പോഴും പുറമെ കാണുന്ന സ്ഥലങ്ങളാണ് ഓടിയകലുന്നതെന്നു തോന്നും. നാം അവയിൽ നിന്നകന്നാലും അവ നമ്മിൽനിന്നകന്നാലും അകൽച്ചയുടെ അളവ് ഒരു പോലെയായിരിക്കുന്നു എന്നതുപോലെയാണ് കാലാനുഭൂതിയും. എന്നാൽ കാലമെന്ന വാഹനത്തിന്റെ ഗതി എന്നും മുന്നോട്ടു മാത്രം. ബാല്യത്തിലേക്കൊന്നു തിരിച്ചു പോകാൻ തരമില്ല. വളർന്നു വലുതായി കഴിഞ്ഞവർക്ക്. ഈ തിരിച്ചു പോക്കില്ലായ്മയാണ് അസ്തിത്വത്തിന്റെ സ്വഭാവം. എന്നിരുന്നാലും കാലഗതിയിൽ ഒരു ആവർത്തനചക്രമുണ്ട് എന്നത് നമുക്ക് ആശ്വാസം തരുന്നു.

കാലമിനിയുമുരുളും വിഷു വരും വർഷം വരും, തിരുവോണം വരും, പിന്നെയോരോ തളിരിനും പൂവരും കായ്‌വരും ഈ ആവർത്തനം ഒരാശ്വാസമാണ്. അതാണ് ആണ്ടറുതികളും ആണ്ടുപിറപ്പുകളും ആഘോഷിക്കുന്നതിന്റെ മനശ്ശാസ്ത്രം. ത്രിസന്ധ്യകളെ തൊഴുന്നതിന്റേയും വന്ദിക്കുന്നതിന്റേയും പൊരുൾ. സ്വർണം പോലെ തിളങ്ങുന്ന കൊന്നപ്പൂക്കൾക്കൊപ്പം എല്ലാ ചങ്ങാതിമാർക്കും നല്ലൊരു വിഷുക്കാലം ആശംസിക്കുന്നു.

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## വാസ്തുവും പ്രകൃതിയും

**വാ**സ്തു എന്താണെന്ന് അറിയണമെങ്കിൽ ജലം, അഗ്നി, ഭൂമി, വായു, ആകാശം തുടങ്ങി പഞ്ചഭൂതങ്ങളും മനുഷ്യന്റെ ജീവിതവും തമ്മിൽ ഉള്ള ബന്ധം അറിയണം. പഞ്ചഭൂതങ്ങളിൽ ജലം, അഗ്നി, ഭൂമി എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. പഞ്ചഭൂതങ്ങളെ പരിശോധിക്കാം.

**1. ജലം–** ഭൂമിക്കുചുറ്റമുള്ള ചൂടുള്ള കാറ്റ് തണുത്ത് മേഘങ്ങളായി മാറി മഴപെയ്ത് ഭൂമിയിൽ വീണ് താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകി പുഴയും, മലകളും സമുദ്രങ്ങളും ഉണ്ടായി. വെള്ളത്തിൽ ഹൈഡ്രജനും, ഓക്സിജനും 2:1 എന്ന അനുപാതത്തിൽ അടങ്ങിയിരിക്കുന്നു.

**2. അഗ്നി** – സൂര്യനിൽ നിന്നുമുണ്ടാകുന്ന പ്രകാശത്തിനെയും ചൂടിനെയും ഏറ്റുവാങ്ങി ഭൂമി നിലനിൽക്കുന്നു. അന്തരീക്ഷത്തിൽ നിലകൊള്ളുന്ന വായുവും, മേഘങ്ങളും ചലിച്ച് എല്ലാ ദിശകളിലേക്കും വ്യാപിക്കുന്നു. എല്ലാ സ്ഥലത്തും ഉഷ്ണം ഉണ്ടാക്കുന്നു.

**3. ഭൂമി** – ഭൂമി വലിയ ഒരു കാന്തമാണ്. കാന്തം പോലെ ഭൂമിക്കും രണ്ടു ധ്രുവങ്ങളുണ്ട്. വടക്കും, തെക്കും. രണ്ടു കാന്തത്തിന്റെ വടക്കുകൾ തമ്മിൽ യോജിപ്പിക്കാൻ ശ്രമിച്ചാൽ തല തിരിഞ്ഞു പോകും. ഒരു വടക്കും, ഒരു തെക്കും തമ്മിൽ യോജിക്കും. തെക്കുഭാഗമാണ് വടക്കിനെ വടക്കോട്ടു തിരിക്കുന്നത്. അപ്പോൾ തെക്കുഭാഗത്ത് ഭാരവും, സമ്മർദ്ദവും കൂടും. അതുകൊണ്ടാണ് ശരീരത്തിൽ ഏറ്റവും ഭാരം കൂടിയ ഭാഗമായ തല തെക്കോട്ടു വച്ചു കിടന്നുറങ്ങണം എന്ന് പറയുന്നത്. മനുഷ്യശരീരത്തിന്റെ തലക്ക് Northpole ൻെറ എല്ലാ ഗുണങ്ങളുമുണ്ട്. അതുകൊണ്ട് വടക്കോട്ടു തലവച്ചു കിടന്നാൽ പല പ്രശ്നങ്ങളും ഉണ്ടാകും.

**4. വായു**– വായുവിൽ ഓക്സിജനും, നൈട്രജനും 21:72 എന്ന അനുപാതത്തിലാണ്. ഓക്സിജനില്ലാതെ ലോകത്ത് ആർക്കും ജീവിക്കാൻ കഴിയില്ല. നൈട്രജൻ ഇല്ലെങ്കിൽ ഒരു കൃഷിയും, സസ്യങ്ങളും ഉണ്ടാവില്ല. ഓക്സിജനും, നൈട്രജനും കൂടാതെ ഉപയോഗമുള്ള പലതും വായുവിലുണ്ട്. സൂര്യനും, ഭൂമിയും തമ്മിലുള്ള ബന്ധം വളരെ ആഴത്തിൽ പഠിക്കേണ്ടതാണ്. എല്ലാ വൃക്ഷങ്ങളും, സസ്യങ്ങളും അവർക്കാവശ്യമുള്ള ഭക്ഷണം ഉണ്ടാക്കുന്നത് സൂര്യപ്രകാശം വഴിയാണ്. മനുഷ്യർക്ക് ആവശ്യമുള്ള എന്തിനും സൂര്യനെ ആശ്രയിക്കണം. സൂര്യപ്രകാശം വെളുപ്പിന് നാലര മുതൽ വീടിനു മുകളിലും, മുറ്റത്തും, വീഴുന്നത് വളരെ നല്ലതാണ്. രാവിലത്തെ ഉദയത്തിന്റെ ഗുണം കിട്ടണമെങ്കിൽ വീടിന്റെ കിഴക്കും, വടക്കും ധാരാളം സ്ഥലം വേണം. ഡിസംബർ 21 മുതൽ ജൂൺ 20 വരെ സൂര്യൻ വടക്കോട്ടും, ജൂൺ 21 മുതൽ ഡിസംബർ 20 വരെ സൂര്യൻ തെക്കോട്ടും മാറുന്നതാണ്. വടക്കോട്ടു മാറുന്നതിന് ഉത്തരായനം എന്നും, തെക്കോട്ടു മാറുന്നതിന് ദക്ഷിണായനം എന്നും പറയുന്നു.

ഡിസംബർ 21ന് ഉത്തരായനം തുടങ്ങിയാലും, ജനുവരി 14 (മകരം 1) മുതലാണ് ഉത്തരായനത്തിന്റെ ആഘോഷങ്ങൾ നടക്കുന്നത്. ഉത്തരായനത്തിൽ സൂര്യരശ്മികൾക്ക് ശക്തി കൂടും. ഈ സമയത്ത് ഉദയം മുതൽ അസ്തമയം വരെയുള്ള സൂര്യരശ്മികൾക്ക് വാസ്തുശാസ്ത്രത്തിൽ വളരെ പ്രാധാന്യമുണ്ട്. ഉത്തരായനത്തിൻെറ ഗുണം കിട്ടണമെങ്കിൽ വീടു പണിയുമ്പോൾ തെക്കിനെക്കാൾ കൂടുതൽ വടക്കും, പടിഞ്ഞാറിനെക്കാൾ കൂടുതൽ കിഴക്കും ഒഴിഞ്ഞ സ്ഥലം ഉണ്ടായിരിക്കണം.

5. **ആകാശം.** അതിരുകളില്ലാത്ത അന്തരീക്ഷമാണ് ആകാശം. അവിടെ നക്ഷത്രങ്ങൾ, വായു, പൊടി, സൂര്യൻ, ചന്ദ്രൻ എന്നിവ

യെല്ലാമുണ്ട്. അതിരുകളില്ലാത്ത അന്തരീക്ഷത്തിൽ സൃഷ്ടികൾ എല്ലാം നിലകൊള്ളുന്നു. അതിരുകളില്ലാത്ത അന്തരീക്ഷത്തിന്റെ വലിപ്പം ആർക്കും പറയുവാൻ പറ്റില്ല. പുരാണങ്ങളിൽ പലയിടത്തും, വാസ്തുവിനെപ്പറ്റി പറയുന്നുണ്ട്. മഹാഭാരതത്തിൽ മയസഭ പതിനായിരം ഹസ്തം സമചതുരമായിരുന്നു. സമചതുരമുള്ള വീടാണ് നല്ലതെന്ന് പലതിലും പറയുന്നുണ്ട്. മഹാഭാരതത്തിൽ ഭീഷ്മാചാര്യൻ മരിക്കുന്നതിനു വേണ്ടി ഉത്തരായനം വരെ കാത്തു കിടന്നു. പഴയകാലത്ത് കല്യാണങ്ങൾ, വീടുപണി എല്ലാം ഉത്തരായനത്തിലാണ് തുടങ്ങിയിരുന്നത്. അഞ്ചാം നൂറ്റാണ്ടിൽ വരാഹമിഹിരന്റെ കാലത്ത് ബ്രഹ്മവാസ്തുശാസ്ത്രമായിരുന്നു. വരാഹമിഹിരൻ ജനിച്ചത് എ.ഡി. 499ൽ ഉജ്ജയിനിയിലാണ്. അദ്ദേഹം വാനശാസ്ത്രത്തിലും, ജോതിഷത്തിലും വളരെയധികം കണ്ടുപിടിത്തങ്ങൾ ചെയ്തിട്ടുണ്ട്. ആ കാലത്ത് കൊട്ടാരങ്ങളും, അമ്പലങ്ങളും നിർമ്മിക്കാൻ മാത്രമെ വാസ്തു നോക്കിയിരുന്നുള്ളൂ. വീടുകളിലെല്ലാം കൊട്ടാരങ്ങളുമായി ബന്ധപ്പെട്ടവരാണ് താമസിച്ചിരുന്നത്. കൊട്ടാരം വാസ്തുനോക്കിയതിന്റെ ഗുണം അവർക്കൊക്കെ കിട്ടിയിരുന്നു.

*(തുടരും)*

******

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ഏപ്രിൽ 2024 – മെയ് 2024

| | | | | |
|---|---|---|---|---|
| 1. | 11-04-2024<br>18-04-2024<br>25-04-2024<br>02-05-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 16-04-2024 | ചൊവ്വ | കഥകളി – ലവണാസുരവധം | 6.30 p.m. |
| 3. | 21-04-2024 | ഞായർ | അകായിലെ സംഗീതം – സാംസ്ക്കാരിക വിഭാഗം – കെ.എസ്. ചിത്രയുടെയും എം. ജി. ശ്രീകുമാറിന്റെയും പാട്ടുകൾ | 4.00 p.m |
| 4. | 22-04-2024 | തിങ്കൾ | ഹെറിറേജ് – KOCHI AS WORLD HERITAGE (കൊച്ചിയുടെ വിശ്വപാരമ്പര്യം) എന്ന വിഷയത്തെ കുറിച്ച് ശില്പശാല സംഘടിപ്പിക്കുന്നു. | 10.00 a.m. - 1.00 p.m. |
| 5. | 23-04-2024 | ചൊവ്വ | ബീം – ഗാനമേള 'എന്റെ പാട്ട്'<br>അവതരണം-രാഗാവിഷ്കാർ, എറണാകുളം | 6.30 p.m. |
| 6. | 28-04-2024 | ഞായർ | സാഹിതിയോഗം –<br>വിഷയം: ചങ്ങമ്പുഴയുടെ കാവ്യദർശനം.<br>അവതരണം ശ്രീ എം.ശ്രീവല്ലഭൻ നായർ. | 3.30 p.m |
| 7. | 10-04-2024<br>17-04-2024<br>24-04-2024<br>01-05-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

ക്ഷേത്രങ്ങളിലൂടെ

# ചന്ദനക്കാവ് ക്ഷേത്രസമുച്ചയം



ഇന്ദിരാഭായി ഫോൺ : 8078552892

ഭഗവൽപ്രാർത്ഥനയുണ്ടെങ്കിൽ അസാദ്ധ്യമായി ഒന്നുമില്ല എന്നു വിശ്വസിക്കുന്നവരാണ് നാം എല്ലാവരും. അങ്ങനെയുള്ളവരുടെ വിശ്വാസത്തെ ബലപ്പെടുത്തുന്നതാണ് നാരായണീയ രചയിതാവായ ശ്രീ മേൽപ്പത്തൂർ നാരായണഭട്ടതിരിപ്പാടിന്റെ ജീവിതകഥ. ഏതൊരു ഭക്തനേയും ഒന്നിരുത്തി ചിന്തിപ്പിക്കുന്ന കഥ. മേൽപ്പത്തൂർ നാരായണഭട്ടതിരിപ്പാടിന്റെ വേദാദ്ധ്യയനത്തിന്റേയും ഭക്തിയുടേയും വേരുകൾ മായാതെ ഒളിമങ്ങാതെ ഇന്നും നിറഞ്ഞുനില്ക്കുന്നതും നാരായണീയരചനയ്ക്ക് അദ്ദേഹത്തിന് സരസ്വതി കടാക്ഷം നൽകി അനുഗ്രഹിച്ച അമ്മ കുടികൊള്ളുന്നതുമായ ഒരു പവിത്ര സങ്കേതമാണ് ചന്ദനക്കാവ് ക്ഷേത്ര സങ്കേതം. ഭഗവാൻ ശ്രീമഹാവിഷ്ണു തന്റെ ഭക്തനെ ഏതുവിധത്തിലായിരിക്കും അനുഗ്രഹിക്കുക എന്നത് ഭക്തൻ പോലും അറിയാറില്ല. മനസ്സുരുകി ഭഗവാനെ വിളിച്ചാൽ ഭഗവാൻ ഭക്തനരികിൽ എത്തും എന്നതിൽ സംശയമില്ല. ഭക്തനെക്കൊണ്ട് ഭഗവാൻ നന്മകൾ ചെയ്യിപ്പിച്ച് മുക്തി മാർഗ്ഗത്തിലേക്കു നയിക്കുന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് നാരായണകർത്താവായ ശ്രീമേൽപ്പത്തൂർ നാരായണഭട്ടതിരിപ്പാടിന്റേത്. നാരായണീയം എന്ന പുണ്യഗ്രന്ഥം രചിക്കുവാൻ ഭഗവാൻ അദ്ദേഹത്തെ അനുഗ്രഹിച്ചു. മനുഷ്യരാശിക്ക് സംസാരസാഗരം തരണം ചെയ്യുവാനും മുക്തിമാർഗ്ഗത്തിലേക്കെത്തുവാനും പറ്റിയ ഒരു ഉത്തമമാർഗ്ഗമാണ് ശ്രീമന്നനാരായണീയം. നാരായണീയം ഒരിക്കൽ കയ്യിലെടുത്താൽ അതുപേക്ഷിക്കുവാൻ സാധിക്കില്ല, മറിച്ച് ഭഗവാൻ കൂടെയുണ്ട് എന്ന ആത്മവിശ്വാസം വർദ്ധിക്കുകയും ചെയ്യും. ശ്രീഗുരുവായൂരപ്പൻ മേൽപ്പത്തൂർ നാരായണഭട്ടതിരിപ്പാടിലൂടെ മനുഷ്യരാശിക്കു തന്ന അമൃതാണ് ശ്രീമന്നാരായണീയം ആയുരാരോഗ്യസൗഖ്യത്തിനും മനശ്ശാന്തിക്കും പറ്റിയ ഒരു സിദ്ധൗഷധം. മനുഷ്യമനസ്സിൽ ഭഗവാനോടുള്ള ഭക്തിവർദ്ധിപ്പിക്കുവാനും അതിലൂടെ മനസ്സിൽ ഭഗവാനെ കുടിയിരുത്തുവാനും ഭഗവാൻ നൽകിയ അനുഗ്രഹമാണ് ഈ മഹാപ്രസ്ഥാനം. അതിലുപരി അത് സാക്ഷാൽ ഭഗവാൻ തന്നെയാണ് അതാണ് സത്യം. നരനെ നാരായണനാക്കുന്ന മന്ത്രശക്തിയാണ് ഈ പുണ്യഗ്രന്ഥത്തിനുള്ളത്. നാം ഈ ഗ്രന്ഥത്തെ അറിയാൻ ശ്രമിക്കുമ്പോൾ ഭഗവൽ സാന്നിദ്ധ്യം അറിയുന്നു; അനുഭവിക്കുന്നു. ശ്രീകൃഷ്ണഭഗവാൻ നിറഞ്ഞുനില്ക്കുന്ന നാരായണീയമെന്ന പുണ്യകാവ്യത്തെ നമുക്കു നൽകിയ പുണ്യാത്മാവിന്റെ ജീവിതവുമായി അഭേദ്യബന്ധമുള്ള ഒരു പവിത്രമായ ക്ഷേത്രസങ്കേതമാണ് ചന്ദനക്കാവ് ക്ഷേത്രസമുച്ചയം.

ചന്ദനം എന്നു കേൾക്കുമ്പോൾ ഒരു കുളിർമ്മ മനസ്സിൽ ഉണ്ടാകും അപ്പോൾ ചന്ദനമരങ്ങൾ തിങ്ങിനിറഞ്ഞു നിന്നിരുന്ന ചന്ദനക്കാവ് എന്നു കേട്ടാലോ? ഒരു കാലത്ത് ചന്ദനമരങ്ങളാൽ നിബിഡമായ വനമായിരുന്നു ഈ പ്രദേശം. ഇന്ന് ചന്ദനക്കാവ് എന്ന പേരു നിലനിർത്തുവാൻ വേണ്ടിമാത്രം ചന്ദനമരങ്ങൾ കാണാം. ചന്ദനക്കാവ് ഒരു ക്ഷേത്രസമുച്ചയമാണ്. പതിനെട്ട് ദേവീദേവതാ

സാന്നിദ്ധ്യമുള്ള ക്ഷേത്രസമുച്ചയം. ശ്രീ മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടിനെ സ്മരിക്കാതെ ചന്ദനക്കാവ് ക്ഷേത്രദർശനം പൂർണ്ണമാകില്ല. കാവുകളും കുളങ്ങളും വൃക്ഷലതാദികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും പത്ത് ഏക്കർ വനം വള്ളികളും വൻമരങ്ങളും ചന്ദനമരങ്ങളും കുളങ്ങളും നിറഞ്ഞുനിൽക്കുന്നതും ചെറുജീവികളും പക്ഷികളും യഥേഷ്ടം വിഹരിക്കുന്നതുമായ വനം. അതാണ് ചന്ദനക്കാവ്. മലപ്പുറം ജില്ലയിൽ തിരുനാവായിക്കും പുത്തനത്താണിക്കും ഇടയിൽ കുറുമ്പത്തൂർ എന്ന സ്ഥലത്താണ് ചന്ദനക്കാവ് സ്ഥിതി ചെയ്യുന്നത്. പ്രകൃതിരമണീയവും അതി പുരാതനവും അതിപ്രശസ്തവുമായ ഒരു ക്ഷേത്രസങ്കേതമാണിത്. അനേകയിനം വൃക്ഷങ്ങൾക്കിടയിലൂടെ വിവിധ വർണ്ണത്തിലുള്ള പുഷ്പങ്ങളാൽ പുഷ്പവൃഷ്ടി നടത്തിയ പാതയിലൂടെ, ചന്ദനക്കാവിലേക്കു കടക്കുമ്പോൾ തന്നെ ചന്ദനം തൊട്ടാൽ അനുഭവപ്പെടുന്ന അതേ കുളിർമ്മയാണുണ്ടാവുക. ആ കാവിന്റെയും ക്ഷേത്രസങ്കേതത്തിന്റെയും വർണ്ണന വാക്കുകളാൽ അസാദ്ധ്യമാണ്. അതു കണ്ട്, അനുഭവിച്ചു തന്ന അറിയേണ്ടതാണ്.

മേല്പത്തൂർ നാരായണഭട്ടതിരിപ്പാട് തന്റെ ഉപാസനാമൂർത്തിയായ മച്ചകത്തമ്മയെ, ചന്ദനക്കാവിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. വാതരോഗശാന്തിക്കായി ഗുരുവായൂരിലേക്കു പോരുന്നതു വരെയും അദ്ദേഹം വേദാദ്ധ്യയനം നടത്തിയിരുന്നതും ഇവിടെയായിരുന്നു. വേദാദ്ധ്യനത്തിനു പേരുകേട്ട ക്ഷേത്രമാണ് ചന്ദനക്കാവ് ക്ഷേത്രം. മേൽപ്പത്തൂർ ഇല്ലത്തു മച്ചിൽ ഭഗവതിയായി പൂജിച്ചിരുന്ന ദേവിയെ അദ്ദേഹം തന്നെ ചന്ദനക്കാവിൽ പ്രതിഷ്ഠിച്ചതാണ് ചന്ദനക്കാവിലമ്മ.

ചന്ദനക്കാവ് ഭഗവതി സാക്ഷാൽ ഭദ്രകാളിയമ്മയാണ്. ചുവർ ചിത്രങ്ങൾക്ക് നിത്യപൂജയും നിവേദ്യവും നൽകുന്ന ക്ഷേത്രമെന്ന പ്രത്യേകതയും ഈ ക്ഷേത്രത്തിനുണ്ട്. മേല്പത്തൂർ നാരായണഭട്ടതിരി ചന്ദനക്കാവിലെ വിഷ്ണുക്ഷേത്രശ്രീകോവിലിന്റെ ചുമരിൽ വരച്ച ഗണപതിയുടേയും ഗരുഡാരൂഢനായ ശ്രീകൃഷ്ണൻെറയും ചിത്രങ്ങളാണ് ഇവ. ഈ ചിത്രങ്ങൾക്ക് നിത്യപൂജയും നിവേദ്യവും ഉണ്ട്. വട്ടശ്രീകോവിലിൽ വിരാജിക്കുന്ന ചതുർബാഹുവും വൈകുണ്ഠനാഥനു മുന്നിൽ ഭക്തർ നാരായണീയത്തിലെ ഒരു ശ്ലോകമെങ്കിലും ചൊല്ലി പ്രാർത്ഥിക്കണം. അത് ഭഗവാനുള്ള അർച്ചനയായി സങ്കല്പിക്കുന്നു. ഇവിടെ വിരാജിക്കുന്ന വൈകുണ്ഠനാഥനാണല്ലോ ഭട്ടതിരിപ്പാടിനെ വാതരോഗശമനത്തിനായും നാരായണീയരചനക്കായും ഗുരുവായൂരിലേക്കയച്ചത്.

കാവിലേക്കു കടന്നാൽ ആദ്യം ദേവീക്ഷേത്രമാണ്. ഇവിടെ പ്രധാനശ്രീകോവിലിൽ ദേവികുടികൊള്ളുന്നു. ദേവിയെ കൂടാതെ മറ്റു രണ്ടു പ്രതിഷ്ഠകളും കൂടിയുണ്ട്. ഒരേ ശ്രീകോവിലിൽ മൂന്നു ദേവതകൾ ദേവിയും ദേവിയുടെ അംഗരക്ഷകഭാവത്തിൽ യവനീക്ഷൻ ഇത് ശിവസങ്കല്പമാണ്. ദേവിയുടെ വാൽകണ്ണാടി രൂപ പ്രതിഷ്ഠയുമുണ്ട്. ദേവിയുടെ ശ്രീകോവിലിനു തെക്കുഭാഗത്തായി കാരായഭഗവതിക്ക് സ്ഥാനമുണ്ട്. പണ്ട് കളരിപ്പയറ്റ് പോലെയുള്ള ആയോധനകലകൾ അഭ്യസിപ്പിച്ചിരുന്നത് കാരായഭഗവതിക്കു മുന്നിലായിരുന്നു. അടുത്തത് സന്താനവരദായിനിയായ ഈററില്ലം അമ്മയുടെ സ്ഥാനമാണ്. സന്താനലബ്ധിക്കും പ്രസവസംബന്ധമായ ബുദ്ധിമുട്ടുകൾ ഒഴിവായിക്കിട്ടാനും ദേവിക്ക് ചുവന്ന പട്ടും ഈറ്റില്ലത്തമ്മക്ക് കറുത്ത പട്ടും ചാർത്തി പ്രാർത്ഥിക്കുന്നു. 8 പിറ

ക്കാൻ എന്നൊരു ചടങ്ങുണ്ട്. ഗർഭരക്ഷക്കും സുഖപ്രസവത്തിനും വേണ്ടി ഈറ്റില്ലാത്തമ്മക്കു നടത്തുന്ന പ്രധാന വഴിപാടാണ് കറുപ്പുചാർത്തൽ. അടുത്തത് വനത്തിനുള്ളിൽ പത്നിസമേതനായ വനശാസ്താവിന്റെ ക്ഷേത്രമാണ്. ശാസ്താക്ഷേത്രത്തിനടുത്തായി വള്ളിക്കാവ്. വള്ളിക്കാവിലാണ് ദേവി ആദ്യം ഇരുന്ന സ്ഥലം. അടുത്തത് ഗണപതിക്ഷേത്രമാണ്. ഇവിടെ ഒരേ ശ്രീകോവിലിൽ അഞ്ചു പ്രതിഷ്ഠകളാണ്. ഗണപതി, സരസ്വതി, തൃമൂർത്തികൾ. ഈ ക്ഷേത്രത്തിൽ വച്ചാണ് ഭട്ടതിരിപ്പാട് വേദാഭ്യാസം നടത്തിയിരുന്നത് എന്നു വിശ്വസിക്കുന്നു.

ഗണപതിക്ഷേത്രത്തിനു തെക്കുഭാഗത്തായി ഒരു മഹാവിഷ്ണുക്ഷേത്രമുണ്ട്. ചതുർബാഹുവായ മഹാവിഷ്ണുവാണ് ഇവിടെ. എന്നുണ്ട്. ഇവിടെ വിദ്യാപൂജ, സന്താനപൂജ, ഐക്യമത്യപൂജ എന്നിവ പ്രധാനമാണ്.

അടുത്തത് വേട്ടക്കരൻ ക്ഷേത്രമാണ്. അതിനടുത്തായി സുബ്രമണ്യക്ഷേത്രമുണ്ട്. എല്ലാക്ഷേത്രങ്ങളുടേയും പരിസരങ്ങൾ നിറയെ പൂക്കളുള്ള ചെടികൾ നിറഞ്ഞു നില്ക്കുന്നു. 10 ഏക്കർ വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രങ്ങളിൽ ദർശനം നടത്തി പ്രകൃതി ഭംഗിയും ആസ്വദിച്ച് ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നാരായണീയ രചയിതാവായ ഭട്ടതിരിപ്പാടിനെ സ്മരിച്ച് വണങ്ങി മടങ്ങുമ്പോൾ ഒരു വ്യത്യസ്തക്ഷേത്ര ദർശനാനുഭവമാണ് നമുക്കുണ്ടാവും. ചന്ദനക്കാവിന്റെ കുളിർമ്മയും നൈർമ്മല്ല്യവും മറ്റൊരു ക്ഷേത്രത്തിൽ നിന്നും കിട്ടില്ല. അത് ചന്ദനക്കാവിന്റെ മാത്രം പ്രത്യേകതയാണ്. മേല്പത്തൂരില്ലത്തെ പരദേവതയായ കാവിലമ്മയുടെ അനുഗ്രഹത്താൽ ഭട്ടതിരിപ്പാടിലൂടെ ഗുരുവായൂരപ്പൻ നൽകിയ നാരായണീയം പോലെ തന്നെ ഒരു ദിവ്യാനുഭവമാണ് ചന്ദനക്കാവിലെ 18 ദേവീദേവന്മാരുടെ ദർശനം. നാരായണീയത്തെ അറിയുവാനും പഠിക്കുവാനും ആഗ്രഹിക്കുന്നവർ ഒരിക്കലെങ്കിലും ഈ തിരുനടയിൽ തൊഴുതു പ്രാർത്ഥിക്കണം. സാക്ഷാൽ ഗുരുവായൂരപ്പദർശനം പോലെ മനസ്സിനെ കുളിർപ്പിക്കുന്ന ഒരനുഭവമാണ് ചന്ദനക്കാവിലമ്മയേയും മറ്റും ദർശിച്ചു കഴിയുമ്പോഴുണ്ടാവുക. ആ ദർശനഭാഗ്യം എല്ലാവർക്കും ലഭിക്കുമാറാകട്ടെ.

******

മിനിക്കഥ

# വിരമിച്ചവർ

ഉണ്ണി വാരിയത്ത് 9867179480)

ഉദ്യോഗത്തിൽനിന്നും വിരമിച്ചവർ പറയുന്നത് നമ്മൾ കേൾക്കാറുണ്ട്

'സമയം പോകുന്നില്ല. വിരസമായിരിക്കുന്നു ജീവിതം. വെറുതെ കുത്തിയിരുന്ന് മടുത്തു. ആരോഗ്യ പ്രശ്നങ്ങളും അടിഞ്ഞുകൂടി'

അതുവരെ ഏതെങ്കിലും മുതലാളിമാർക്കുവേണ്ടി പണിയെടുത്തവർക്ക് ഇപ്പോൾ സമൂഹത്തിൽ ഇറങ്ങി പ്രവർത്തിച്ചു കൂടേ? എന്തുകൊണ്ടാണ് അവർ അങ്ങനെ ചിന്തിക്കാത്തത്? ശമ്പളം കിട്ടില്ലെന്നതുകൊണ്ടാണോ?

അവരുടെ മനസ്ഥിതി മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു

# ആട്ടക്കഥയും നളചരിതവും

## ഭാഗം - 2

ഡോ. ശാന്തകുമാരി - 04842608624

*തുടർച്ച*

**ക**ഥകളിക്ക് അനുപേക്ഷണീയമാണെന്ന് വെച്ചിട്ടുള്ളതാണ് സംഭോഗശൃംഗാരപദമായ ശൃംഗാരപദം. നളചരിതത്തിൽ 4 കഥകളിലും കൂടി ഒരൊറ്റ ശൃംഗാരപദമേ ഉള്ളൂ. (രണ്ടാം ദിവസാരംഭത്തിൽ) ശൃംഗാരപദം അതിനു വേണ്ടിയല്ല കഥയ്ക്കുവേണ്ടി എന്നാവണമെന്നാണ് കർത്താവിന്റെ പ്രമാണം. രണ്ടാംദിവസത്തെ ശൃംഗാരപദം കഥകളി പ്രേമികളെ ഏറെ ആകർഷിയ്ക്കുന്ന ഒന്നാണ്. വിവാഹവും കഴിഞ്ഞ് സന്തുഷ്ടരായി ഇന്ദ്രാദികൾ കൊടുത്ത വരവും വാങ്ങി സ്വന്തം രാജധാനിയിലേക്ക് തന്റെ ദയിതയോടുകൂടി വന്ന ധന്യനായ നായകൻ അവിടെ രഹസ്യമായി നായികയോടു കൂടി ചെയ്യുന്ന ചടുവചനങ്ങളായിട്ടാണ് ഈ പദം നിബന്ധിച്ചിരിക്കുന്നത്. പ്രൗഢനായ ഒരു നായകൻ തന്റെ പത്നിയെ അരികത്തണച്ച് രതി ക്രീഡാവിദഗ്ദ്ധയായ അവളെ നിർല്ലജ്ജ്യ സംഭോഗശൃംഗാരത്തിനിക്ഷണിക്കുന്ന നല്ല പ്രത്യുത താൻ ചെയ്ത പരിശ്രമങ്ങൾ പ്രാതികൂല്യങ്ങളെ ജയിച്ച് ത നി യ്ക്ക് നേടുവാൻ കഴിഞ്ഞ മുഗ്ദധയായ ഒരു കുലകന്യകയെ നവോസ്ഥയായിരിക്കുമ്പോൾ ധീരോദാത്തനായ നായകൻ അനുനയിപ്പിക്കുന്നതാണ് സന്ദർഭം. മറ്റാട്ടക്കഥകളിലെ പാരമ്പര്യ സമ്പ്രദായം ഇവിടെ ഇല്ല. ആലോചനാമൃതമായ ധ്വനിക്കാണ് മറ്റെന്തിനെക്കാളും പ്രാധാന്യം. അപാരമായ അർത്ഥത്തെ വിനിമയം ചെയ്യാനാവുന്ന ഓരോ വാക്കും നോക്കുമൊക്കെയാണ് ആവർത്തിച്ചാവർത്തിച്ചു പറയുന്ന വർണ്ണനകളെക്കാളും ശൃംഗാരത്തിൽ കൂടുതൽ ഫലപ്രദമാവുകയെന്ന മനശാസ്ത്രപരമായ തത്ത്വം കവി അറിയുകയും അംഗീകരിക്കുകയും ചെയ്തത് ഇവിടെ അറിയാനുണ്ട്.

നവയൗവനവും വന്നുദിച്ചു.......

ഇത്യാദികളിലെ വാചാലന ശ്രദ്ധേയം

സ്വാഭാവികമായ മറ്റൊരു സംഗതിയാണ് മുഗ്ദ്ധയായ നായിക തന്റെ വാക്കുകൾക്ക് മറുപടി പറയാതെ അതിനുപകരം അപ്പോഴത്തെ അവസ്ഥയിൽ വികാരോദ്ദീപകമായ ഉദ്യാന വർണ്ണനയ്ക്കാണ് മുതിരുന്നത്.

ഇതുപോലെ നായകൻ ശുഭപര്യവസായിയായ തന്റെ വിവാഹകഥയിലെ സുമധുരങ്ങളായ സംഭവപരമ്പരകളോർത്ത് അവയ്ക്ക് സാക്ഷി നിന്നവളും കൂടിയായ നായികയോട് അവയെപ്പറ്റിപ്പറയുന്ന ഭാവപ്രധാനമായ പദം.

ദയിതേനീ കേൾ........

ഇത് ശൃംഗാരോദ്ദീപകമായ ഒരനുസ്മരണമാണ്. ശ്രമസാദ്ധ്യമായ ഒരു കാര്യത്തിന് വിജയം വരിച്ച് വിലസുന്ന നായകന് അഭിമാനിയ്ക്കാവുന്ന ഏറ്റവും നല്ല മുഹൂർത്തം കൂടിയാണിത്. അഭിമാനത്തിന്റെ ഉത്തംഗശൃംഗത്തിൽ നിന്ന് താൻ കടന്നുകയറിപ്പോന്ന ഭൂതകാലാനുഭൂതികളുടെ താഴേനോക്കിക്കാണുന്നതിലും അതിന്റെ സൗഷ്ഠവം കണ്ടതിലും സ്വാഭാവികമായ കൗതുകം ഉണ്ടാവുന്നതാണ് എന്ന ഔചിത്യബോധത്തിന്റെ ആവിഷ്ക്കരണമാണ് ആ പദം.

അങ്ങനെ ശൃംഗാരത്തിന്റെ സാഫല്യത്തിന് അനുഗുണമായ വിധത്തിലുള്ള ആലംബന ഉദ്ദീപന വിഭാവങ്ങളുടെ അന്യാദൃശമായ ഉദ്യാനവർണ്ണനകൊണ്ടും പൂർവ്വകഥാസ്മരണം തുടങ്ങിയവകൊണ്ടും സംപുഷ്ടവും പരിപൂർണ്ണവുമായ ശൃംഗാരരസാനുഭൂതിക്ക് വിഷയമാവുന്ന പദങ്ങൾ ആട്ടക്കഥകളിലെന്നല്ല മലയാളസാഹിത്യവൃത്തത്തിൽ തന്നെ അപൂർവ്വമായിട്ടേ ഉള്ളൂ.

ശൃംഗാരപദം പോലെ കഥകളിയിൽ പ്രധാനമാണ് യുദ്ധപദം. സ്വതവേ ദുർഗ്രാഹ്യമായ അഭിമാനത്തിൽ ഉദ്ധതമായ അത്തരം പ്രകരണങ്ങളും പ്രകടനങ്ങളും സാധാരണ ജനങ്ങളെ ആകർഷിക്കും. നളചരിതകാരൻ ഇതിവൃത്തത്തിന്റെ നാടകീയഘടനയിലും പാത്രസ്വഭാവാവിഷ്ക്കാരണത്തിലും കൂടുതൽ ശ്രദ്ധിച്ചിരിക്കയാൽ ഇത്തരം സംഗതികൾ വിസ്മയിച്ചിരിക്കുന്നതു കാണാം. പ്രശാന്തമായ കഥാഗതി ഉദ്ധരണങ്ങളായ ഇത്തരം പ്രകരണങ്ങളാൽ ബാധകമായിട്ടേ ഇല്ല നളചരിതത്തിൽ.

ഉദ്ധതങ്ങളായ ഘട്ടങ്ങൾ എങ്ങനെ തരണം ചെയ്യണം എന്നും നളചരിതം 2-ാം ദിവസം വ്യക്തമാക്കുന്നു. അനവദ്യസുന്ദരമായ ആദ്യത്തെ ശൃംഗാരപദത്തിനു ശേഷം അണിയറയിൽ നിന്നും കേൾക്കുന്നത് അരങ്ങ് കുലുക്കുന്ന കലിയുടെ അലർച്ചയാണ്. കലിദ്വാപരന്മാർ വൻവേഷങ്ങളാണ്. മിക്കവാറും അവരുടെ പദങ്ങളും ഉദ്ധതബന്ധമുള്ളവയാണ്. ആട്ടത്തിനാവശ്യമായ മേളം സാധിക്കുന്നതിന് ഇവിടെ വളരെ സൗകര്യമുണ്ട് എന്നുള്ളത് കഥകളി പ്രിയരെ സംതൃപ്തരാക്കുന്നതാണ്. ഇതുപോലെ ദമയന്തീ പരിത്യാഗത്തിന്റെ പ്രശാന്തസുന്ദരമായ ഘട്ടത്തിനുശേഷമുണ്ടാകുന്ന കാട്ടാളപ്രവേശവും കഥകളിയുടെ മേന്മയ്ക്ക് വക നൽകുന്നതാണ്. ഉചിതസ്ഥാനത്ത് ഉചിതമായി നിബന്ധിച്ചിട്ടുള്ള ശൃംഗാരപദവും കലി, കാട്ടാളൻ മുതലായ കഥാപാത്രങ്ങളുടെ ഉദ്ധതപ്രകൃതിയും കഥയ്ക്ക് മാറ്റുകൂട്ടുന്നു. (നളചരിതത്തിലെ കാട്ടാളൻ എന്ന ഒരു ലേഖനം നേരത്തെ പ്രസിദ്ധീകരിച്ചതിനാൽ ഈ സൗഹൃദം മാസികയിൽ തന്നെ ഇവിടെ എടുത്തു വീണ്ടും പറയുന്നില്ല.)

നളചരിതകർത്താവിന്റെ പാത്രസൃഷ്ടി വൈഭവവും ഈ കഥയിൽ ഏറെക്കുറെ പ്രകടമാക്കുന്നു. രതിലാലസനായ നളനെ അവഹേളിച്ച് നാട്ടിൽ നിന്ന് (രാജ്യം) കാട്ടിലേയ്ക്കയക്കുന്നു വിജയോദ്ധതനായ പുഷ്കരനും കാട്ടിലലഞ്ഞുനടക്കുന്ന ദമയന്തിയുടെ സൗന്ദര്യത്തിലാകൃഷ്ടനായി അവളെ പാട്ടിലാക്കുവാൻ പുറപ്പെടുന്ന കാട്ടാളന്റെ വിടത്വവും സാർത്ഥവാഹകന്റെ ഉത്തമസൗഹാർദ്ദവും സുദേവന്റെ സാമർത്ഥ്യവും എല്ലാം അതാതുപാത്രങ്ങളിലൂടെ കവി ഭംഗിയായി ആവിഷ്ക്കരിച്ചിരിക്കുന്നു.

ഇപ്രകാരം നളചരിതം കഥയിലെ മർമ്മഭാഗം ഉൾക്കൊള്ളുന്ന ഇതിവൃത്തപ്രധാനമായും കഥാപാത്രസ്വഭാവപരമായ പലതും ആവിഷ്ക്കരിച്ച് ജീവിതനിരീക്ഷണപരമായും നായികാനായകന്മാരുടെ ആദർശപരമായ സ്വഭാവങ്ങൾ പലതും പ്രകാശിപ്പിക്കുന്നതിനാൽ കവിയുടെ ധർമ്മബോധത്തിന് അനുയോജ്യമായും എല്ലാതരത്തിലും നളചരിതം രണ്ടാം ദിവസത്തെ കഥയ്ക്ക് പ്രാധാന്യമുള്ളതായി കാണാം.

അവസാനിച്ചു

*****

**എറണാകുളം കരയോഗത്തിൽ വൈശാഖമാസത്തോടനുബന്ധിച്ച് 2024 മെയ് 9-ാംതീയതി വ്യാഴാഴ്ച രാവിലെ 7.30 മുതൽ 1.00 മണി വരെ ഗീതാപാരായണം ഉണ്ടായിരിക്കുന്നതാണ്.**

# ചട്ടമ്പിസ്വാമിതിരുവടികൾ 13

എം.ആർ.എസ് മേനോൻ – 9037126220

*(തുടർച്ച)*

സർവ്വജ്ഞ ഋഷിരുത്ക്രാന്ത :
സദ്ഗുരു ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണ കലാനിധി:
ലീലയാ കാലമധികം
നിത്യാന്തേ സ മഹാപ്രഭു:
നിസ്വം വപുസ്സമുത്സൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിത':

*ശ്രീ നാരായണഗുരുദേവൻ*

ഹൃദ്യാഭപൂണ്ടിതരമുർലഭമാം നിവൃത്തി
പദ്യാടനം പരിചയിച്ച പരാർദ്ധ്യഹംസം
വിദ്യാധിരാജയതി വിദ്രുത മൂഴിയാമീ
യുദ്യാനവാടിയെ വെടിഞ്ഞുയരെപ്പറന്നോ?

പോയീ നമുക്കൊരെതിരറ്റ ഗുരുപ്രവിരൻ
പോയി ജഗത്തിനൊരു ജംഗമരത്നദീപം
പോയി മുമുക്ഷു ജനതയെക്കാരു മാർഗ്ഗദർശി
പോയീ കലാ ലതികകൾക്കൊരുപഘ്നശാഖി

പ്രത്യങ്മുഖർക്ക് പരിചിൽപര ചിൽസ്വരൂപം
പ്രത്യക്ഷമാക്കിന വിഭോ പരിപക്വഹൃത്തേ
പ്രത്യഗ്രശങ്കര ഭവാന്റെ ചരിത്രമെന്നും
പ്രത്യക്ഷരം പരമ പാവനമായ് വിളങ്ങും

അങ്ങുന്നകന്നിട്ടുകകൊണ്ടതിമാത്രമൂഴി
മങ്ങുന്നുവെങ്കിലുമതിന്നുതദേകപാഠം
അങ്ങുന്നുതേ സ്ഥിതിയനാരതമാഴിനീറ്റിൽ
മുങ്ങുന്നനാൾ വരെ മുറയ്ക്കു കൊടുക്കുമല്ലോ?

*മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ*

സർവ്വ ദർശനതന്ത്രസ്വതന്ത്രൻ നാനാ ശിഷ്യ
സംവൃത പാർശ്വൻ നിത്യബ്രഹ്മചര്യസ്ഥൻ ഭവാൻ
പൂതമാം വേദാന്തസ്സത്തുരുക്കിയോഴിച്ചിട്ടാ
ദ്വൈതത്തിൽ വിടവടച്ചൊന്നാക്കി വിളക്കിയും
സ്വകൃതാ നോക സ്ത്രോത്ര
'സൗന്ദര്യലഹരി'യിൽ
പ്രകൃതി മഹേശ്വരിയെപ്പൊന്നോടം
കളിപ്പിച്ചും
ശങ്കരാചാര്യരുടെ ജന്മഭൂവിനെ വീണ്ടും
ശങ്കരാചാര്യരുടെ ജന്മഭൂവാക്കിക്കൊണ്ടാൻ
ഭക്തർക്ക് മന്ത്രോപാസ്തിന്യാസങ്ങൾ
നിർദ്ദേശിക്കു
മത്തൃകൈവിരലുകളൊപ്പമേ വിളയാടി
സാഹിത്യരസമുതിർക്കുന്ന തൂലികമേലും
മോഹന വീണാ വേണുമൃദംഗാദികളിലും
ശാന്തിയെപ്പരത്തുമാ സ്വാമി തൻ തിരുമു
മ്പിൽ ച്ചെന്നാൽ
ശാർദ്ദൂലഭുജംഗാദിഹിംസ്രജാതികൾ പോലും
ചിക്കെന്നു ഭാവം മാറിശ്ശിഷ്യർ പോലൊ
തുക്കത്തിൽ
നില്ക്കയേ പതിവുള്ളു ഹാ തൊഴാം
തപോരാശേ

*മഹാകവി വള്ളത്തോൾ*

നീണ്ടിടയ്ക്കിടവെള്ളിനൂൽപോലുള്ള രോമം
കൊണ്ടു ഭാസുരശ്മശ്രുവാർന്ന
മോഹനഗാത്രം
ജാനുക്കളോളം നീണ്ട സൗഭാഗ്യരേഖാങ്കിത
പാണികൾ യുഗപ്രമാണങ്ങളാർന്നോരു
ഗാത്രം
മുന്നുപാരിലുമെന്നാലെന്തോന്ന് സാധ്യമല്ല
യെന്നുള്ള മുഖഭാവം സ്ഫുരിക്കും
മുഗ്ദ്ധഗാത്രം
മസ്തിഷ്കനൈർമ്മല്യത്തേ
പ്രസ്ഫുരിപ്പിച്ചിടുന്ന
നേത്രങ്ങൾ സുസൂക്ഷ്മങ്ങളേന്തുമുന്ന
തഗാത്രം
നൃത്തഗീതാദികലാവിദ്യയിലന്യാദൃശ
ബുദ്ധിസാമർത്ഥ്യം പ്രകടിപ്പിച്ച മഹാഗാത്രം
'ശ്രീനാരായണഗുരു' സ്വാമിയും ഗുരുവാക്കി
മാനിച്ച മഹാഭാഗ്യം തികഞ്ഞ ദിവ്യഗാത്രം
..................................................

അങ്ങേയ്ക്ക് നിത്യശാന്തിയരുളീടട്ടെ ലോക
രംഗത്തെയിപ്രകാരം നയിക്കും പരബ്രഹ്മം
*സരസകവി മൂലൂർ എസ് പത്മനാഭ പണിക്കർ*

ചട്ടമ്പിസ്വാമിയാകുന്നൊരു സകലകലാ
വല്ലഭൻ ജീർണ്ണ ദേഹം
വിട്ടങ്ങുത്തുംഗ കീർത്തിപ്പുതതനുവിൽ
വിളങ്ങിനാൽ മംഗലാത്മാ
നഷ്ടം മൊത്തത്തിൽ നേരിട്ടകമതിലുടനെ
'ധൂളി' യാണ്ടർക്കനുച്ച
പ്പട്ടം പാലിക്കുമിന്നാൾ 'ഗുരു' വുപരതനാ
യീടവേ ഹാ കഠോരം
*അഴകത്ത് ഇ പത്മനാഭക്കുറുപ്പ്*

ചട്ടമ്പിസ്വാമികളുടെ മഹാസമാധിയ്ക്ക് ശേഷം ശ്രീനാരായണ ഗുരുദേവനും 'മഹാകവി ഉള്ളൂരും മഹാകവി വള്ളത്തോളും ഈഴവ സമുദായാംഗമായിരുന്ന പ്രസിദ്ധകവി സരസ കവി മൂലൂർ എസ് പത്മനാഭപണിക്കരും അഴകത്ത് പത്മനാഭ കുറുപ്പും സ്വാമികളെ അനുസ്മരിച്ച് രചിച്ച ശ്ലോകങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ശ്രീ നാരായണഗുരുദേവൻ ചട്ടമ്പിസ്വാമികളുടെ മഹാസമാധി വാർത്ത അറിഞ്ഞയുടൻ രചിച്ച ചരമ ശ്ലോകത്തിൽ സ്വാമികളുടെ സർവ്വജ്ഞൻ, ഋഷി, ഉത്ക്രാന്തൻ, സദ്ഗുരു, പരിപൂർണ്ണനായ കലാനിധി' മഹാപ്രഭു എന്നീ ആറ് യോഗ്യതകളെയാണ് പരിചയപ്പെടുത്തുന്നത്. ശ്രീ ശങ്കരന് ശേഷം കേരളം ജന്മം നൽകിയ ഏറ്റവും വലിയ മഹാത്മാവായിരുന്ന ചട്ടമ്പിസ്വാമികളുടെ മഹാസമാധി കേരളത്തിന്റെ ആദ്ധ്യാത്മിക വൈജ്ഞാനിക മേഖലകളി ൽ വലിയ നഷ്ടം ഉണ്ടാക്കി. ചട്ടമ്പിസ്വാമികളും ശ്രീ നാരായണ ഗുരുദേവനും കേരളത്തിലെ ഹിന്ദു സമാജത്തെ നവീകരിക്കുന്നതിൽ വഹിച്ച പങ്ക് ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടമ്പിസ്വാമികളെപ്പറ്റി ശ്രീ പുത്തേഴത്ത് രാമൻ മേനോൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ് 'ചട്ടമ്പിസ്വാമിതിരുവടികളും ശ്രീ നാരായണ ഗുരുദേവനും മഹർഷിമാർ തന്നെയായിരുന്നു. രണ്ടു പേരും ശ്രീശങ്കരന്റെ അദ്വൈതമതത്തിന്റെ ഓമൽ സന്താനങ്ങളായിരുന്നു. അവർ സമകാലീനന്മാരും സതീർത്ഥ്യരും പരസ്പരം ഗുരു ശിഷ്യന്മാരും ആയിരുന്നു. അനാഥരും അസംഘടിതരും ആയിരുന്ന ഈഴവ സമുദായത്തിന്റെ ശൈഥില്യത്തെ നിർമ്മാർജനം ചെയ്തു ഏകീകൃതമായ സംഘടനാബലത്തെ സംസ്ഥാപിച്ചു അവരെ ഉത്തേജിപ്പിച്ച് സമുദ്ധരിച്ച് സമുന്നതിക്ക് സന്നദ്ധരാക്കുക എന്ന വീര കർമ്മവും ധീര കർമ്മവും ശ്രീ നാരായണൻ സാധിച്ചു. എന്നാൽ ദുരഭിമാന ദൂഷിതരും ദുസ്വാതന്ത്ര്യ പ്രബുദ്ധരുമായ നായർ വർഗ്ഗം(ആക്ഷേപത്തിന് ക്ഷമാപണം) ശ്രീ ചട്ടമ്പിയുടെ അമാനുഷ പ്രഭാവത്തെ അത്രമാത്രം അനുവദിക്കുകയോ അംഗീകരിക്കുകയോ അനുസരിക്കുകയോ ചെയ്തില്ല എന്ന അപരാധത്തിന് അവർ വിധേയരാണ് എന്നാണ് എന്റെ എളിയ അഭിപ്രായം. തന്നിമിത്തം സ്വാമികളെ കൊണ്ട് ആ സമുദായത്തിന് ലഭിച്ച സമുത്കർഷം താരതമ്യേന നിസ്സാരമായിപ്പോയി എന്ന് പറയാതെ തരമില്ല. അദ്ദേഹത്തിന്റെ പാരമ്പര്യത്തിന്റെ പേരിൽ ഒട്ടേറെ സ്ഥാപനങ്ങൾ ഇന്നും നിലനിന്ന് പോരുന്നുണ്ടെങ്കിലും തട്ടിക്കിഴിച്ച് നോക്കുമ്പോൾ നീക്കിയിരുപ്പ് നിസ്സാരം. 'പണ്ഡിതാഗ്രേസരനായിരുന്ന ശ്രീ ശൂരനാട്ട് കുഞ്ഞൻപിള്ള ഇപ്രകാരമാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. 'അനേക നൂറ്റാണ്ടുകളിലെ അനാചാരങ്ങളുടെ അഴുക്കുപറ്റി ഭാരതീയ ജീവിതാദർശം തന്നെ വളരെ മങ്ങി വിലക്ഷണമായിരുന്നു. ആ അഴുക്കുകൾ തുടച്ച് കളഞ്ഞ് മിനുക്കിയാലേ ഭാരതീയരുടെ അഭിമാനം പിന്നെയും പ്രകാശിക്കൂ എന്ന നില വന്നു. കേരളത്തിലെ സ്ഥിതി ഏറ്റവും പരിതാപകരമായിരുന്നു. ഭ്രാന്താലയം എന്ന് വിവേകാനന്ദനെക്കൊണ്ട് പറയിക്കത്തക്കവണ്ണം കേരളീയ ജീവിതം അന്ന് വികലമായിരുന്നു. ഈ ദുസ്ഥിതി കണ്ട് ഉള്ളലിഞ്ഞ

സ്വാമി വിവേകാനന്ദനെത്തന്നെ അത്ഭുതപരതന്ത്രനാക്കാൻ കഴിഞ്ഞ ഒരു മഹായോഗിയായിരുന്നു ചട്ടമ്പിസ്വാമികൾ. ജാതികളേയും ഉപജാതികളേയും അതിലംഘിച്ച് സർവ്വസൗഭ്രാത്രത്തേ സ്ഥാപിച്ച് ഇവിടത്തെ ജീവിതരീതിയെ സംശുദ്ധമാക്കിത്തീർക്കാനായിരുന്നു സ്വാമികളുടെ ജീവിതവ്രതം. കേരളിയ സമുദായങ്ങൾക്ക് പിന്നീട് വന്ന ഉയർച്ചക്കും ശുദ്ധിക്കും മാർഗ്ഗദർശനം നൽകിയ മഹാന്മാരിൽ പ്രഥമഗണനീയൻ ചട്ടമ്പിസ്വാമികൾ തന്നെയായിരുന്നു'.

ചട്ടമ്പിസ്വാമികൾ ആശയരംഗത്തും ശ്രീ നാരായണഗുരുദേവൻ പ്രായോഗിക രംഗത്തും കേരളത്തിൽ നവോത്ഥാനത്തിന് വഴി തുറന്നു. ചട്ടമ്പിസ്വാമികൾ കാവി വസ്ത്രം ധരിക്കാത്ത സന്യാസിയായിരുന്നു. അദ്ദേഹം മഠങ്ങൾ സ്ഥാപിച്ചില്ല. സംഘടന കെട്ടിപ്പടുത്തില്ല. പക്ഷേ ആശയരംഗത്ത് അദ്ദേഹം കൊടുങ്കാറ്റായി മാറി. വാഹനസൗകര്യങ്ങളോ മാധ്യമങ്ങളോ അന്ന് കുറവായിരുന്നു. പക്ഷേ ഈ പ്രതികൂല പരിസ്ഥിതികളിലും തിരുവിതാംകൂറിൽ അങ്ങോളമിങ്ങോളം അദ്ദേഹം സഞ്ചരിച്ച് ബൗദ്ധിക രംഗത്ത് വലിയ മാറ്റത്തിന് തുടക്കം കുറിച്ചു.

ഇന്ന് കേരളത്തിലെ സാമൂഹ്യപരിവർത്തന രംഗത്ത് ചട്ടമ്പിസ്വാമികളുടെ പങ്ക് വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്താണിതിന് കാരണമെന്ന് ചിന്തിച്ചാൽ ശ്രീ പുത്തേഴത്ത് രാമൻ മേനോൻ പറഞ്ഞതാണ് സത്യം എന്ന് നമുക്ക് മനസ്സിലാക്കാം. ചട്ടമ്പിസ്വാമികൾ ജനിച്ച സമുദായം അദ്ദേഹത്തിന്റെ മഹത്വത്തെ മനസ്സിലാക്കാനും ആദരിക്കാനും തയ്യാറായില്ല എന്നതാണ് ആ സത്യം. എന്നാൽ ചട്ടമ്പിസ്വാമികളോട് ഒന്നിച്ച് ചേർത്ത് പരിഗണിക്കപ്പെടേണ്ട ശ്രീ നാരായണ ഗുരുദേവനെ അദ്ദേഹം ജനിച്ച സമുദായം സ്വീകരിക്കുകയും ആദരിക്കുകയും അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തേണ്ട നിരവധി മഹാസ്ഥാപനങ്ങൾ ആരംഭിക്കുകയും ശ്രീനാരായണ ഗുരുദേവന്റെ ചിന്തകളും ദർശനങ്ങളും ജനങ്ങളുടെയിടയിൽ എത്തിക്കുകയും ചെയ്തപ്പോൾ അങ്ങിനെയാതൊരു നീക്കവും നായർ സമുദായത്തിൽ നിന്നുണ്ടായില്ല. നായർ സമുദായത്തിന്റെ ആചാര്യനാക്കാനുള്ള നീക്കങ്ങൾ ചില ഭാഗങ്ങളിൽ നിന്നുണ്ടായപ്പോൾ അദ്ദേഹം അതിന് വശംവദനനായതുമില്ല. സ്വന്തം ശിഷ്യന്മാർ സ്ഥാപിച്ച ആശ്രമത്തിന്റെ മഠാധിപതിയായിരിക്കാൻ പോലും അദ്ദേഹം തയ്യാറായില്ല. ജാതിശ്രേണിയിൽ ബ്രാഹ്മണരോടടുത്ത് നിന്നതിനാൽ ജാതിയുടെ ക്രൂരതകൾ നായർ സമുദായത്തിന് ഈഴവ സമുദായത്തെപ്പോലെ അനുഭവിക്കേണ്ടി വന്നില്ല എന്നതും ഇതിന് ഒരു കാരണമായേക്കാം. നായർ സമുദായത്തിന്റെ പ്രാചീന ചരിത്രത്തെപ്പറ്റി സ്വാമികൾ നടത്തിയ പഠനങ്ങൾ പോലും നായർ സമുദായം ഗൗരവമായി എടുത്തില്ല എന്നതാണ് സത്യം. എന്നാൽ ആരംഭകാലം മുതൽ പ്രമുഖരായ പല ഈഴവ പ്രമാണിമാരും സ്വാമിയോടൊപ്പം ഉണ്ടായിരുന്നു. പോട്ടയിൽ പരമേശ്വരൻ, പെരുനെല്ലി കൃഷ്ണൻ വൈദ്യൻ, വെളുത്തേരി കേശവൻ വൈദ്യൻ . സരസകവി മൂലൂർ തുടങ്ങി ഇവരുടെ സംഖ്യ നീണ്ടതാണ്. കുമാരനാശാനെ തങ്കക്കുടം കുമാരു എന്നാണ് സ്വാമി വിളിച്ചിരുന്നത്. കുമാരനാശാന്റെ മിക്ക കവിതകളും സ്വാമികൾക്ക് കാണാപ്പാഠമായിരുന്നു. (അവസാന കാലത്ത് കുമാരനാശാന് സ്വാമികളോടും പിന്നീട് ശ്രീ നാരായണഗുരുദേവനോടും അകൽച്ച ഉണ്ടായി)

വിദ്യാധിരാജനായ ചട്ടമ്പിസ്വാമികളുടെ സ്മരണ നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്

അവസാനിച്ചു.

*****

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

നിത്യായ:

ന എന്നതിനർത്ഥം നാഗേന്ദ്രഹാരായ എന്നു പറഞ്ഞു നാഗേന്ദ്രൻ ശേഷനാഗമാണ്. നേതി നേതി എന്നുള്ള നിഷേധഹാരത്തിനു ശേഷം ശേഷിക്കുന്നത് ശേഷൻ ത്രിനേത്ര നുമാണ്. ഭൂതം, വർത്തമാനം, ഭാവി എല്ലാം കാണുന്ന ദൃക്ക് മഹേശ്വരനാണ്. പരമേശ്വരൻ സർവ്വസംസാരദാഹനായതിനാൽ ഭസ്മാംഗ രാഗധാരിയാണ്. മഹേശ്വരൻ മാത്രമെ നി ത്യനായിട്ടുള്ളൂ. ബാക്കിയുള്ളവരെയല്ലാം അനിത്യരാണ്. ജഗത്തിൻെറ അനിത്യത പ്ര ത്യക്ഷ സിദ്ധവും അനുമാനിക്കാവുന്നതുമാ ണ്. എല്ലാം അന്ത്യത്തിൽ വിനാശിയെന്നും, എല്ലാം അനിത്യമെന്നും മനസ്സിലാക്കാം.

പുരുഷം തു പരം പ്രാപ്യകാലസംഖ്യ ന വിദ്യതേ പരമശിവനായ മഹേശ്വരനെ പ്രാപിച്ചാൽ പിന്നെ കാലഗണനയില്ല. ആ ഒരേയൊരു മഹേശ്വരൻ മാത്രമാണ് നിത്യൻ. ഏതിനാണോ പ്രാഗ്ഭാവവും ധ്വംസഭാവവും ഇല്ലാത്തത് അതാണ് നിത്യം. സരളമായിപ്പ റഞ്ഞാൽ, ആർക്കാണോ ജനന-മരണങ്ങൾ ഇല്ലാത്തത് അവൻ നിത്യൻ. ശരീരം അനി ത്യമാണ്. മാനസികഭാവവും അനിത്യമാണ്. മഹേശ്വരൻ മാത്രമാണ് വിശ്വാസമർപ്പിക്കാ വുന്ന ഏകസ്ഥാനം. അവിടെ സ്വപരിവർത്ത നവും, ഭാവപരിവർത്തനവുമില്ല. അദ്ദേഹം നിത്യനും ശാശ്വതനുമാണ്. നിത്യമായിട്ടുള്ള താണ് ധർമ്മം. ധർമ്മം നിത്യത്തെ പ്രാദുർ ഭൂതമാക്കുന്നതിനാൽ അതും നിത്യം. ആപേ ക്ഷികനിത്യതയുമുണ്ട്. യഥാർത്ഥ നിത്യത എന്നത് മഹേശ്വരനിൽ മാത്രമാണ്.

എല്ലാത്തിന്റേയും അന്തകൻ കാലന ാണ്. എന്നാൽ ഈ കാലന്റേയും കാലനാ ണ് പരമേശ്വരൻ. അന്തകന്റേയും അന്തകൻ. മാർക്കണ്ഡേയൻ തന്റെ അന്ത്യമടുത്തുവെന്ന് മനസ്സിലാക്കി ഭഗവാൻ ശങ്കരന്റെ പൂജയിലേർ പ്പെട്ടിരിക്കുകയായിരുന്നു. തനിക്കു പതിനാറു വർഷമെ ആയുസ്സുള്ളൂവെന്ന് മാർക്കണ്ഡേയ ന് അറിയാം. ആ സമയം യമരാജൻ അവി ടെ വന്നു. ഭയദീതനായി ബാലകനായ മാർ ക്കണ്ഡേയൻ ശിവലിംഗത്തെ കെട്ടിപ്പിടിച്ചു കിടന്നു കരയാൻ തുടങ്ങി. രക്ഷിക്കണേ എന്നെ രക്ഷിണേ ഇതു കണ്ട് യമരാജൻ തന്റെ പാശം വീശിയെറിഞ്ഞു. കയർക്കുരു ക്ക് ശിവലിംഗത്തോടൊപ്പം ബാലകനേയും കുരുക്കി. യമരാജൻ കയർ വലിക്കാനും തു ടങ്ങി. അപ്പോൾ ശിവലിംഗത്തിൽ നിന്നും ത്രിശൂലധാരിയായ ഉഗ്രകപർദ്ദിയായ ശങ്കരൻ പ്രകടമായി. എന്നേയും പിടിച്ചുകെട്ടാനുള്ള ധാർഷ്ട്യമോ നിനക്ക് എന്ന് അട്ടഹസിച്ചുകൊ ണ്ട് ത്രിശൂലം യമരാജനു നേർക്ക് എറിഞ്ഞു. അന്നുമുതൽ ശങ്കരന് അന്തകാന്തകൻ എന്നു പേരുവീണു. അന്തകാന്തകനെ വെറും അന്ത കനായാ യമരാജന് വധിക്കാൻ കഴിയില്ലല്ലോ. അതിനാൽ മൃത്യുവില്ലാത്തതുകൊണ്ട് പരമ ശിവൻ നിത്യായ എന്ന് പറഞ്ഞിരിക്കുന്നു.

ശുദ്ധായ

നാഗേന്ദ്രഹാരായ തുടങ്ങിയ മൂന്നു വി ശേഷണങ്ങളാൽ മഹേശ്വരത്വം സിദ്ധമായി. മഹേശ്വരൻ ആരോ അദ്ദേഹം നിത്യനുമാണ് എന്നും പറഞ്ഞു. മുൻപറഞ്ഞ രീതിയിൽ സം ഹാരകർത്താവാണ് മഹേശ്വരനെങ്കിൽ മഹേ ശ്വരനെ സംഹരിക്കാൻ മറ്റൊരുവൻ ഉണ്ടാ വാൻ സാദ്ധ്യതയില്ല, അഥവാ ഉണ്ടെങ്കിൽ അതായിരിക്കും മഹേശ്വരൻ. പഞ്ചകൃത്യകാരി യായതുകൊണ്ട് ഈ മഹേശ്വരൻ സൃഷ്ടികർ ത്താവും സംഹാരകനും അനുഗ്രഹാദികൾ ചെയ്യുന്നവനും ആകയാൽ ഈ മഹേശ്വരൻ സ്രഷ്ടാവും രക്ഷകനും സംഹരിക്കുന്നവനു മായിരിക്കും. ഒരു രണ്ടാമൻ ആയി വേറൊരു സൃഷ്ടിസ്ഥിതി സംഹാരകൻ ഇല്ലാത്തതിനാൽ

മഹേശ്വരന്റെ നിത്യത്വം സിദ്ധമാകും. നിത്യതായതുകൊണ്ട് ശുദ്ധൻ അതിനാൽ ശുദ്ധായ എന്ന വിശേഷണവും ഉപപന്നമാകും.

ശുദ്ധായ എന്നതിനർത്ഥം മായാമാലിന്യ രഹിതമായ എന്നാണ്. മായയാൽ ഉളവാക്കപ്പെടുന്ന മാലിന്യം ഉൽപ്പത്തിയും വിനാശവുമുള്ളവനിലാണ് ഉണ്ടാകുന്നത് അവനുമായി നിത്യന് സമ്പർക്കമില്ല. മായാമാലിന്യം ത്രിഗുണവും ത്രിഗുണകാര്യവുമാണ്. ഗുണങ്ങൾ പ്രകൃതിയിലുള്ളതാണ്. ഇതിൽ തമോഗുണം മാലിന്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. തമോഗുണം വർദ്ധിച്ചാൽ ജ്ഞാനപ്രകാശം മന്ദമായിത്തീരും. മറ്റുപ്രകാശത്തിൽ സംശയം, വിപര്യാസം തുടങ്ങിയവ ഉണ്ടായിരിക്കും. സാംസാരിക വസ്തുക്കളിലൂടെയുള്ള സംശയവും വിപര്യാസവും തമോ മാലിന്യമാണ്. മഹേശ്വരനാകട്ടെ വിഷയങ്ങളുടെ കാര്യത്തിൽ സംശയവുമില്ല, വിപര്യാസവുമില്ല. അതായത് ഈ അശുദ്ധി അദ്ദേഹത്തിൽ ഇല്ല. അപ്രവൃത്തിയാണ് മറ്റൊരു മാലിന്യം. മഹേശ്വരന്റെ പ്രവൃത്തിയെ പഞ്ചകൃത്യങ്ങൾ എന്നു പറഞ്ഞിട്ടുണ്ട്. മനുഷ്യനിൽ അപ്രവൃത്തിയുണ്ട്. പ്രമാദം, ആലസ്യം നിദ്ര ഇവയും തമോമാലിന്യങ്ങളാണ്. ധനാഭികൾ മനുഷ്യരുടെ വലിയ മാലിന്യം തന്നെയാണ്. ലോഭം കാരണമായുള്ള ഓട്ടവും അലച്ചിലുമാണ്, ഇവിടെ പ്രവൃത്തി എന്നതിന്റെ അർത്ഥം. ലോഭം കൊണ്ട് ഒരു കർമ്മം തുടങ്ങി അത് മുഴുവനാക്കാതെ വഴിക്കുപേക്ഷിച്ചു പുതിയൊരെണ്ണം തുടങ്ങി ഇതു തമോ മാലിന്യമാണ്.

അശാന്തി തന്നെ അശാന്തി ഇത് രജോമാലിന്യമാണ്. ഈ അശാന്തി അതൃപ്തിയാണ്. ഇത് കഴിക്കാം അതു കഴിക്കാം, എന്നാൽ കഴിക്കാൻ സാധിക്കുന്നില്ല ചാഞ്ചാടുന്ന കുരങ്ങനെപ്പോലെയാണ്. മഹേശ്വരനിൽ ഇപ്പറഞ്ഞ മാലിന്യങ്ങളൊന്നുമില്ല. ലോഭവുമില്ല, ലോഭപ്രയുക്തമായ പ്രവൃത്തികളുമില്ല. അദ്ദേഹം നിത്യശാന്തനാണ്. നിത്യതൃപ്തന് എന്ത് അതൃപ്തി സത്വഗുണം ഒരു മാലിന്യമാണെന്ന് ഒട്ടേറെപ്പേർ കരുതുന്നില്ല. എന്നാൽ അതും മാലിന്യം തന്നെയാണ്. സുഖം സത്യഗുണകാര്യമാണ്

വിഷയസുഖങ്ങൾക്കായുള്ള അഭിലാഷം സത്യഗുണകാര്യമാണ്, അതും മാലിന്യം തന്നെയാണ്. ഗീത അതിനെ സംഗകാരണമായി പറയുന്നു. വിഷയസുഖത്തിന്റെ ഉദരത്തിൽ ദുഖമാണ് നിറച്ചുവെച്ചിരിക്കുന്നത്. വിഷയസുഖം ഒരു ചൊറിച്ചിൽ തന്നെയാണ്. ആദ്യമൊക്കെ ചൊറിയുമ്പോൾ സുഖം തോന്നും, കുറച്ചു കഴിയുമ്പോൾ നീറ്റൽ തുടങ്ങും, തൊറിച്ചിലും കൂടും ഈ പരിണാമത്തെയാണ് ദു:ഖം എന്നറിയപ്പെടുന്നത്. വിഷയസുഖത്തിന്റെ സേവകൊണ്ട് സുഖം ഉത്തരോത്തരം വർദ്ധിച്ച് ദുഖമായിത്തീരുന്നു. ഒരാൾ ഒരു ദിനം ഒരു സിഗരറ്റു വലിച്ചു തുടങ്ങി, പിന്നെ അത് നാല് അഞ്ചെണ്ണമായി. പിന്നെപ്പിന്നെ അയാൾ ഒരു പായ്ക്കറ്റ് സിഗരറ്റ് മുഴുവൻ വലിക്കാൻ തുടങ്ങി, പിന്നെക്കണ്ടത് വലിക്കാൻ അയാൾക്ക് തീപ്പെട്ടിവേണ്ട എന്ന അവസ്ഥയാണ്. ഈ സിഗററ്റ് സുഖത്തെ കുറിച്ച് നാം എന്താണ് മനസ്സിലാക്കേണ്ടത്. സുഖമായതിനാൽ സത്വകാര്യം തന്നെയാണ്. എന്നാൽ അധികമായാൽ അത് സത്വമാലിന്യമാണ്. മഹേശ്വരൻ സ്വാനന്ദതൃപ്തനാകയാൽ വിഷയസുഖങ്ങൾ ആഗ്രഹിക്കുന്നില്ല. ജ്ഞാനവും സത്യകാര്യമാണ്. കാണുക എന്ന പ്രക്രിയയുടെ സത്വകാര്യമാണ്. എന്നാൽ ദിവസവും ടിവിയിലൂടെ അശ്ലീല ദർശനമെന്താണ് അത് ജ്ഞാനമാലിന്യവും സത്വമാലിന്യമാണ്. ഈ വക രജോ-സത്യ-തമോ മാലിന്യങ്ങളുടെ ഗന്ധം പോലും മഹേശ്വരനിൽ ഇല്ല. ശുദ്ധമായ എന്ന വിശേഷണം സാധകന്മാർക്ക് ഒരു സൂചനയാണ്.

ഭേവോ ഭൂത്വം ദേവം യജേത്

സ്വയം ശുദ്ധനായിത്തീർന്ന ശുദ്ധനെ പ്രണമിക്കുക. മാലിന്യങ്ങളൊന്നും സ്പർശിക്കാത്തവനാണ് ശിവൻ. അതിനാൽ ശുദ്ധായ മാലിന്യ രഹിതനായിട്ടു വേണം അദ്ദേഹത്തെ നമസ്ക്കരിക്കാൻ. 'ശുദ്ധ' സൻശുദ്ധായ ശിവായ നമസ്കരോമി 'എന്ന് അന്വയം ഭഗവാന്റെ ഈ വിശേഷണങ്ങൾ ഉപാസക

നിലേക്കും സംഭവിച്ചാൽ ദേവോഭൂത്യാദേവം യജേത്' എന്ന വിധിയനുസരിച്ച് ഭഗവാന്റെ ഉള്ളിലെ ഗുണങ്ങളെ ഉപാസകനിലേയ്ക്കും കൊണ്ടുവരേണ്ടതുണ്ട്.

ദിഗംബരായ

നാഗേന്ദ്രൻ ശേഷന്റെ നാമമാണ്. നമശിവായയിലെ ന യുടെ അർത്ഥം നാഗേന്ദ്രഹാരം എന്നാണ്. എന്തെന്നാൽ 'ന' നിഷേധങ്ങളുടെ ഒരു മാല തന്നെയാണ് ശങ്കരനിൽ ഉള്ളത്. ശേഷനാഗത്തിന്റെ വേറൊരു പേരാണ് അനന്തൻ. അന്തമുള്ളത്, വിനാശമുള്ളത് ഏതെല്ലാമാണോ അവയുടെ നിഷേധമാണ് അനന്തൻ അനാദി എന്നു പറഞ്ഞാൽ പര്യാപ്തമാവില്ല എന്തെന്നാൽ ജീവൻ, ഈശൻ, വിശുദ്ധചിത്തം ഇവയും പരിഗണിതമായയും അനാദിയാണ്. അപ്പോൾ അനാദിത്വം പരമാത്മാവിനു ചേരുന്ന അപൂർവ്വ വിശേഷണമല്ല, അനന്തൻ എന്നതുകൊണ്ട് അതിന്റേയും നിഷേധം സിദ്ധമാകുന്നു അന്ത്യമുള്ള എല്ലാത്തിന്റേയും നിഷേധം എവിടെയോ അതു തന്നെയാണ് ശേഷൻ. സ്വയം വിശുദ്ധജ്ഞാന ദേഹമുള്ളതുകൊണ്ട് ജഗത് സൃഷ്ടി, ജഗത് പാലനം, ജഗത് സംഹാരം എന്നിവയക്കു വേണ്ടിയുള്ള മൂന്നു ലോചനങ്ങൾ മൂന്ന് ഈക്ഷണങ്ങളാണ്.

'ഇദമിദാനിം സുജേയം, പാലയേയം, സംഹരേയം,' എന്ന് ഇഛിച്ച് ഉപദാനഗോചരമായ അപരോക്ഷജ്ഞാനമുണ്ടാകുന്നു. അതിനാൽ ത്രിലോചനനുമാണ്. ഈ മൂന്നിനും ശേഷം ബാധാത്മകജ്ഞാനം ധരിക്കയാൽ ഭസ്മാംഗരാഗനുമാണ്. അതുകൊണ്ടുതന്നെ മഹേശ്വരനുമാണ്. ആദിയും അന്തവുമില്ലാത്തതിനാൽ നിത്യനുമാണ്. മായാഗുണമാലിന്യങ്ങളുടെ സ്പർശമില്ലാത്തതിനാൽ ശുദ്ധനും ആണ്. ഇനിയും അന്തിമവിശേഷണം-ദിഗംബരായ. അംബരം എന്നാൽ വസ്ത്രം. ശങ്കരഭഗവാന്റെ വസ്ത്രം ദിക്കുകളാണ് വസ്ത്രരഹിതനെയാണ് ദിഗംബരൻ എന്നു പറയുന്നത്. മഹാത്മാക്കളായ ദിഗംബര നാഗസന്യാസിമാരുണ്ട്.

ശങ്കരഭഗവാനും അതുപോലെ ദിഗംബരനാ ണ്. ഇനി ഇതിന്റെ അധ്യാത്മക പക്ഷവും നോക്കാം.

വസ അന്വാദനേ എന്നാണ് വസ്ത്രത്തിന്റെ ധാതുപാഠം. ആച്ഛാദനം, ആവരണം എന്നെല്ലാം അർത്ഥം. അപ്പോൾ ദിഗംബരന് അച്ഛാദനരഹിതൻ എന്നർത്ഥം വരും. ദിക്കുകൾ തന്നെ വസ്ത്രം. അതായത് വസ്ത്രരഹിതൻ എന്നർത്ഥം. മായക്ക് രണ്ടു ശക്തികളുണ്ട് എന്നാണ് മാനിക്കുന്നത്. ഒന്ന് ആവരണ ശക്തി, രണ്ട് വിക്ഷേപശക്തി. രജ്ജു സർപ്പം ഉദാഹരണം. മന്ദ അന്ധകാരത്തിൽ (മങ്ങിയ ഇരുട്ടിൽ) വഴിയിൽ കയറുകിടക്കുന്നു. ആദ്യം ആ കയറിന്റേതായ സ്വരൂപാവരണം ഉണ്ട്, ഇത് കയർ എന്ന ബോധം ഉണ്ടാകുന്നില്ല. അതായത് മനസ്സിൽ ഒരാവരണമുണ്ടായി. അപ്പോൾ അവിടെ വിക്ഷേപശക്തി സർപ്പത്തെ സൃഷ്ടിച്ചു. കയറാണെന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ അവിടെ സർപ്പത്തെ കാണില്ലായിരുന്നു. രജ്ജു (കയറിന്റെ) സ്വരൂപം തന്നെ ആദ്യം ആവൃതമായി എന്ന് മാനിക്കണം. ഇപ്രകാരമാണ് ബ്രഹ്മസ്വരൂപം ആവരണശക്തിയാൽ മറയ്ക്കപ്പെടുന്നതും പിന്നീട് അതിൽ വിക്ഷേപശക്തിയാൽ ജഗത്ത് (സംസാരം) ജനിക്കുന്നതും പക്ഷെ മഹേശ്വരൻ ദിഗംബരനും ആവരണ രഹിതനുമാണെന്ന് പറയുന്നുണ്ട്.

ഭഗവാൻ ശങ്കരന് അഷ്ടമൂർത്തി എന്ന് പേരുണ്ട്. അഭിധാന ചിന്താമണി കോശത്തിൽ പര്യായം പറയുന്ന. 'മൃത്യുഞ്ജയ പഞ്ചമുഖോഷ്ടമൂർത്തി ശ്മശാനവേശ്മ ഗിരിശോ ഗിരീശം എട്ടു ശരീരമുള്ളവൻ അഷ്ടതനു ശങ്കരൻ എട്ടു ശരീരങ്ങൾ ഏതെല്ലാം.

സൂര്യൻ ശങ്കരന്റെ ശരീരമാണ്. സോമൻ -ചന്ദ്രൻ ശങ്കരന്റെ രണ്ടാമത്തെ ശരീരമാണ്. വായു ശങ്കരന്റെ മൂന്നാമത്തെ ശരീരമാണ്. ഹുതവഹൻ (അഗ്നി) ശങ്കരന്റെ നാലാമത്തെ ശരീരമാണ്. ആപഃ (ജലം) ശങ്കരനെ അഞ്ചാമത്തെ ശരീരമാണ്. വ്യോമ-ആകാശ ശങ്കരന്റെ ആറാമത്തെ ശരീരമാണ്. ധരണി-പൃഥി ശങ്കരന്റെ സപ്തശരീരമാണ്. എല്ലാത്തിലുമുള്ള ആത്മാവ് ശങ്കരന്റെ എട്ടാമത്തെ ശരീരമാണ്.

'പ്രത്യക്ഷാഭി പ്രപന്ന സ്തനുഭിരവതു വസ്താഭിരഷ്ടാഭിരീശം.'

ഈ എട്ട് ശരീരങ്ങളോടുകൂടിയ ഭഗവാൻ ശങ്കരൻ നമ്മളെ രക്ഷിക്കട്ടെ. അങ്ങനെ ഇദ്ദേഹത്താൽ നാം ജീവിക്കുന്നു. ശങ്കരന് പ്രതി ഭക്തിയുണ്ടായാൽ അദ്ദേഹം തന്നെ നമ്മുടെ കാമന പൂർത്തീകരിക്കും. ദിനം പ്രതി ഒരു പ്രാവശ്യമെങ്കിലും ഇവയെ ഭക്തിപൂർവ്വകമായി ശങ്കരരൂപമായി കണ്ടാൽ നമുക്ക് ആധ്യാത്മിക ഉന്നതി കൈവരും.

ചെറിയൊരു മേഘശകലം വന്നാൽ സൂര്യൻ മറയ്ക്കപ്പെട്ടതായിത്തോന്നും. എന്നാൽ സൂര്യൻ മറയ്ക്കപ്പെട്ടില്ല എന്നതാണ് വസ്തുത. അത് നമ്മുടെ കണ്ണുകളുടെ കുഴപ്പം കൊണ്ടു തോന്നുന്നതാണ്. മേഘശകലത്തേക്കാൾ കണ്ണുകൾ ചെറുതായതുകൊണ്ട് സൂര്യൻ മറയ്ക്കപ്പെട്ടു. പ്രകാശഹീനനായി എന്ന് മൂഢൻ വിചാരിക്കും. ഇങ്ങനെയാണ് മൂഢബുദ്ധികൾ പരമാത്മാവിനേയും മറയ്ക്കപ്പെട്ടവനായി കാണുന്നത്. ഒരുവൻ നഗ്നനായി നടക്കുന്നു. അതു കണ്ടു നാം കണ്ണു പൊ ത്തുമ്പോൾ കണ്ണുകൾ മറയ്ക്കപ്പെട്ടുവോ അതോ നഗ്നത മറയ്ക്കപ്പെട്ടുവോ? അജ്ഞാനാവരണത്താൽ നമുക്കു ബ്രഹ്മദർശനം കിട്ടുന്നില്ല. പരമാത്മാവ് നിത്യോപലബ്ധി സ്വരൂപനാണ്. നിത്യബോധസ്വരൂപനാണ്. ദിഗംബരായ എന്നതുകൊണ്ട് സൂചിപ്പിക്കുന്നു.

ദ്വിതീയ ശ്ലോകം

മന്ദാകിനീസലിലചന്ദന ചർച്ചിതായ
നന്ദീശ്വരപ്രഥമനാഥ മഹേശ്വരായ
മന്ദാര പുഷ്പബഹുപുഷ്പസുപൂജിതായ
തസ്മൈ മകാരായ നമശ്ശിവായ

മന്ത്രത്തിലെ ഓരോരോ അക്ഷരവും ഭഗവാന്റെ തത്ത്വസ്വരൂപത്തോടുകൂടി പൂർണ്ണ ഭഗവാനെ വർണ്ണിക്കുന്നതാണ്. ന കാരത്തിന്റെ അർത്ഥം നാഗേന്ദ്രഹാരഗുണവിശിഷ്ടനായ ശിവൻ എന്നതു പോലെ മ കാരത്തിന്റെ അർത്ഥം മന്ദാകിനി സലിലചന്ദനതർച്ചിതാദി ഗുണവിശിഷ്ടനായ ശിവൻ എന്നാണ്. ഇതുപോലെ തന്നെ ശ കാരാദി അക്ഷരങ്ങളുടേയും അർത്ഥം ശിവൻ എന്നു തന്നെയാണ്. അതിനാൽ പുനരുക്തിയുണ്ടാകുന്നതിന്റേയും സാദ്ധ്യതയില്ലാതാകുന്നു. എന്തെന്നാൽ ഭിന്ന ഭിന്ന ഗുണ വിശേഷങ്ങളുള്ള ശിവന്റെ ബോദ്ധ്യത്തിനായാണ് വ്യത്യസ്ത അക്ഷരങ്ങൾ നകാരത്തിനർത്ഥം നാഗേന്ദ്രഹാരധാരിയും സർവ്വനിഷേധശേഷസ്വരൂപധാരിയും ഭൂതവർത്തമാനഭവിഷ്യദർശിയും ഭസ്മ രൂക്ഷിതനും സംസാരം ദഹിച്ചതിനു ശേഷമുള്ള സാരയുക്ത നിത്യയുക്ത നിരാവരണനുമായ മഹേശ്വര ശിവൻ എന്നാണ്. ആ ശിവനെ പ്രണമിക്കു.

ഇനി ആചാര്യൻ മന്ദാകിനി ഇത്യാദിയാൽ രണ്ടാമത്തെ അക്ഷരവ്യാഖ്യാനം തുടങ്ങുന്നു. മന്ദാകിനീ സലില ധൃഷ്ടം ചന്ദനം മന്ദാകിനി സലില ചന്ദനം എന്നത് മധ്യമ പദലോപിയായ പദസമുന്വയം എന്ന് മനസ്സിലാക്കേണ്ടതാണ്. 'മന്ദം അകതി കിടുലം ഗഛതീതി മന്ദാകിനീ' എന്ന് വ്യുൽപത്തി.

മന്ദാകിനിയെന്ന് ആകാശ ഗംഗയെയാണ് പറയുന്നത്. ആകാശഗംഗയെന്നാൽ അകാശത്ത് കാണപ്പെടുന്ന നക്ഷത്ര സമൂഹമാണ്. അതല്ലെങ്കിൽ മുന്നിലും പിന്നിലുമായി അതിവിശാലവും ദീർഘാകായാകൃതിയുള്ളതുമായ ആ വിശാലജലാശയമാണ് വിയദ്ഗംഗ വാപീ തു ദീർഘിക തടാകം തന്നെ ദീർഘികയാണ്. (നീണ്ടു കിടക്കുന്നതാണ്). ദേവതകളുടെ തടാകം സുരദീർഘികയാണ്. അതിൽ ജലം മന്ദംമന്ദം കുടില ഗമനം നടത്തുന്നു അതിനാൽ മന്ദാകിനി എന്നു പേരു വന്നു. ദീർഘികാ എന്നതിന് ഇവിടെ വാപി എന്നർത്ഥം. വാപീതു ദീർഘിക വാപി എന്നാൽ തടാകമാണ്. അവിടെ തന്നെ നിന്നു കറങ്ങും,ം മറ്റൊരിടത്തേക്ക് ഒഴുകി പോകില്ല. ദേവന്മാർ അതിന്റെ ഉപഭോഗം ചെയ്യുന്നുണ്ട്. കൽപാന്തകാലത്തോളം നിലനിന്ന് കല്പാന്തത്തിൽ വറ്റുമായിരിക്കും. കലിയുടെ അന്തിമചരണത്തിൽ ഭൂമിയിലെ തടാകങ്ങൾ വറ്റാൻ തുടങ്ങും. അങ്ങനെയെങ്കിൽ കല്പാന്തത്തിൽ മുഴുവൻ വറ്റിപ്പോകുമായിരിക്കും.

*തുടരും*

*****

# ആഗോളതാപനവും കാലാവസ്ഥാ ഉച്ചകോടികളും

എൻ. രാജശേഖരൻ – 9895550719

അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അഭൂതപൂർവ്വമായ അളവ് കുറച്ച് തീവ്രകാലാവസ്ഥാ വ്യതിയാനങ്ങൾക്ക് കടിഞ്ഞാണിടുക എന്ന ലക്ഷ്യത്തോടെയാണ്, 1992-ൽ യൂണൈറ്റഡ്നേഷൻസ് ഫ്രെയിംവർക്ക് കൺവൻഷൻ ഓൺക്ലൈമറ്റ് ചേഞ്ച് (United Nations Frame work convention on climate change, UNFCC) രൂപീകൃതമായത്. 1992-ലെ ഭൗമ ഉച്ചകോടിയുടെ ഭാഗമായി പരിസ്ഥിതിയുമായി ബന്ധപ്പെട്ട മൂന്ന് ഉടമ്പടികളാണ് അംഗീകരിക്കപ്പെട്ടത്. അതിൽ ഒരു ഉടമ്പടിയാണ് മുകളിൽ കാണിച്ച ഫ്റെയിം വർക്ക് കൺവൻഷൻ. 198 രാജ്യങ്ങൾ ഒപ്പ് വച്ച ഉടമ്പടി 1994, മാർച്ച് 21ന് നിലവിൽ വന്നു. പരിസ്ഥിതി പ്രശ്നങ്ങളിൽ മനുഷ്യന്റെ അപകടകരമായ ഇടപെടലുകൾ തടയുക എന്നതാണ് UNFCC യുടെ ലക്ഷ്യം.

1994 മാർച്ച് 21ന് നിലവിൽ വന്നതും 198 രാജ്യങ്ങൾ ഒപ്പ് വച്ച് അംഗീകരിച്ചതുമായ ഈ ഉടമ്പടിയിൽ രാജ്യങ്ങളെ നാല് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

അനക്സ് – 1 പാർട്ടികൾ, അനെക്സ് 2 പാർട്ടികൾ നോൺ അമെക്സ് പാർട്ടികൾ എന്നിവയാണ് മൂന്ന് ഗ്രൂപ്പുകൾ.

നോൺ അനെക്സ് പാർട്ടികളിൽ കൂടുതലായും വികസ്വര രാജ്യങ്ങളാണ്. ഇവയെല്ലാം തന്നെ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതങ്ങൾ ഏറ്റ് വാങ്ങേണ്ടിവരുന്ന രാജ്യങ്ങളാണ്. താഴ്ന്ന തീരപ്രദേശത്ത് താമസിക്കുന്നവരും, വരൾച്ച, മരുവൽക്കരണം എന്നിവക്ക് സാധ്യതയുള്ള രാജ്യങ്ങൾ നോൺ അനെക്സ്പാർട്ടികളിൽ ഉൾപ്പെടുന്നു.

ഇവ കൂടാതെ തീരെ അവികസിതമായ രാജ്യങ്ങളുമുണ്ട്. ഈ രാജ്യങ്ങൾക്ക് കാലാവസ്ഥാ മാറ്റങ്ങൾ മൂലം സംഭവിക്കുന്ന പ്രതികൂല ഫലങ്ങളെ തങ്ങളുടെ പരിമിതമായ കഴിവ്കൊണ്ട് നേരിടാൻ കഴിയുന്നില്ല. ഇത്തരത്തിലുള്ള 49 രാജ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ഫണ്ടിംഗ്, സാങ്കതിക കൈമാറ്റ പ്രവർത്തനങ്ങൾ എന്നിവയുടെ സമയത്ത് എൽഡിസികളുടെ സാഹചര്യം കണക്കിലെടുത്ത് സഹായം നൽകാൻ മറ്റ് രാജ്യങ്ങളോട് അപേക്ഷിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ രാജ്യങ്ങളുടെ കോൺഫറൻസ് ആണ് വർഷംതോറും നടത്തിവരുന്ന COP ഇത്തവണത്ത കോൺഫറൻസാണ് നവംബർ 30 മുതൽ ഡിസംബർ 13 വരെ UAE ൽ നടന്നത്. (COP-28).

UNFCC -യിലെ രാജ്യങ്ങൾ ഹരിതഗൃഹവാതകങ്ങളുടെ കണക്കെടുപ്പ് സമയാസമയങ്ങളിൽ നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുണ്ട്. ഇതിൽ കാർബൺ ഡൈ ഓക്സൈഡ് (CO2). മീതയിൽ (CH4)., നൈട്രസ് ഓകൈസ്ഡ് (N2O). ഹൈഡ്രോഫ്ലൂറോ കാർബണുകൾ (HFCS)., പർഫ്രൂറോ കാർബണുകൾ (PFCS). സൾഫർ ഹെക്സാഫ്ലൂറൈഡ് (SF6). എന്നിവയുടെ വിവരങ്ങളും റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കണം. കൂടാതെ ഹരിതഗൃഹവാതകങ്ങളുടെ (GHG). ബഹിർഗമനത്തിന്റെ വിവരശേഖരണവും, അവ ഏതെല്ലാം മാർഗ്ഗങ്ങൾ വഴി നീക്കം ചെയ്തു എന്നതിന്റെ അവലോകനവും റിപ്പോർട്ടിൽ ഉണ്ടായിരിക്കണം.

ആഗോളതാപനത്തിൻെറ അനിയന്ത്രിതമായ ഉയർച്ചത്തോത് 1.5 ഡിഗ്രി സെൽഷ്യ

സായി നിയന്ത്രിണിച്ച് നിർത്തുന്നതിന് ഓരോ രാജ്യങ്ങളും അവലംബിച്ച നടപടികളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതുണ്ട്. അങ്ങ നെയുള്ള വിലയിരുത്തലിൽ, ആവശ്യമായ മാററങ്ങൾ അടിയന്തിരമായി കൈക്കൊള്ളു ന്നതിന് നിർദ്ദേശിക്കപ്പെടേണ്ടതും ഉച്ചകോടി യുടെ കടമയാണ്.

**പാരീസ് ഉച്ചകോടി**

2015ൽ പാരീസിൽ നടന്ന 21-ാമത് ഉച്ചകോ ടിയാണ് പരമപ്രാധാന്യമുള്ളത്. നേരത്തേ നട ന്ന ഇരുപത് ഉച്ചകോടികളും വെറും പ്രഹസ നങ്ങൾ മാത്രമായിരുന്നു.

ആഗോളതാപനം എന്ന പ്രതിഭാസം ഒരു യാഥാർത്ഥ്യമാണെന്നും ഓരോ രാജ്യവും ഭാവിയിൽ ഏറെ താമസിയാതെ തന്നെ ഈ യാഥാർത്ഥ്യം അനുഭവിക്കേണ്ടിവരാൻ നിർ ബന്ധിതരാകുമെന്നും മനസ്സിലാക്കിയത് ഈ സമ്മേളനത്തിലാണ്.

വളരെയേറെ തയ്യാറെടുപ്പുകളോടെ സമ്മേ ളിച്ച ഈ ഉച്ചകോടിയിൽ രണ്ട് തരം രേഖക ളാണ് സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ തയ്യാറാക്കിയിരുന്നത്. ഈ രേഖകളാകട്ടെ എണ്ണൂറിലേറെ വിദഗ്ധരാണ് തയ്യാറാക്കിയ ത്. സമ്മേളനത്തിൽ അവതരിപ്പിച്ച ഒരു രേഖ എണ്ണൂറിലേറെ വിദഗ്ധർ തയ്യാറാക്കിയ 5-ാം അവലോകന രേഖയായിരുന്നു. ഇന്റൻസഡ് ഇന്റർ നാഷണൽ ഡിറ്റർമിൻഡ് കോൺട്രിബ്യൂ ഡൻസ് എന്നരേഖയായിരുന്നു രണ്ടാമത്തെ രേഖ. രാമത്തെ രേഖ അംഗരാജജ്യങ്ങൾ തന്ന ത്താൻ തയ്യാറാക്കിയതും കാർബൺ ബഹിർഗ്ഗ മനനം കുറക്കുന്നതിന് അവർക്ക് എന്തെല്ലാം നടപടികൾ കൈക്കൊള്ളാമെന്ന് പ്രഖ്യാ പിക്കുന്നതുമായിരുന്നു. ആഗോളതാപനം ഒരു യാഥാർത്ഥ്യമാണെന്നും ഈ പ്രതിഭാസം ഒരോ രാജ്യവും ഭാവിയിൽ അനുഭവിക്കേണ്ടി വരുമെന്നും മനസ്സിലാക്കിയത് ഈ സമ്മേളന ത്തിലാണ്. കാലാവസ്ഥാ പ്രതിസന്ധിയുടെ തീവ്രത അനുദിനമെന്നോണം കൂടി വരുകയാ ണെനന്നും റിപ്പോർട്ടിൽ എടുത്തു പറഞ്ഞി രുന്നു.

കാർബൺ ബഹിർഗ്ഗമനം 2005ൽ നിന്നും 2030 ആകുമ്പോൾ 30-35 ശതമാനം വരെ കുറക്കാമെന്നാണ് ഇന്ത്യ ബോധിപ്പിച്ചിട്ടുള്ള ത്. വിപുലമായ തോതിൽ വനവത്കരണം നടപ്പാക്കിയും, മരങ്ങൾ വച്ച് പിടിപ്പിച്ചും ഹരി തസാങ്കേതിക വിദ്യ നവീകരിക്കുകയും ചെ യ്ത് ലക്ഷ്യം കൈവരിക്കാമെന്ന് ഇന്ത്യ പ്രതീ ക്ഷിക്കുന്നനു.

**ഗ്ലാസ്ഗോ ഉച്ചകോടി**

2021ൽ യു.കെ.യിലെ ഗ്ലാസഗോയിൽ ന ടന്ന ഇരുപത്താറാം ഉച്ചകോടിയിലാകട്ടെ കാ ലാവസ്ഥാമാറ്റങ്ങൾ മൂലം ഇതിനകം ഭീഷ ണയിലായ പ്രദേശങ്ങളുടെ സംരക്ഷണമാ ണ് പ്രധാനമായും ചർച്ച ചെയ്തതു. ഇതിന് വേണ്ടിയുള്ള ഫണ്ട് സമാഹരിക്കയും, ആഗോ ളതാപനത്തിനെതിരെ ലോക രാഷ്ട്രങ്ങളെ ഒരുമിപ്പിച്ച് നിർത്തുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ.

അന്തരീക്ഷ താപനം 1.5 ഡിഗ്രിയിൽ ഉയ രാതെ നിർത്തുന്നതിലേക്ക് താഴെ പറയുന്ന തീരുമാനങ്ങളാണ് എടുത്തത്.

1. കൽക്കരി ഉപയോഗം കുറയ്ക്കുക.
2. ഹരിത ഗൃഹവാതകങ്ങളുടെ പുറം തള്ളൽ കുറക്കാൻ ആഗിരണ സംവിധാനങ്ങൽ വർദ്ധിപ്പിച്ച് കൊണ്ട് 2050 നകം നെറ്റസീറോ എന്ന ലക്ഷ്യം കൈവരിക്കുക.
3. ദരിദ്രരാജ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.

**ഗ്ലാസ്ഗോ ഉച്ചകോടിയിൽ ഇന്ത്യ നടത്തിയ പ്രഖ്യാപനങ്ങൾ നോക്കാം.**

1. ഫോസിൽ ഇന്ധനങ്ങൾക്ക് പകരമായുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നി

ന്നുള്ള ഊർജ്ജ ശേഷി 2030 വർഷമാകുമ്പോഴേക്കും 500 ഗിഗാവാട്ടാകും.

3. ഇന്ത്യയുടെ കാർബൺ ബഹിർഗമനം 2030 ആകുമ്പോഴേക്കും 100 കോടി ടൺ കുറയ്ക്കുന്നതാണ്.

4. കാർബൺ ഇന്ധനം കൊണ്ടുള്ള വികസന പ്രക്രിയകൾ 45 ശതമാനത്തിന് താഴെയാക്കി കുറയ്ക്കും.

5. നെറ്റ്സീറോ എന്ന UNFCC യുടെ ലക്ഷ്യം 2070നകം ഇന്ത്യ കൈവരിക്കും.

**ഈജിപ്ത് ഉച്ചകോടി**

ഈജിപ്ത് ഉച്ചകോടി നടന്നത് 2022 വർഷത്തിലാണ്. കാലാവസ്ഥാ മാറ്റങ്ങളെ തുടർന്നുള്ള ദുരിതങ്ങളിൽ നിന്ന് രക്ഷ നേടാൻ വികസ്വര രാജ്യങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ചത് ഈജിപ്ത് ഉച്ചകോടിയുടെ സുപ്രധാന തീരുമാനമാണ്. ഈജിപ്ത് ഉച്ചകോടിയിൽ നേരത്തേ നടന്ന ഉച്ചകോടിയിൽ എടുത്ത തീരുമാനങ്ങൾ, എങ്ങനെ ഫലപ്രദവും, കാര്യക്ഷമവുമായി നടപ്പിലാക്കാമെന്നുള്ള ചർച്ചയാണ് പിന്നീട് നടന്നത്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം എങ്ങനെ കുറക്കാൻ കഴിയുന്ന സാങ്കേതികത കൈവരിക്കാനുള്ള സാമ്പത്തിക സഹായം നൽകാനുള്ള തീരുമാനമാണ് മുമ്പുള്ള ഉച്ചകോടിയിൽ എടുത്തിരുന്നതെങ്കിൽ ഇത്തവണ കാലാവസ്ഥാ മാറ്റങ്ങളെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് കൂടി സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചത് ഏറെ പ്രാധാന്യമുള്ള തീരുമാനം തന്നെ.

*(തുടരും)*

*****

## വിഘ്നേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം



എറണാകുളം കരയോഗം വിഘ്നേശ്വരക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 5 മണിക്ക് അഷ്ടദ്രവ്യഗണപതിഹോമം ഉണ്ടായിരിക്കും. ഇതോടനുബന്ധിച്ച് എറണാകുളം ശിവക്ഷേത്രത്തിൽ ആയിരത്തൊന്നു കുടം ധാരയും, കരിക്കഭിഷേകവും വഴിപാടായി നടത്തുന്നതായിരിക്കും.

*എല്ലാ ഭക്തജനങ്ങളേയും സ്വാഗതം ചെയ്യുന്നു.*

എറണാകുളം കരയോഗം

# പി.എസ്. ഗോപിനാഥൻ നായർ 16–ാമത് പരിസ്ഥിതി അവാർഡ് പ്രഖ്യാപിച്ചു

**2024 ഏപ്രിൽ 22 ന് തിങ്കളാഴ്ച ഭൗമദിനത്തിൽ വൈകുന്നേരം 6.00 ന്**

16–ാമത് 'എറണാകുളം കരയോഗം പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്' ദാനവും ഭൗമദിനാചരണവും ടി.ഡി.എം. ഹാളിൽ ഏപ്രിൽ 22 തിങ്കളാഴ്ച വൈകുന്നേരം 6 മണിക്ക് കൂടുന്ന പൊതു ചടങ്ങിൽ വച്ച് നടത്തപ്പെടുന്നു. ഈ വർഷത്തെ അവാർഡിന് അർഹരായിട്ടുള്ളത് അട്ടപ്പാടിയിലെ ഫാം പ്രൊഡ്യൂസേഴ്സ് ട്രൈബൽ എന്ന സ്ഥാപനമാണ്. മില്ലറ്റ് (ചെറുധാന്യങ്ങൾ) ഉത്പാദിപ്പിക്കുന്നവരുടെ ഒരു കൂട്ടായ്മയാണ് ഈ സംഘടന.

ഈ വർഷം പ്രോത്സാഹനമെന്ന നിലയിൽ ഒരു പ്രത്യേക ജൂറി അവാർഡും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളത്തെ പനങ്ങാട് ഹൈവേയുടെ ഇരുവശങ്ങളിലും ഫലവൃക്ഷങ്ങൾ നട്ട് പരിപാലിക്കുന്ന ശ്രീ. കെ. എം. രാജു പുതിയേടത്തിനെയാണ് മൊമെന്റോ നൽകി ആദരിക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്നത്.

ബഹു. കേരള ഹൈക്കോടതി ജഡ്ജി ശ്രീ. ഹരിശങ്കർ വി മേനോൻ അവാർഡ് നൽകുന്നതാണ്.

പ്രസ്തുത ചടങ്ങിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

എന്ന്

പി.രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 മാർച്ച് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | സുജാതാനായർ, മുല്ലോത്ത്, 3 C, സ്കൈലൈൻ, ഇ എസ് ഐ റോഡ് | 15,000/- |
| 2. | ലളിത. എ.പി., മാധവം, സന്നിധി ലെയിൻ, രവിപുരം, കൊച്ചി - 16 | 10,000/- |

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# *ദൃക്ക്ദൃശ്യ വിവേകം*( *11* )

സി. നാരായണൻ- 9819456012

**ഈ** ഗ്രന്ഥത്തിന്റെ ഒന്നാമത്തെ ശ്ലോക ത്തിൽത്തന്നെ അദ്വൈതവേദാന്തത്തിലെ പര മതത്വത്തെ 'സാക്ഷീ, ദൃഗേവ ന തു ദൃശ്യതേ' എന്നിങ്ങനെ അഞ്ചു വാക്കുകളിൽ ഒതു ക്കിയിട്ടുണ്ട്. അതായത്, സാക്ഷി എന്ന സത്ത ഒരിക്കലും ഒരു മാറ്റവും സംഭവി ക്കാത്ത ദ്രഷ്ടാവെന്ന ചൈതന്യമാണ്. ജഗത്തിലെ ദൃശ്യ ങ്ങളായ വസ്തുക്കളുവട്ടെ സ്ഥൂലങ്ങ ളായാലും സൂക്ഷ്മങ്ങളായാലും അനുനിമി ഷം മാറിക്കൊണ്ടിരിക്കുന്നവയാണ്. മാറ്റങ്ങളെ അറിയണമെങ്കിൽ അവയെ അറിയുന്ന തത്ത്വ ത്തിന് മാറ്റം സംഭവിക്കരുതെന്ന് സാമാന്യബു ദ്ധിയാണ്. ഞാൻ എന്നാൽ സാക്ഷി എന്ന തത്ത്വമായേ മതിയാകൂ എന്നറിയാൻ ശാ സ്ത്രം പഠിക്കേണ്ടതില്ലല്ലോ. അപ്പോൾ ഈ ഗ്രന്ഥം ഉദ്ബോധിപ്പിക്കുന്നത്, ഞാനെന്നാൽ സത്യത്തിൽ അക്ഷരമായ ചൈതന്യമാണ്. എന്നിൽ ഒരു മാറ്റവും സാദ്ധ്യമല്ല. അങ്ങനെ, ചൈതന്യവും ഒരിക്കലും മാറ്റമില്ലാത്തതും അക്കാരണത്താൽ അനന്തമായതുമായ ഒരു തത്വമേയുള്ളൂ. അത് ബ്രഹ്മമാണ്. അതായത് ഞാൻ ബ്രഹ്മമാണ് എന്ന 'അഹം ബ്രഹ്മാസ്മി' തന്നെയാണ് ആചാര്യർ ഈ വരിയിലൂടെ ബോധിപ്പിക്കുന്നത്.

പക്ഷേ, ബ്രഹ്മം ഏകവും അദ്വതീയവു മാണെന്നു ശ്രുതിയിൽ പറയുന്നുണ്ട്.

ബ്രഹ്മം നിത്യപൂർണ്ണമാണ്. അതിൽ ആഗ്രഹങ്ങളോ ഭോഗേച്ഛയോയില്ല. ചൈത ന്യ മല്ലാത്തതായ തത്ത്വം ജഡമാണ്. അതി നും ഭോഗം സാദ്ധ്യമല്ല. ബ്രഹ്മം ഒഴിച്ച് മറ്റൊ രു ചൈതന്യതത്വം ഇല്ലാത്തതിനാൽ, നാം കാണുന്ന ഈ സൃഷ്ടി ആരുടെ ഭോഗത്തിനു വേണ്ടി ആര് സൃഷ്ടിച്ചു എന്ന ചോദ്യത്തിന് മറുപടിയായി, സൃഷിടി മായാശക്തിയാൽ ഉ ണ്ടായതു പോലെ തോന്നപ്പെടുന്ന ഒന്നാണെ ന്നേ പറയാനാവൂ. ഈ ഗ്രന്ഥത്തിലെ 13-ാമത്തെ ഈ ശ്ലോകത്തിൽ പറയു ന്നത് അതു തന്നെയാണ്. ബ്രഹ്മത്തിൽ അതി നിഗൂഢവും പൂർണ്ണ രഹസ്യസ്വഭാവവു മുള്ള ഒരു ശക്തി ഒളിഞ്ഞിരിപ്പുണ്ട്. അത് ബ്രഹ്മത്തിന്റെ അനന്തത, ആനന്ദം മുത ലായ ധർമ്മങ്ങളെ മറച്ചുകൊണ്ട്, വിപരീ തധർമ്മങ്ങളെ പ്രദർശിപ്പിക്കും. അതായത് ബ്രഹ്മമായ ഞാൻ ദുഃഖിയാണെന്നും മര ണമുള്ളവനാണെന്നുമൊക്കെയുള്ള ഭ്രാന്തി സൃഷ്ടിക്കും. ഈ മായക്ക്, പ്രകൃതി, അവിദ്യ എന്നൊക്കെയുള്ള പേരുകളുണ്ട്.

നമുക്ക് ആ ശ്ലോകമെന്തെന്നു നോക്കാം

ശക്തിദ്വയം ഹി മായയാ<br>
വിക്ഷേപാവൃതി രൂപകം<br>
വിക്ഷേപശക്തിർലിംഗാ<br>
ബ്രഹ്മാണ്ഡാന്തം<br>
ജഗത്സൃജേത് ( 13 )

മായയാ = മായയുടെ

വിക്ഷേപാവൃതി രൂപകം

ശക്തിദ്വയം =

വിക്ഷേപം ആവരണം എന്ന രണ്ടു സാമർത്ഥ്യങ്ങളണ്.

വിക്ഷേപശക്തി ലിംഗാദി = അതിൽ വിക്ഷേപശക്തി

ലിംഗദേഹത്തേയും

ബ്രഹ്മാണ്ഡാന്തം ജഗത് സൃജേത് = സർവ്വജഗത്തിനേയും സൃഷ്ടിക്കുന്നു

( മായക്ക് , വിക്ഷേപശക്തി , ആവരണശക്തി എന്നീ രണ്ടു തരം സാമർത്ഥ്യങ്ങളുണ്ടെന്ന് ശ്രു തിയിൽ പ്രസിദ്ധമാണ്. മായയുടെ വിക്ഷേപ ശക്തിയാണ് ലിംഗദേഹത്തേയും ജഗത്തിനേ യും സൃഷ്ടിക്കുന്നത്. )

മായയെന്നാൽ ഈശ്വരന്റെ ഒരു അത്ഭുതക

രമായ ഒരു ശക്തിയാണ്. വേദാന്തശാസ്ത്രത്തെക്കുറിച്ച് വെറും ഉപരിപ്ലവമായ ജ്ഞാനം മാത്രമുള്ളവർ, ശ്രീ ശങ്കരാചാര്യസ്വാമികൾ കണ്ടു പിടിച്ച ഒരു സിദ്ധാന്തമാണ് മായ എന്നു വിശ്വസിക്കുന്നു. പക്ഷേ ആ ധാരണ ശരിയല്ല. മായയെക്കുറിച്ച് ആയിരക്കണക്കിനു വർഷങ്ങൾ മുൻപേ തന്നെ ഉപനിഷത്തുകളിൽ പ്രതിപാദ്യമുണ്ട്. ശ്വേതാശ്വരതരോപനിഷത്തിലും ഉത്തര താപനീയോപനിഷത്തിലും മായയെക്കുറിച്ച് വ്യക്തമായ പ്രസ്താവനകളുണ്ട്.

അദ്വൈതവേദാന്തത്തിന്റെ പ്രാഥമിക സിദ്ധാന്തം ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ലെന്നാണ്. ബ്രഹ്മമാകട്ടെ ഒരു മാറ്റവുമില്ലാത്ത ആനന്ദവും. അപ്പോൾ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ദുഃഖരൂപവുമായ ജഗത്തെവിടെ നിന്നുണ്ടായി? അതിനുത്തരമാണ് മായ. മായ ബ്രഹ്മത്തിന്റെ അദ്വൈതമായ സ്ഥാനത്തിനോ , അവികാരിതയ്ക്കൊ കോട്ടം തട്ടാതെ സൃഷ്ടി നടത്തുന്നു. കാരണം , മായയുടെ മറ്റൊരു പേരായ അവിദ്യയുടെ വ്യുൽപത്തി തന്നെ

'വസ്തുതഃ ന വിദ്യതേ'

( ശരിക്കും ഇല്ലാത്തത്) എന്നാണ്. മായയെ അതിന്റെ കാര്യം (ഫലം) കൊണ്ടു ഊഹിക്കാനേ സാധിക്കൂ.

വേദാന്തശാസ്ത്രത്തിൽ മായക്ക് അഞ്ചു ലക്ഷണങ്ങൾ ഉള്ളതായി പറയാറുണ്ട്. അവ

1 ) സദ്അസദഭ്യാം അനിർചനീയം
2 ) ത്രിഗുണാത്മികം
3 ) ജ്ഞാനവിരോധി
4 ) ഭാവരൂപിണി
5 ) യത് കിഞ്ചിത്

ആദ്യം പറഞ്ഞതിന്റെയർത്ഥം, മായ യഥാർത്ഥത്തിൽ ഉള്ളതാണെന്നോ ഇല്ലാത്തതാണെന്നോ പറയാൻ കഴിയില്ലെന്നാണ്. എക്കാലത്തും ഉള്ളതിനെ മാത്രമേ യഥാർത്ഥമെന്നു പറയാവൂ എന്ന നിർവചനമനുസരിച്ച് മായ ജ്ഞാനോദയത്തിൽ നശിക്കുന്ന ഒന്നായതിനാൽ അതിനെ യഥാർത്ഥമെന്നു വിളിക്കാനാവില്ല. എന്നാൽ ശശവിഷാണം പോലെ തീരെയില്ലാത്തതുമല്ല. കാരണം, അതിന്റെ പ്രവർത്തികൾ അനുഭവപ്പെടുന്നുണ്ട്.

അങ്ങനെ ഉള്ളതെന്നോ ഇല്ലാത്തതെന്നോ നിർവചിക്കാനാവാത്തതിനാൽ മായ അനിർവചനീയമെന്നു വിളിക്കപ്പെടുന്നു

രണ്ടാമതായി പറയുന്നത് , ത്രിഗുണാത്മികയെന്ന്. അത് സാംഖ്യന്മാരുടെ വിജ്ഞാനകോശത്തിൽ നിന്ന് വേദാന്തം കടമെടുത്തതാണ്. മായയുടെ ഘടകങ്ങളായി

സത്വം , രജസ്സ് , തമസ്സ് എന്നീ മൂന്നു ഗുണങ്ങളുണ്ട്. സത്വമെന്നാൽ , ജ്ഞാനം , സുഖം എന്നിവയുടെ കാരണം. രജസ്സ് കർമ്മങ്ങളുടേയും വിക്ഷേപത്തിന്റേയും കാരണം. തമസ്സ് , മാന്ദ്യം , മടി , നിദ്ര എന്നിവക്ക് കാരണമായത്. ജഗത്തിലെ സ്ഥൂലമായതും സൂക്ഷ്മായതുമായ എല്ലാ വസ്തുക്കളും ഈ മൂന്നിന്റേയും വവിധ അനുപാതങ്ങളിൽ നിർമ്മിക്കപ്പെട്ടവയാണ്.

മൂന്നാമതായ പറയുന്ന ജ്ഞാനവിരോ ധിയെന്നാൽ ജ്ഞാനത്തിൽ ഇല്ലാതാകു ന്നത് എന്നർത്ഥം ജ്ഞാനമെന്നാൽ ആത്മജ്ഞാനമാണിവിടെ ഉദ്ദേശിക്കുന്നത്. ആത്മജ്ഞാനത്തിന്റെ ആവിർഭാവത്തിൽ മായ കാണാതാവുന്നു.

പിന്നെ പറയുന്ന ഗുണം ഭാവരൂപിണിയെന്നാണ്. അതായത് മായ അല്ലെങ്കിൽ അവിദ്യയെന്നാൽ വിദ്യയുടെ വെറും ഇല്ലായ്മയല്ല. അതിന് ഉള്ളതായി തോന്നിക്കാനുള്ള കഴിവുണ്ട് അവസാനം പറയുന്ന യത് കിഞ്ചിത് എന്നാൽ എന്തെന്നു തീർത്തു പറയാനാവാത്ത സത്തയെന്നർത്ഥം വേദാന്തശാസ്ത്ര പ്രകാരം ബ്രഹ്മചൈതന്യം പ്രതിബിംബിക്കപ്പെടുന്ന മൂലപ്രകൃതിയാണ് ഗുണങ്ങളുടെ ഏറ്റക്കുറച്ചിലനുസരിച്ച് മായയെന്നും അവിദ്യ എന്നും രണ്ടു പേരുകളിലറിയപ്പെടുന്നത്. സത്വഗുണപ്രധാനയായ പ്രകൃതിയെ മായയെന്നും തമോരജഗുണങ്ങളുടെ ആധിക്യ

മുള്ള പ്രകൃതിയെ അവിദ്യയെന്നും വിളിക്കുന്നു. മായയിൽ വിളങ്ങുന്ന ബ്രഹ്മചൈതന്യ ത്തെ ഈശ്വരനെന്നും അവിദ്യയിൽ പ്രതിബിംബിച്ച ബ്രഹ്മചൈതന്യത്തെ ജീവനെന്നും വിളിക്കുന്നു.

ജീവന്റെ ഉപാധി, രജസ്തമോഗുണപ്രധാനമായതിനാൽ, ജീവന് ആ ഗുണങ്ങളുടെ ധർമ്മങ്ങളായ കർമ്മശ്രദ്ധയും സ്വരൂപവിസ്മൃതിയും ഉപാധിയിൽ താനെന്ന അത്യന്തം അപകടകാരിയായ വിശ്വാസവുമുണ്ടാവുന്നു.

ജീവന്മാരുടെ കർമ്മഫലഭുക്തിക്കു വേണ്ടി ത്രിഗുണാത്മികമായ പ്രകൃതിയിൽ നിന്നു തന്നെ ഈശ്വരാജ്ഞയാൽ

ആകാശം , വായു , അഗ്നി , ജലം , ഭൂമി എന്ന പഞ്ചഭൂതങ്ങളുണ്ടായി.

ഗുണാത്മികയായ പ്രകൃതിയിൽ നിന്നാണുണ്ടായതെന്നതിനാൽ , ഈ പഞ്ചഭൂതങ്ങളിലും സത്വം, രജസ്സ് , തമസ്സ് എന്നീ ഗുണങ്ങളുണ്ട്. പഞ്ചഭൂതങ്ങളുടെ സത്വഗുണം കൊണ്ട് പഞ്ചേന്ദ്രിയങ്ങളുണ്ടായി. ആകാശത്തിന്റെ സത്വഗുണത്താൽ ശ്രോത്രേന്ദ്രിയവും, വായുവിന്റേതു കൊണ്ട് സ്പർശേന്ദ്രിയവും , അഗ്നിയടേതു കൊണ്ട് നേത്രേന്ദ്രിയവും , ജലത്തിന്റേതു കൊണ്ട് രസനേന്ദ്രിയവും ഭൂതത്വത്തിന്റേതു കൊണ്ട് ഘ്രാണേന്ദ്രിയവുമുണ്ടായി.

ആകാശാദി പഞ്ചഭൂതങ്ങളുടെ സത്വാംശം മുഴുവനും ഒന്നിച്ചു ചേർന്ന് അന്തഃകരണമുണ്ടാവുന്നു

അന്തഃകരണം തന്നെ വൃത്തിഭേദമനുസരിച്ച് മനസ്സ് , ബുദ്ധി എന്നിങ്ങനെ രണ്ടായി കാണപ്പെടുന്നു

പറയപ്പെട്ട പഞ്ചഭൂതങ്ങളുടെ രജോഗുണാംശങ്ങൾ കൊണ്ട് ക്രമത്തിൽ വാക്ക് , പാണി , പാദം , പായു , ഉപസ്ഥം എന്നിങ്ങനെ അഞ്ചു കർമ്മേന്ദ്രിയങ്ങളുമുണ്ടായി.

പഞ്ചഭൂതങ്ങളുടെ സാത്വികാംശം ഒന്നിച്ചാണല്ലോ അന്തഃകരണമുണ്ടായത്. പഞ്ചഭൂതങ്ങളുടെ രജോഗുണം ഒന്നിച്ചു ചേർന്നുകൊണ്ട് പഞ്ചപ്രാണന്മാരുണ്ടാവുന്നു.ഈ പ്രാണന്മാരും , പ്രവൃത്തിയുടെ വ്യത്യാസമനുസരിച്ച് പ്രാണൻ , അപാനൻ , വ്യാനൻ , സമാനൻ , ഉദാനൻ എന്നിങ്ങനെ അഞ്ചായി പറഞ്ഞു വരുന്നു ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച് , കർമ്മേന്ദ്രിയങ്ങൾ അഞ്ച് , പ്രാണന്മാർ അഞ്ച് , ബുദ്ധി , മനസ്സ് എന്നീ പതിനേഴു ഘടകങ്ങളുടെ സമാഹാരത്തെ സൂക്ഷ്മശരീരമെന്നു പറയുന്നു. അതിനെ ലിംഗശരീരമെന്നും പറയാറുണ്ട്

ഈ സൂക്ഷ്മശരീരമാണ് ജീവന്റെ ഭോഗസാധനം. അതായത് , ജീവന് കർമ്മഫലമനുസരിച്ചുള്ള ദുഃഖങ്ങളും സുഖങ്ങളും അനുഭവിക്കാനുള്ള ഉപകരണം. പക്ഷേ , ദുഖമായാലും സുഖമായാലും ഭോഗത്തിനു സ്ഥൂലമായ വിഷയങ്ങളും സ്ഥൂലശരീരവും വേണമല്ലോ. അതിനും പഞ്ചഭൂതങ്ങൾ തന്നെയാണ് കാരണങ്ങളാവുന്നത്. ഇന്ദ്രിയങ്ങളും അന്തഃകരണവും പഞ്ചഭൂതങ്ങളുടെ സൂക്ഷ്മതന്മാത്രകളെക്കൊണ്ട് സൃഷ്ടിക്കപ്പെട്ടപ്പോൾ സ്ഥൂലശരീരവും ജഗത്തിലെ മറ്റു വസ്തുക്കളുമുണ്ടാവുന്നത് പഞ്ചീകരണം എന്ന പ്രക്രിയയിലൂടെ സ്ഥൂലീകരീക്കപ്പെട്ട ഭൂതങ്ങളാലാണ്.

ഇങ്ങനെ സച്ചിദാനന്ദമായ ബ്രഹ്മം പ്രകൃതിയിലെ സത്വാദി ഗുണങ്ങളുടെ ഏറ്റക്കുറച്ചിലുകളുള്ള ഭാവങ്ങളെ ഉപാധികളായി സ്വീകരിക്കുമ്പോൾ, പുറമേക്ക് വ്യത്യസ്തമെന്നു തോന്നപ്പെടുന്ന സത്തകളുണ്ടാവുന്നു. അതാണ് നാം നിരൂപിക്കുന്ന ശ്ലോകത്തിലെ രണ്ടാം പാദത്തിനർത്ഥം. ലിംഗശരീരം മുതൽ ജഗത്തിലെ ഏറ്റവും സ്ഥൂലമായ പദാർത്ഥങ്ങൾ വരെ ബ്രഹ്മം തന്നെ ഉപാധിവ്യത്യാസം കൊണ്ട് വ്യത്യസ്തമെന്നു തോന്നപ്പെടുന്നതാണ്. ഉപാധിയാവട്ടെ മായയുടെ വിവിധരൂപങ്ങളും.

ശ്ലോകത്തിന്റെ ആദ്യപാദത്തിൽ പറയുന്നത് മായക്ക് ആവരണശക്തി വിക്ഷേപശക്തി എന്നിങ്ങനെ രണ്ടു രൂപങ്ങളുണ്ടന്നാ

ണല്ലോ. അവയിൽ ആവരണശക്തി ബ്രഹ്മത്തിന്റെ സത്യമായ ലക്ഷണങ്ങളെ മറയ്ക്കുന്നു. പിന്നീട് വിക്ഷേപശക്തി അതിന്റെ സ്ഥാനത്ത് മിത്ഥ്യയായതിനെ കാണിച്ചു തരുന്നു. ഉദാഹരണത്തിന് നാം മന്ദാന്ധകാരത്തിൽ ഒരു കയറിനെ കണ്ട് അത് പാമ്പാണെന്നു ധരിക്കയാണെന്നിരിക്കട്ടെ. നാം കയറിനെ കയറായി മനസ്സിലാക്കാത്തതാണ് ആവരണം. പിന്നെയത് പാമ്പാണെന്നു ഭ്രമിക്കുന്നത് വിക്ഷേപശക്തി മൂലവും.

ഇവ രണ്ടും അപകടകാരികൾ തന്നെ. യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായി മനസ്സിലാക്കാത്തതിനാലാണല്ലോ അപകടമുണ്ടായത്. അതിനാൽ ആവരണമാണ് കൂടുതൽ അപകടകാരിയെന്നു പറയുകയാണെങ്കിൽ, സുഷുപ്തി വെറും ആവരണമാണ്. സുഷുപ്തി കൊണ്ട് ആരും അപകടത്തിൽ ചെന്നു ചാടുന്നതു കണ്ടിട്ടില്ലല്ലോ. അതേ സമയം മറ്റൊരു തരത്തിൽ വിക്ഷേപവും അപകടകാരിയല്ല. നാം മരുഭൂമിയിൽ സഞ്ചരിക്കുമ്പോൾ കാനൽജലത്തിന്റെ പ്രവാഹം കണ്ടെന്നിരിക്കാം. നാം ദാഹശമനത്തിന് അതിനെ സമീപിക്കുമ്പോളാണറിയുക , വെള്ളം വെറും ഭ്രമമായിരുന്നെന്ന്. നാം അവിടെ നിന്ന് നീങ്ങി തിരിഞ്ഞു നോക്കുമ്പോൾ വീണ്ടും വെള്ളം കാണും. പക്ഷേ ഇത്തവണ നാം വഞ്ചിക്കപ്പെടുന്നില്ല. നാമത് കണ്ടു രസിച്ചു എന്നു പോലുമിരിക്കും. അപ്പോൾ വെറും വിക്ഷേപവും അപകടകാരിയല്ല. അപകടകാരിയായിട്ടുള്ളത് മിത്ഥ്യയിൽ സത്യബുദ്ധിയാണ്.

ഇനി 140 മത്തെ ശ്ലോകം പരിശോധിക്കാം

സൃഷ്ടിർനാമ ബ്രഹ്മരൂപേ

സച്ചിദാനന്ദവസ്തുനി

അബ്ധൗ ഫേനാദിവത് സർവ്വനാമരൂപപ്രസാരണാ (14 )

സച്ചിദാനന്ദവസ്തുനി = സത് ചിത് ആനന്ദമായ

ബ്രഹ്മരൂപേ = ബ്രഹ്മമെന്ന സത്തയിൽ

സർവനാമരൂപപ്രസാരണാ = വെറും നാമരൂപങ്ങളുടെ വിസ്താരമായ

സൃഷ്ടി = സൃഷ്ടി നാമ = പേരുള്ള. അബ്ധൗ =, സാഗരത്തിൽ

ഫേനാദിവത് = നീർപ്പോളകൾ പോലെ

സത്തും ചിത്തും ആനന്ദവുമായ ബ്രഹ്മത്തിൽ, കടലിൽ നീർപോളകൾ പോലെ സൃഷ്ടി എന്നു വിളിക്കപ്പെടുന്ന പ്രതിഭാസം പൊന്തുന്നു.

ഇല്ലാത്തതിനെ ഉള്ളതെന്നു തോന്നിക്കുന്ന ശക്തിയെയാണല്ലോ മായ.

ബ്രഹ്മമല്ലാതെ മറ്റൊന്നുമില്ലാത്ത സ്ഥിതിക്കും ബ്രഹ്മത്തിന് വിഷയങ്ങളെക്കൊണ്ട് ഒരാവശ്യവുമില്ലാത്തതിനാലും സൃഷ്ടിയുടെ പ്രയോജനം തീരെയില്ലാത്തതാണ്. മാത്രമല്ല, ബ്രഹ്മത്തിന്റെ. സ്വരൂപം തന്നെ ഉണ്മയാണ്. ആ ഉണ്മ എല്ലായിടത്തും നിറഞ്ഞുമിരീക്കുന്നു. അപ്പോൾ വേറെയൊരു ഉണ്മയുടെ ജനനം അചിന്ത്യമാണെന്നു പറയേണ്ടതില്ലല്ലോ. ആ സ്ഥിതിക്ക് സൃഷ്ടിയെന്നു പറഞ്ഞാൽ, കയറിൽ പാമ്പെന്ന പോലെ ബ്രഹ്മത്തിൽ വെറുതെ തോന്നപ്പെടുന്ന ഒരു സത്തയാണ്. ഈ ശ്ലോകത്തിൽ കടലിൽ നീർപ്പോളകളെന്ന പോലെ എന്ന ദൃഷ്ടാന്തമാണ് പറഞ്ഞിരിക്കുന്നത്. കടലിലെ തിരകൾ പോലെയുള്ള ഇളക്കങ്ങൾ കടലിൽ നിന്നു ഭിന്നമല്ല , കടൽ തന്നെയാണ്. അങ്ങനെ നോക്കുമ്പോൾ തിരകൾ കടലിലെ വേറിട്ട സത്തയില്ലാത്ത നാമരൂപങ്ങൾ മാത്രമാണ്.

ജഗത്തിനും അതേ പോലെ ബ്രഹ്മത്തിൽ നിന്ന് വേറിട്ട ഒരസ്ഥിത്വമില്ല.

നമ്മുടെ ശരീരവും മനസ്സുമെല്ലാം ജഗത്തിന്റെ ഭാഗങ്ങളാണ്. മായ തന്റെ വിക്ഷേപശക്തിയാൽ ജഗത്തിനെ ഭോഗ്യവസ്തുവാണെന്നും അന്തഃകരണത്തിലെ മിത്ഥ്യയായ അഹങ്കാരത്തെ ഭോക്താവാണെന്നും തെറ്റദ്ധരിപ്പിക്കുന്നു. സത്യത്തിൽ ചിദാനന്ദമായ ബ്രഹ്മം മാത്രമേ ഉള്ളതായിയിട്ടുള്ളൂ.

*(തുടരും )*

# റിട്ടയർമെന്റ് അഥവാ വിടവാങ്ങൽ

ഡോ. കെ. പ്രസന്നകുമാർ-9847083626

**ജോ**ലിയിൽ നിന്നും വിരമിയ്ക്കൽ പ്രായാധിക്യംകൊണ്ടോ, രോഗബാധകൊണ്ടോ, ആണെങ്കിൽ അതിനേയാണ് റിട്ടയർമെന്റ് എന്നു പറയപ്പെടുന്നത്. പല ജോലികൾക്കും അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലേ നിയമാനുശ്രുതമായ പ്രായപരിധി നിലവിലുണ്ട്.

അതിൽ കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങിയ വിവിധതരം സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഏതാണ്ട് 55 വയസ്സു മുതൽ 65 വയസ്സുവരേയുള്ള കാലയളവുകൾ പ്രാബല്യത്തിലുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ ചുരുങ്ങിയ കാലയളവിലേയ്ക്ക് കാലാവധി നീട്ടികൊടുക്കാറുമുണ്ട്. അടുത്ത ഇടയായി സ്വയം വിരമിയ്ക്കൽ പദ്ധതകിളും നിലവിലുണ്ട്.

മറ്റൊരു പ്രത്യേകത രാഷ്ട്രീയജീവിതത്തിൽ പ്രായപരിധി കാര്യമായി പരിഗണിയ്ക്കുന്നില്ല. എം.എൽ.എ, എം.പി. തുടങ്ങിയ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനങ്ങളിലേയ്ക്കും മന്ത്രിമാർ, തദ്ദേശ മുനിസിപ്പാലിറ്റി, പഞ്ചായത്ത് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കുള്ള വാർഡ് മെമ്പറന്മാർ, പ്രസിഡന്റ്, മേയർ തുടങ്ങിയ സ്ഥാനങ്ങളിയേക്കും പ്രായപരിധി കാര്യമായി ബാധിച്ചിട്ടില്ല.

ജോലിയിൽ നിന്നും വിരമിയ്ക്കൽ രണ്ടുവിധത്തിൽ കണക്കാക്കുന്നവരുണ്ട്. ആദ്യത്തേ വിഭാഗം, ഒരേ ജോലിയിൽ തന്നേ വർഷങ്ങളോളം ജോലിചെയ്ത് ജോലിയോടുതന്നേ മടുപ്പ് അനുഭവപ്പെടുന്നവരാണ്. അവർ ജോലി അവസാനിപ്പിയ്ക്കുന്നത് ഒരു ആശ്വാസമായാണ് കാണുന്നത്. അവർ, പിന്നീട് മറ്റേതെങ്കിലും ജോലിയിലേയ്ക്ക് മാറുന്നതിൽ താല്പര്യം കാണിക്കുന്നില്ല.

രണ്ടാമത്തേ വിഭാഗക്കാർക്ക് ജോലിയിൽ വീണ്ടും തുടരാനുള്ള ഇച്ഛാശക്തി അനുഭവപ്പെടുന്നു. ഈ കൂട്ടർക്ക് ദീർഘകാലസേവനങ്ങളിൽ കൂടി, ജോലിയിൽ കൂടുതൽ പരിചയവും, വിവേകവും കൈവരിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.

പ്രത്യേക തൊഴിലുകളിൽ, പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ളവർ അതിൽ അഭിഭാഷകർ, എൻജിനീയറന്മാർ, അദ്ധ്യാപകർ, ഡോക്ടർന്മാർ, ചാർട്ടേർഡ് അക്കൗണ്ടർന്മാർ, വ്യവസായസ്ഥാപനങ്ങൾ നടത്തുന്നവർ, തുടങ്ങി സാങ്കേതിക വിദഗ്ധർ വരേ ഉൾപ്പെടുന്നവർ നേരത്തേ തന്നേ തൊഴിലിൽ നിന്നും വിരമിച്ചിരുന്നെങ്കിൽ (പ്രായപരിധി അൻപത്തി അഞ്ചിനും അറുപതിനുമിടയിൽ) നിരാശകൊണ്ടോ, മാനസിക സമ്മർദ്ദം കൊണ്ടോ, ഇപ്പോഴേയ്ക്കും ഒന്നിനും കൊള്ളാത്തവരായി മാറിയേനോ.

വിടവാങ്ങലിനും, മരണപ്പെടലിനും തമ്മിൽ ഒരു പ്രത്യേകബന്ധമുണ്ട്. പുരുഷന്മാരുടെ കാര്യത്തിൽ മിക്കവരും ജോലിയിൽ നിന്നും വിരമിയ്ക്കലിനുശേഷം ചുറുചുറുക്കും, പ്രസരിപ്പും നഷ്ടപ്പെട്ട് ഏതാണ്ട് ഒരു മാന്ദ്യത്തിലേയ്ക്കു പ്രവേശിയ്ക്കും. അവർക്ക് പ്രത്യേകിച്ചും രചനാത്മകമായ ഒരു കാര്യത്തിലും താല്പര്യമില്ലാതാകും. ഏതാണ്ട് മാനസികമായും ശാരീരികമായും ലോകത്തോടുതന്നേ ഒരു വിടവാങ്ങലിന് തയ്യാറെടുപ്പു

തുടങ്ങും. പക്ഷേ സ്ത്രീകളുടെ കാര്യത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട ഒരു പ്രകടനമാണ് കാണപ്പെടുന്നത്. അവർ കുടുംബകാര്യങ്ങളിലും, അല്ലാത്തപ്പോൾ പേരക്കുട്ടികളുടെ കാര്യങ്ങളിലും വ്യാപൃതരാകുന്നു.

ജീവിതം ഒരു മാന്ദ്യത്തിലേയ്ക്കു തിരിഞ്ഞാൽ ശാരീരികമായും, മാനസികമായും നിങ്ങൾ ഒരു അധഃപതനത്തിലേയ്ക്കു തിരിയുന്നതായാണ് കാണുന്നത്. താങ്കളുടെ ശരീരത്തേ ഉപയോഗശൂന്യമാക്കി പുറന്തള്ളിയിട്ടിരിയ്ക്കുന്ന ഒരു മോട്ടോർ കാറിനോട് ഉപമിയ്ക്കാം. പ്രവർത്തനശൂന്യമായി കുറച്ചുനാൾ കിടന്നാൽ അത് തുരുമ്പുപിടിച്ച് താനേ നശിച്ചുകൊള്ളും. അതിന്റെ അവശിഷ്ടങ്ങൾക്ക് യാതൊരു വിലയും കാണുകയില്ല. മനുഷ്യന്റെ കാര്യത്തിലും ഇതേ അവസ്ഥ തന്നേയാണ്.

മനുഷ്യരുടെ കാര്യത്തിൽ വിരമിക്കലിനോടടുക്കുമ്പോൾ തന്നേ ചില തയ്യാറെടുപ്പുകൾ ചെയ്തിരിക്കണം. ശാരീരികമായ പരിമിതികൾക്കനുസരിച്ച് ഭാവി ജീവിതത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷ്യം കണ്ടെത്തണം. അതോടൊപ്പം, ആരോഗ്യം നിലനി ർത്തുവാനും ശ്രദ്ധിച്ചുകൊള്ളണം. തനിക്കുപറ്റിയ പ്രവർത്തനങ്ങൾ, അഥവാ ജോലി എങ്ങിനെയുള്ളതാണെന്ന്, നേരത്തേ തന്നേ കണ്ടുപിടിയ്ക്കുവാൻ സാധിച്ചാൽ ശിഷ്ടജീവിതം, ആരോഗ്യകരവും ആനന്ദദായകവും ആക്കുവാൻ സാധിയ്ക്കും.

പാകമായ പഴം പച്ചയായ കായിലും സ്വാദുള്ളതായിരിയ്ക്കുമല്ലോ. പ്രായം എത്ര തന്നേ ആയാലും മനസ്സ് ക്ഷീണിക്കാതെ സൂക്ഷിക്കണം. പ്രായം കൂടുന്തോറും അറിവും, ബുദ്ധിയും പ്രവർത്തന പരിചയവും കൂടികൊണ്ടേ ഇരിയ്ക്കുമല്ലോ. ഓർമ്മ നശിയ്ക്കാതിരിയ്ക്കുവാൻ മാത്രം സൂക്ഷിച്ചുകൊള്ളണം. ജോലിയിൽ നിന്നുള്ള വിടവാങ്ങൽ പരിണാമദിശയായി കാണേണ്ടതാണ്. അത് പ്രകൃതിയുടെ ഒരു പരിണാമ ദിശയായി കാണുകയും, അതിനേ ഒരു ദിശയിൽ നിന്ന് മറ്റൊരു ദിശയിലേയ്ക്കുള്ള വിജയകരമായ ഒരു മാറ്റമായി കാണേണ്ടതുമാണ്.

ഒരു നല്ലഭാഗം ഉദ്യോഗസ്ഥരും, ഈ ദിശയേ ഒരു പരിഭ്രമത്തോടെയാണ് കാണുന്നത്. ഒട്ടും പരിഭ്രമിയ്ക്കാതെ, ഭാവി ജീവിതത്തേ ആസൂത്രണം ചെയ്തിട്ടുള്ളവർക്ക്, ആസ്വാദ്യകരമായും, ആരോഗ്യകരമായും ജീവിയ്ക്കുവാൻ കഴിയും.

ഇതിന് ചെറിയ രീതിയിൽ വ്യായാമങ്ങൾ, യോഗ, ധ്യാനം, പ്രഭാതസവാരി തുടങ്ങിയ ക്രിയകളിൽ ഏർപ്പെട്ട് ശാരീരിക ആരോഗ്യം നിലനിർത്തുവാൻ ശ്രമിച്ചാൽ, അതോടൊപ്പം തന്നേ ഭക്ഷണക്രമത്തിലും ശ്രദ്ധചെലുത്തിയാൽ (കുടുതൽ പോഷകാംശമുള്ള ഭക്ഷണം) മാനസീക സമ്മർദ്ദങ്ങളിൽ നിന്നും മോചനം ലഭിയ്ക്കുന്നതാണ്. സൗകര്യപ്പെട്ടാൽ, അവരവർക്കു താങ്ങാനാവുന്ന ജോലികളിൽ ഏർപ്പെടുന്നതും നന്നായിരിക്കും.

മഹാത്മാരായിരുന്ന മഹാത്മാഗാന്ധി, ജോർജ്ജ് ബർനാർഡ്ഷാ, എച്ച് ജി. വെയിൽസ് തോമസ് ആൽവ എഡിസൺ, ബെർട്രാൻഡ് റസ്സൽ ഹെൻട്രി ഫോർഡ് ജെ.ആർ. ഡി ടാറ്റാ എന്നിവർക്ക് പുതുതായ ആശയങ്ങൾ അഥവാ ഭാവനകൾ വയസ് എഴുപത്തിഅഞ്ചിനു ശേഷവും ഉണ്ടായിട്ടുണ്ട്. അവയെല്ലാം അതേ കാലഘട്ടത്തിൽ പ്രഗൽഭരായ ചെറുപ്പക്കാരിൽ ഉണ്ടായിരുന്ന ആശയങ്ങളേക്കാളും കൂടുതലായിരുന്നു.

ഡോക്ടർ മാർട്ടിൻ ഗംബർട്ട് അദ്ദേഹത്തിന്റെ You are younger than you think എന്ന കൃതിയിൽ ഡോക്ടർ ലില്ലിയാൻ ജെ. മാർട്ടിൻ എന്ന (ഒരു റിട്ടയാർഡ് പ്രൊഫസർ ഓഫ് സൈക്കോളജി) ലീലാൻഡ് സ്റ്റാൻഫോർഡ് സർവ്വകലാശാല) ഒരു മഹിളാരത്നത്തേക്കുറിച്ച് പ്രദിപാദിച്ചിട്ടുണ്ട്. അവർ റിട്ടയർ ചെയ്തശേ

ഷം സാൻഫ്രാൻസിസ്ക്കോയിൽ വയോജനങ്ങൾക്കായി ഒരു സങ്കേതം സ്ഥാപിക്കുകയും, ആരോഗ്യകരവും പ്രയോജനകരവുമായ ഒരു ജീവിതം നയിയ്ക്കുവാൻ അവരേ പരിശീലിപ്പിയ്ക്കുകയും ചെയ്തു. അവർക്ക് ആരോഗ്യത്തിനു വേണ്ട ഭക്ഷണരീതി ചെയ്യാവുന്ന തരത്തിലുള്ള വ്യായാമങ്ങൾ കൊണ്ട് സന്ധികളിലും പേശികളിലും വരാവുന്ന കട്ടിയേ കുറയ്ക്കുവാനും, അനായാസമായ പ്രവർത്തനശക്തി ഉണ്ടാക്കുവാനും സാധിച്ചു.

അവർ എഴുപത്തി അഞ്ച് വയസ്സിൽ ഡ്രൈവിംങ്ങ് പഠിച്ച് അമേരിക്കയിലേ മിക്ക രാജ്യങ്ങളിലും സ്വയം കാറിൽ സഞ്ചരിക്കുവാൻ സാധിച്ചു. അതുപോലെ തന്നേ എൺപതുവയസ്സിൽ സ്പാനിഷ് ഭാഷയും ടൈപ്പ് റൈറ്റിംഗും പഠിച്ച് ബുദ്ധി വികസിപ്പിച്ച്തിനോടൊപ്പം തെക്കേ അമേരിക്കയിലും ജൈത്രയാത്ര നടത്തുവാൻ കഴിഞ്ഞു.

അതിനാൽ വാർദ്ധക്യ കാലത്തുപോലും പൂർണ്ണആരോഗ്യവാനായി ചെയ്യാവുന്ന കാര്യങ്ങളെല്ലാം നടത്തി - ജീവിതം സഫലമാക്കുവാൻ ശ്രമിയ്ക്കുക. അതുപോലെ തന്നേ ഒരിക്കലും തന്റെ ജീവിതം സഫലമായില്ല എന്നൊരു ചിന്ത (തോന്നൽ) ഉണ്ടാകാതിരിയ്ക്കുവാൻ ശ്രദ്ധ്യയ്ക്കുകയും വേണം.

അതാകട്ടേ നിങ്ങളുടെ വിജയരഹസ്യം.

*****

# എറണാകുളം കരയോഗത്തോടൊപ്പം കുട്ടികൾ ഒഴിവുകാലം ആസ്വദിക്കട്ടെ.....!

**എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ**

**2024 മെയ് മാസം 8 മുതൽ 12 വരെ**

കുട്ടികളുടെ വേനലവധി വിജ്ഞാനവും, വിനോദവും ഇടകലർന്നാഘോഷിക്കാൻ വരൂ. യോഗ, സൂംബാ ഡാൻസ്, കരകൗശലവിദ്യകൾ, സാഹിത്യ പരിചയം, പ്രസംഗ പരിശീലനം തുടങ്ങിയവയും താൽപര്യമുള്ളവരിൽ നിന്ന് തിരഞ്ഞെടുത്ത കുട്ടികൾക്കായി നാടകക്കളരിയും നടത്തപ്പെടുന്നു. മെയ് മാസം 8 മുതൽ 12 വരെ 5 ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

1) Mrs. Shobha Gopakumar - 9895183511
2) Mrs. Subha Vijayakumar - 9446357315

| | | |
|---|---|---|
| പ്രായ പരിധി | - | 9 വയസ്സു മുതൽ 15 വയസ്സു വരെ (std 5 to std 10 ) |
| സമയം | - | രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5 മണി വരെ |
| രജിസ്ട്രേഷൻ ഫീസ് | - | 750 രൂപ |

# വേനൽ ചൂടിൽ ശ്രദ്ധിക്കേണ്ടത്

ഡോ. ദേവീദാസ് വെള്ളോടി - 9747480903

**ഹോ** ... എന്തൊരു ചൂട് ...

ഇങ്ങിനെ പറയാത്തവർ ആരുമില്ല ..

ആഗോള താപനില ഉയരുമ്പോൾ കേരളത്തിലെ വേനൽക്കാല താപനില ഇനിയും ഉയരുവാനാണ് സാധ്യത.

**വേനൽ കൂടുതൽ ശ്രദ്ധ ആവശ്യമുള്ളവർ:**

സൂര്യപ്രകാശം എല്ലാവരിലും ഒരു പോലെയല്ല പ്രശ്നങ്ങളുണ്ടാക്കുന്നത്. ആരോഗ്യമുള്ളവരെപ്പോലും ബുദ്ധിമുട്ടിലാക്കുന്ന ചൂട് രോഗികൾ, വൃദ്ധർ, കുട്ടികൾ ഇവരെ തളർത്തുമെന്നതിനാൽ പ്രത്യേക ശ്രദ്ധ വേണം. കൂടാതെ ഹൃദ്രോഗം, പ്രമേഹം ഇവ ഉള്ളവർ, തൈറോയ്ഡിന്റെ അമിതപ്രവർത്തനം ഉള്ളവർ, സോറിയാസിസ് തുടങ്ങിയ പ്രശ്നമുള്ളവർ, കടുത്ത ചൂടിൽ പുറം പണിയിൽ ഏർപ്പെടുന്ന കെട്ടിടത്തൊഴിലാളികൾ എന്നിവർ കൂടുതൽ ശ്രദ്ധിക്കണം .

പുറം പണിക്കു പോകുന്നവർക്ക് സൂര്യാഘാതം ഉണ്ടാകാനുള്ള സാധ്യത ഉള്ളതിനാൽ നട്ടുച്ച നേരത്ത് വിശ്രമിക്കുക തന്നെ വേണം.

**സൂര്യാഘാതത്തിന് തീവ്രപരിചരണം അനിവാര്യം:**

കത്തുന്ന വെയിലിൽ പുറത്തിറങ്ങേണ്ടി വരുന്നവർക്ക് പലതരം അസ്വസ്ഥതകളും അനുഭവപ്പെടും-അതിയായ ചുവപ്പുനിറം, പൊള്ളൽ, കുമിളകൾ എന്നിവ, വെയിലേറ്റഭാഗത്ത് പ്രത്യേകിച്ച് ഉണ്ടാകും. ഇതിന്റെ ആപത്കരമായ അവസ്ഥയാണ് സൂര്യാഘാതം. താപനില 40 ഡിഗ്രി സെൽഷ്യസിൽ കൂടുമ്പോഴാണ് ശാരീരികപ്രവർത്തനങ്ങളുടെ താളംതെറ്റുന്നത്. തലച്ചോറിന്റെ പ്രവർത്തന മാന്ദ്യമാണ് സൂര്യാഘാതത്തിന്റെ മുഖ്യ ലക്ഷണം. ആശയക്കുഴപ്പം, അപസ്മാര ചേഷ്ടകൾ തുടർന്ന് അബോധാവസ്ഥ എന്നിങ്ങനെയുള്ള ലക്ഷണങ്ങളാണ് പ്രകടമാകുക. സൂര്യാഘാതത്തെത്തുടർന്ന് കരൾ, വൃക്ക, ഹൃദയം, ശ്വാസകോശം തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തനവും സ്തംഭിക്കാം. തീവ്രപരിചരണം അനിവാര്യമായ അവസ്ഥയാണത് സൂര്യാഘാതം. ഉടനേ പ്രാഥമിക ശുശ്രൂഷകൾ നൽകി ആശുപത്രിയിൽ പ്രവേശിപ്പിക്കണം.

**നിർജ്ജലീകരണം:**

നിർജ്ജലീകരണമാണ് വേനൽ നൽകുന്ന ഏറ്റവും വലിയ ആരോഗ്യപ്രശ്നം. വലിയൊരു രോഗം എന്നപോലെ നിർജ്ജലീകരണം നിരവധി പേരുടെ മരണത്തിനിടയാക്കാറുണ്ട്. അമിതമായ ചൂടിനെത്തുടർന്നുണ്ടാകുന്ന ഗുരുതര ആരോഗ്യപ്രശ്നമാണ് സൂര്യാഘാതം. ചൂട് സ്വയം ക്രമീകരിക്കാനുള്ള ശരീരത്തിന്റെ കഴിവ് നഷ്ടപ്പെടലാണ് ഇവിടെ സംഭവിക്കുന്നത്.

പകർച്ചവ്യാധികളുടെ വ്യാപനത്തിനും വേനൽ കളമൊരുക്കാറുണ്ട്. പ്രത്യേകിച്ച് ജലം വഴിയും കൊതുകുവഴിയും ഉള്ള രോഗങ്ങളുടെ പകർച്ചയ്ക്ക്. വരൾച്ചമൂലമുള്ള കുടിവെള്ളക്ഷാമമാണ് വേനലിന്റെ മറ്റൊരു പ്രധാന പ്രശ്നം. വേനൽക്കാല രോഗങ്ങളുടെ ഒരു പ്രധാന കാരണവും മലിന ജലമാണ്. വേനലിൽ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുന്നത് പ്രശ്നം കൂടുതൽ രൂക്ഷമാക്കും. ശുദ്ധജലം ഇല്ലാത്തതിനാൽ വെള്ളം കുടിക്കാനാകാതെ വരുന്നതും മാരക നിർജ്ജലീകരണത്തിന് ഇടയാക്കും. വേനലിൽ ഒഴുക്കു കുറഞ്ഞ വെള്ളക്കെട്ടുകൾ എല്ലാം തന്നെ കൊതുകുകളുടെ പ്രജനന കേന്ദ്രങ്ങളായി മാറാറുണ്ട്.

രോഗങ്ങൾ വരാനും പകരാനും ശുചിത്വക്കുറവ് പ്രധാന കാരണമാണ്. ചെങ്കണ്ണ്, അമീബിയാസിസ്, ശ്വാസകോശരോഗങ്ങൾ തുടങ്ങിയവയാണ് വേനലിൽ സാധാരണ കാണുന്ന രോഗങ്ങൾ. മഞ്ഞപ്പിത്തം, മണൽ,

ചിക്കൻപോക്സ്, ഛർദ്ദി, വയറിളക്കം, മുണ്ടിനീര്, ത്വക്‌രോഗങ്ങൾ വരുമ്പോൾ പൊതു കുളങ്ങളിലും നീന്തൽക്കുളങ്ങളിലുമുള്ള കളികളും കുളിയും ഒഴിവാക്കണം.

ദഹനം കുറവായിരിക്കും:

ചൂട് കാലത്ത് താരതമ്യേനെ വിശപ്പ് കുറവായിരിക്കും. നമ്മുടെ ശരീരത്തിന് കൂടുതൽ എരിവുള്ള ഭക്ഷണമോ പാനിയങ്ങളോ ചൂട്കാലത്ത് കഴിക്കാതിരിക്കാന് ശ്രദ്ധിക്കണം. ശരീരത്തെ ഉന്മേഷമാക്കുന്ന പാനിയങ്ങളും, പഴങ്ങളും കഴിച്ച് ശരീരത്തെ ഒന്ന് തണുപ്പിച്ച് നമുക്ക് ചൂടിനെ നേരിടാൻ സാധിക്കും. അഗ്നി ദീപ്തി വരുത്തുന്ന മോരുംവെള്ളം നല്ലപോലെ കുടിക്കുകയും എളുപ്പം ദഹിക്കുന്ന കഞ്ഞി പോലുള്ള ഭക്ഷണങ്ങൾ കഴിക്കുന്നതും നല്ലതാണ്.



ഭക്ഷണത്തിൽ ചെയ്യാവുന്ന ചില നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നു.

രാവിലെ എഴുന്നേറ്റ ഉടനെ ധാരാളം വെള്ളം കുടിക്കുക. ചൂട് കാലത്ത് നമ്മൾ ഫാനോ ഏസിയോ ഉപയോഗിക്കുക സാധാരണമാണ്. ചൂടിൽ നിന്ന് ഇവ ആശ്വാസം നല്കുമെങ്കിലും ചർമ്മത്തിന് വരൾച്ചക്ക് ഇതു കാരണമാകും. കുടിക്കുന്ന വെള്ളത്തിൽ ചെറുനാരങ്ങയോ കറുവപ്പട്ട പൊടിയോ ചേർക്കുന്നത് നല്ലതാണ്.

തണുത്ത കുമ്പളങ്ങ ജ്യൂസ്, നെല്ലിക്ക ജ്യൂസ് എന്നിവ കുടിക്കുന്നതും ചൂട് കാലത്ത് നല്ലതാണ്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിയന്ത്രിക്കുന്നതിനും, ശരീരഭാരം നിയന്ത്രിക്കുന്നതിനുമൊക്കെ കുമ്പളങ്ങ ജ്യൂസും നെല്ലിക്ക ജ്യൂസും നല്ലതാണ്. നന്നാറി, രാമച്ചം, ചുക്ക് എന്നിവ ഇട്ടു തിളപ്പിച്ച വെള്ളം സാധാരണ കുടിക്കുന്നതിനായി ഉപയോഗിക്കാം.

**പ്രാതൽ:**

ചൂട് കാലത്തെ പ്രാതാലിൽ പഴങ്ങൾ ഉൾപ്പെടുത്തണം . അരി ഗോതമ്പ് മുതലായ ധാന്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കഞ്ഞിയോ ഇഡലി, പുട്ട് ,ഇടിയപ്പം തുടങ്ങിയവയോ കഴിക്കാം. ബ്രഡും, മൈദ കൊണ്ട് ഉണ്ടാക്കിയ പലഹാരങ്ങളും ഒഴിവാക്കണം. കാരണം ഇവ ശരീരത്തിൽ വെള്ളത്തിന്റെ അംശം കുറയ്ക്കും. കൂടാതെ മലബന്ധനത്തിനും കാരണമാകും.

**ഇടഭക്ഷണം:**

വിശപ്പ് അനുഭവപ്പെടുകയാണെങ്കിൽ ഇടഭക്ഷണമായി പച്ചക്കറി സലാഡ് കഴിക്കുന്നതാണ് നല്ലത്. കൂടാതെ സംഭാരം കുടിക്കുന്നതും നല്ലതാണ്.

**ഉച്ചഭക്ഷണം:**

ഉച്ചഭക്ഷണത്തിൽ ധാരാളമായി പച്ചക്കറികൾ ഉൾപ്പെടുത്തണം. ചൂട് കാലത്തെ ഉച്ചഭക്ഷണത്തിൽ സൂപ്പ് ഉൾപ്പെടുത്താവുന്നതാണ്. കൊഴുപ്പു കൂടുതൽ ഉള്ളതും എരുവ് കൂടുതൽ ഉള്ളതും ആയ ഭക്ഷണങ്ങൾ ഒഴിവാക്കണം.

**വൈകിട്ടത്തെ ഭക്ഷണം;**

വളരെ ലഘുവായത് കഴിക്കാം. പഴങ്ങളുടെ കൂടെ കശുവണ്ടിപരിപ്പ് തുടങ്ങിയ പരിപ്പുകളും കഴിക്കാവുന്നതാണ്

**രാത്രി ഭക്ഷണം:**

രാത്രിഭക്ഷണം ലളിതമായിരിക്കണം. പാചകം ചെയ്ത പച്ചക്കറികൾ, ആവിയിൽ വേവിച്ച ഭക്ഷണങ്ങൾ എന്നിവ ഉൾപ്പടുത്തണം സൂപ്പും നല്ലതാണ്. കൂടാതെ തുളസി ചായ ചൂട് കാലത്ത് പ്രത്യേകിച്ചും ആരോഗ്യത്തിന് നല്ലതാണ്.പഴങ്ങൾ കഴിക്കാം .

**ശുചിത്വം പാലിക്കണം:**

ഈച്ചപറ്റിയ ഭക്ഷണങ്ങൾ കഴിക്കാതിരിക്കാനും ശ്രദ്ധിക്കണം. പകർച്ചവ്യാധികൾ ഉള്ളവരുമായി അടുത്തിടപഴകാതിരിക്കുക, വ്യക്തിത്വശുചിത്വവും പരിസരശുചിത്വവും

പാലിക്കുക ഇവയും പ്രധാനമാണ്. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ.

**വേനൽ കാലത്തു കുടിക്കാവുന്ന ചില പാനീയങ്ങൾ:**

രസാള പാനീയം: തൈരിന്റെ നാലിലൊരുഭാഗം പഞ്ചസാരയും ഓരോ നുള്ള് വീതം ചുക്ക്, ജീരകം, ഇന്തുപ്പ് ഇവ ചേർത്തുണ്ടാക്കുന്ന പാനീയം താപം അകറ്റും.

**പച്ചമാങ്ങാ ജ്യൂസ് :**

പച്ചമാങ്ങ വെള്ളത്തിൽ വേവിച്ചെടുത്ത് പഞ്ചസാര, കുരുമുളക് ഇവ ചേർത്ത് ഉപയോഗിക്കാം.

സ്പെഷ്യൽ നാരങ്ങാ പാനീയം :

നാരങ്ങാനീര് ഒരുഭാഗം, പഞ്ചസാര ആറുഭാഗം ഇവയിൽ വെള്ളവും ഗ്രാമ്പൂ, കുരുമുളക് ഇവ പൊടിച്ചതും ചേർത്ത് ഉപയോഗിക്കാം.

മല്ലിയോ, ഉണക്കമുന്തിരിയോ രാത്രിയിൽ വെള്ളത്തിലിട്ടുവച്ച് രാവിലെ പിഴിഞ്ഞ് പഞ്ചസാര ചേർത്ത് കഴിക്കുന്നത് കഠിന ദാഹത്തെ ശമിപ്പിക്കും.

സംഭാരം: ധാരാളം വെള്ളം ചേർത്തെടുക്കുന്ന മോരിൽ ഇഞ്ചി, കറിവേപ്പില, നാരകത്തില, ഉപ്പ് ഇവ ചതച്ചിട്ട് കഴിക്കുന്നത് ദാഹവും ക്ഷീണവും അകറ്റും.

ഇളനീരും വേനൽക്കാലത്ത് പ്രയോജനപ്പെടുത്തണം.

*****

# യന്ത്രവൽക്കരണം

*ഗാന്ധിസൂക്തം*

മനുഷ്യവർഗ്ഗത്തിന് ആവശ്യമുള്ളതു മുഴുവൻ യന്ത്രവൽക്കരണം കൊണ്ട് നമുക്ക് കിട്ടുമെന്നിരിക്കട്ടെ. എന്നാലും വിതരണത്തിനായി വിപണി തേടി നാം വളരെയേറെ വട്ടം ചുറ്റേണ്ടതുണ്ട്. എന്നാൽ ഉത്പാദനവും വിതരണവും അതത് സ്ഥലങ്ങളിൽ ഒതുങ്ങി നിന്നാൽ കാര്യങ്ങൾ ലളിതമാകും. തട്ടിപ്പും ഊഹക്കച്ചവടവും അവിടെ ഉണ്ടാവില്ല.

ഉത്പാദനവും ഉപഭോഗവും പ്രാദേശിക തലങ്ങളിൽ ഒതുങ്ങി നിന്നാൽ ഏതുവിധേനയും ഉത്പാദനം കൂട്ടാൻ ഉള്ള ശ്രമം അപ്രത്യക്ഷമാകും. ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയുടെ എല്ലാ പ്രശ്നങ്ങളും നൂലാമാലകളും അവസാനിക്കും.

അപ്പോൾ വൻതോതിലുള്ള ഉത്പാദനം ഭാവിയിൽ ഇന്ത്യയിൽ നടപ്പിൽ വരുന്നതിനോട് നിങ്ങൾ യോജിക്കുന്നില്ലേ?

ആവട്ടെ. വൻതോതിൽ തന്നെ ആയിക്കൊട്ടെ. പക്ഷേ ബലം പ്രയോഗിച്ച് വേണ്ട. അതാണ് ചർക്കയുടെ സന്ദേശം. അതു വൻതോതിലുള്ള ഉത്പാദനമാണല്ലോ. എന്നാൽ ജനങ്ങളുടെ സ്വന്തം വീടുകളിലാണെന്നു മാത്രം. ദശലക്ഷണക്കിനുള്ള വ്യക്തികളുടെ ഉൽപാദനം വൻകിട ഉത്പാദനമാവില്ലേ? എന്നാൽ കഴിയുന്നത്ര കുറച്ച് ആളുകളെ ഉപയോഗിച്ച് സങ്കീർണ്ണ പ്രക്രിയകളിലൂടെ യന്ത്രങ്ങളിലൂടെയുള്ള ഉത്പാദനം എന്നതാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അത് ശരിയല്ല എന്നാണ് എൻെറ പക്ഷം. തികച്ചും ലഘുവായ ഉപകരണങ്ങൾ അത് ദശലക്ഷക്കണക്കിന് വീടുകളിലെത്തിക്കുക എന്നതാണ് എൻെറ രീതി.

*ഹരിജൻ 2-11-1934, പുറം 301-2*

# ഉണ്ണികളെ ജാഗ്രത!

പ്രീത ജയകുമാർ – 8319638274

*എന്റെ അമ്മ, സ്വർഗീയ പി. പാറുകുട്ടി ടീച്ചറുടെ എഴുത്ത് ശേഖരത്തിൽ നിന്നും ലഭിച്ച ഒരുകവിത സ്മരണാഞ്ജലിയായി മകൾ പ്രീത ജയകുമാർ പ്രസിദ്ധീകരിക്കുന്നു.*

**ഉ**ണ്ണികളെയിതു കളിയല്ലോർക്കുക
കണ്ണാൽ കാൺമതു കളിയല്ലോർക്കുക
കശ്മലനൊരുവനശാന്തി പരത്താൻ
പാഞ്ഞു നടപ്പൂ പകലും രാവും.
ഉണ്മയതിന്റെയിളം തളിർ കാർന്നവ
നുണ്ണും കൂമ്പിനെമുരടിപ്പിക്കും
പുഞ്ചിരി തൂകാൻ വെമ്പും മുകുള
മൊരിക്കലുമുണ്ടോ ലോകം കാൺമൂ!
വിഷപ്പശയാലൊരു കൂടുണ്ടാക്കി
പാവം കലികയെ ബന്ധിക്കുമ്പോൾ
കരുവാളിച്ചു മരിക്കും പൂവിൻ
കരിയും പുഞ്ചിരി കാണാലോ
ഉള്ളു തുറക്കാൻ ഉള്ളതു കാണാൻ
പള്ളിക്കൂടമതണയും ഉണ്ണിക
ളാശാൻ വിതറും വെള്ളിവെളിച്ചമ
തേറ്റും ഗാഥകൾ പാടിയുമാടിയു
മേറ്റം സ്നേഹവുമലിവിന്നുറവും
തീർക്കും സ്വർഗ്ഗം പള്ളിക്കൂട
മവന്നു രസിക്കാൻ വയ്യ സഹിക്കാൻ.
കാറ്റായ് വന്നവനവരറിയാതെ
തട്ടും തള്ളും തമ്മിലകറ്റും
കുറ്റം പറയും ഏറ്റുപിടിക്കും
ഒട്ടല്ലവിടമടർക്കളമാക്കും
തമ്മിൽ തല്ലി തലയും പോയ
കബന്ധങ്ങൾക്കായ് താളമടിപ്പൂ
നൃത്തം വെക്കാൻ, താളം മുറുകാൻ
മത്തുപിടിക്കാൻ മദിര കൊടുപ്പൂ
കാറ്റായ് കലപില ശബ്ദമതായി
വരുമ്പോളോർക്കുക കലിയോവരവിത്
ആരാമത്തിന്നങ്ങേ കൊമ്പത്തിങ്ങേ
കൊമ്പത്താടും മയിലായ്
പാടും കുയിലായ്
ആലോലം കളിയാടുമ്പോൾ
തക്കം പാർത്തവനാ കാട്ടാളൻ
വെക്കം വില്ലു കുലപ്പൂ ഞൊടിയിൽ
പിടയും ചിത്രമെടുത്തു തിമർക്കും
കുടിലൻ ചുമലിലെ സഞ്ചിയിലാക്കും
ഈവിധമായിരമല്ലേയവനുടെ
തോളിലെ നീളും ഭാണ്ഡത്തിൻ കഥ
പാൽപ്പതയുതിരും പുഞ്ചിരി കാണാ
നമ്മയൊരുക്കിയൊരപ്പം തട്ടാൻ
ചാഞ്ഞും നോക്കി ചെരിഞ്ഞും നോക്കി
യിരിപ്പുണ്ടല്ലോ ചതിയൻ കാക്ക
ഉണ്ണികളെ കരയിക്കും കാക്ക
ഉണ്ണികളെയിതു കളിയായ് കരു
തപ്പം കളയരുതവനെ കരുതണ
മറിയണമമ്മെ അറിവിൻ പൊരുളെ
പാലമൃതൂട്ടും പ്രകൃതീശ്വരിയെ

*****

# പേരന്റിംഗ് അഥവാ രക്ഷാകതൃത്ത്വം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ആരാണ് യഥാർത്ഥത്തിൽ രക്ഷകർത്താവ് നിയമപരമായി അധികാരം ആർക്കാണ്.

ഒരു കുട്ടിയെ ജനിപ്പിച്ച്, വളർത്തി വലുതാക്കി, രക്ഷിക്കാൻ സഹായിക്കുന്ന ആളാണ് രക്ഷകർത്താവ്. നിയമപരമായി ജനിപ്പിച്ച അച്ഛനുമമ്മയും ദത്തെടുത്ത കുട്ടിയുടെ കാര്യത്തിൽ ദത്തെടുത്ത ആൾക്കും മാത്രമാണ് കുട്ടിയുടെ മേൽ അധികാരം. മറ്റുള്ളവർക്ക് സ്നേഹിക്കുവാനും സഹായിക്കുവാനുമുള്ള അവകാശമാണുള്ളത് പേരന്റിംഗ് പഠിക്കേണ്ടതായിട്ടുണ്ടോ. ഏറ്റവും കഴിവുവേണ്ട ഒരു മേഖലയാണിത്. കാലം കഴിയുന്തോറും ഇത് തികച്ചും ഒരു സ്കിൽ അതായത് പരിശീലിക്കേണ്ട ഒരു കാര്യം ആയി മാറുകയാണ്. പണ്ടൊക്കെ ഒരു ചെടിയിൽ പൂക്കൾ അല്ലെങ്കിൽ ഒരു നല്ല പച്ചക്കറി മുളക്കണമെങ്കിൽ എവിടേക്കെങ്കിലും അതിന്റെ വിത്തോ തണ്ടോ നട്ടാൽ മതിയായിരുന്നു. ഇന്നതല്ല സ്ഥലം, സൂര്യപ്രകാശം, വെള്ളം, വൃത്തിയാക്കിയ തടം, കീടനാശിനി (വേണമെങ്കിൽ അങ്ങനെ), ദിവസവും ശ്രുശ്രൂഷ ഇങ്ങനെ നീണ്ടു പോകുന്നു കാര്യങ്ങൾ. മൃഗങ്ങളുടെ, പശുക്കളുടെ തൊഴുത്ത് തന്നെ പണ്ട് ദിവസത്തിലൊരിക്കലായിരുന്നു വൃത്തിയാക്കൽ ഇന്നതല്ല ഏതുനേരവും വൃത്തിയായി, കുടിക്കാൻ ജലം, പാട്ടു കേൾക്കണമെങ്കിൽ അതിനുള്ള സൗകര്യം അങ്ങനെ ഏതു സമയവും ശ്രദ്ധ ഇങ്ങനെയാണ്. അപ്പോൾ കൂടുതൽ ചിന്തിക്കാനും മനസിലാക്കാനും കഴിവുള്ള കുഞ്ഞുങ്ങളെ നോക്കി വളർത്തണമെങ്കിൽ വ്യക്തമായ പരിശീലനം ആവശ്യമല്ലേ? ഇതെപ്പോൾ തുടങ്ങണം ഒരു കുഞ്ഞുവേണമെന്നാഗ്രഹിക്കുമ്പോൾ മുതൽ അമ്മയുടെ തിരക്കുപിടിച്ച ജീവിതചര്യയിൽ, ത്യജിക്കുവാനും കുഞ്ഞിനെ സ്നേഹത്തോടു പരിചരിക്കാനുമുള്ള കഴിവ് ഉണ്ടാക്കണം. സ്വന്തം നിലനില്പ് ജീവിത പങ്കാളി, ചിലപ്പോൾ കുടുംബം ഇങ്ങനെ മുന്നോട്ടു പോകുവാനുള്ള തത്രപാടിൽ പുതിയ അതിഥിയെ എങ്ങനെ സ്വീകരിക്കണമെന്നും അച്ഛനാകാനും അമ്മയാകാനുമുള്ള തയ്യാറെടുപ്പ് വലിയ ഒരു ചുമതലയാണെന്നും വ്യക്തമായി മനസിലാക്കി വേണ്ടുന്ന തയാറെടുപ്പും നടത്തിയാൽ നന്നായിരിക്കുമെന്നറിയണം. രാവണന്റെ അമ്മയായ കേകസി ധനത്തെ കാംക്ഷിച്ചിരുന്ന പിതാവായ സുമാലിയുടെ ആഗ്രഹപ്രകാരം വിശ്രവസ് മുനിയുടെ സമീപമെത്തി പുത്രലാഭത്തേക്കുറിച്ചറിയിച്ചു. ഈ സമയത്തുണ്ടാകുന്ന കുട്ടി രാക്ഷസന്മാരായി ഭവിക്കുമെന്നു പറഞ്ഞു കേകസി സമ്മതിച്ചിട്ട് ജനിച്ച കുട്ടികൾ തപസ്സുചെയ്ത് വേണ്ട കാര്യങ്ങൾ നേടി. രാവണൻ തപസ്സുചെയ്ത് ശിവനെ പ്രീതിപ്പെടുത്തിയെങ്കിലും രാക്ഷസ സ്വഭാവം കൂടുതൽ പ്രകടമായിരുന്നത് രാവണനിലായിരുന്നു.

ദുഷ്ടതകൾ ചെയ്യാൻ സഹായിച്ചത് കേകസി തന്നെയാണ്. അതുപോലെ അഭിമന്യുവിന്റെ കഥ. പുരാണങ്ങളിലും ഇതിഹാസങ്ങളിലും വ്യക്തമായി ഋഷഭന്റെ ഉപദേശം ധ്രുവചരിതം, കൂടാതെ, ഗാന്ധാരിയും കുന്തിയും കുഞ്ഞുങ്ങളെ വളർത്തിയ ചരിത്രം ഇവയൊക്കെ സമകാലീനചിന്തയുമായി തട്ടിച്ചു

നോക്കുമ്പോൾ ഉൽകൃഷ്ടമായ മനുഷ്യജന്മം പിറവിയെടുക്കണമെങ്കിൽ ജന്മജന്മാന്തരങ്ങളിലൂടെ ആർജ്ജിച്ച അവബോധം മാതാപിതാക്കൾക്കുണ്ടാകണമെന്നു മനസ്സിലാക്കണം. ചുരുക്കത്തിൽ ഭഗവാൻ ഗീതയിൽ പറയുന്നതുപോലെ നീ തന്നെയാണ് നിന്റെ ബന്ധുവും ശത്രുവും പണ്ടുകാലത്ത് സമയവും കാലവും നോക്കി ജന്മമെടുക്കുന്നു. ഗർഭിണിയായിരിക്കുമ്പോൾ കേൾക്കുന്നതും, കാണുന്നതും ചുററുപാടിലുണ്ടാകുന്ന പ്രതികരണം. പോഷകാഹാരം ഇവയെല്ലാം പ്രാധാന്യമർഹിക്കുന്നതാണ്. ശാസ്ത്രീയമായ കാഴ്ച്ചപാടിൽ കൂടി നോക്കി കാണുകയാണെങ്കിൽ ഗർഭിണിക്കുണ്ടാകുന്ന ടെൻഷൻ, സെട്രസ്സ്, ആഘാതങ്ങൾ ഇവയെ ശാരീരികമായും മാനസീകമായും നേരിടേണ്ടിവരുമ്പോൾ ഭയം വരുമ്പോൾ ശരീരത്തിലെ ഞരമ്പുകൾക്കും രക്തവാഹിനികുഴലുകൾക്കുമുണ്ടാകുന്ന മാറ്റം കുഞ്ഞിന് ഓക്സിജൻ ലഭിക്കാതെ വന്നാൽ ഇവയൊക്കെ കുഞ്ഞിന്റെ ആരോഗ്യത്തെ ബാധിക്കുന്നില്ലേ? അതുകൊണ്ടാണ് ശ്രദ്ധയേറിയ ഒരു ജീവിതമാണ് ഗർഭിണിക്കു വേണ്ടതെന്നു പറയുന്നത്. ശാന്തമായ, സ്വതന്ത്രമായ, ആസ്വാദ്യകരമായ കാഴ്ചകൾ കാണുക, കേൾക്കുക ഇവയൊക്കെ ആരോഗ്യകരമായ ഒരു കുട്ടിയുടെ ജനനത്തെ സഹായിക്കും. കുടുംബത്തിൽ നിന്നും വൈകാരികമായ ഒരു സപ്പോർട്ട് ആവശ്യം തന്നെയാണ്. ഗവൺമെന്റു തലത്തിൽ M.M.P. ICDS, FWP, IPP ഇങ്ങനെ ധാരാളം പ്രൊജക്റ്റുകൾ അമ്മമാരുടെ അറിവിലേക്കായി നടത്തുന്നുണ്ട്. മനശാസ്ത്രത്തിൽ ഡെവലപ്പ്മെന്റൽ സൈക്കോളജി എന്നൊരു വിഭാഗമുണ്ട്. അമ്മമാരെ ബോധവൽക്കരിക്കാൻ. ഇവിടെ അന്ധമായ വിശ്വാസമോ, അമിതമായ ഉപദേശമോ, അല്ല വേണ്ടത്. ഉയർന്ന ചിന്താഗതിയും മൂല്യാധിഷ്ഠിതമായ ചിന്താധാരയും വ്യക്തമായ കാഴ്ചപ്പാടും ഉണ്ടാക്കിയെടുത്ത് ശാരീരികമായ, മാനസ്സീകമായ തയ്യാറെടുപ്പ് ഉണ്ടാക്കുക. ആവശ്യമായ സന്ദർഭങ്ങളിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പറ്റാതെ ഹിസ്റ്റീരിയ ബാധിച്ച രോഗികളെ പോലെ ബഹളം വക്കുക യും കരയുകയും അല്ല വേണ്ടത് കാലത്തിനനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളണം.

ആരാണീ അമ്മ? അമ്മയുടെ പങ്ക് എന്താണ്?

ഒരു രാജ്യത്തിന്റെ ഭാവി യുവതലമുറയുടെ കൈകളിലാണെന്നു പറയാറുണ്ടല്ലോ. ഒരു ചെടി ഒരു മരമായി മാറുമ്പോൾ ലഭിക്കേണ്ട ആഹാരവും തണലും ചൂടും പരിരക്ഷയുമെല്ലാം എങ്ങനെ വേണോ അതിന്റെ പത്തിരട്ടി സംരക്ഷണം ഒരു കുട്ടിക്കാവശ്യമുണ്ട. ഇന്നത്തെ കാലഘട്ടത്തിൽ ഭയം കൂടാതെ സഞ്ചരിക്കുവാൻ സാധിക്കില്ല. ടി.വി. തുറന്നാൽ, സോഷ്യൽ മീഡിയായിൽ ഒക്കെ കുട്ടികളോടും സ്ത്രീകളോടുമുള്ള ക്രൂരത ഇങ്ങനെയൊക്കെ അമ്മമാരുടെ നെഞ്ചിടിപ്പ് കൂടുന്ന കാര്യങ്ങൾ. കുട്ടികൾക്കാണെങ്കിലോ? മൊബൈലും സോഷ്യൽ മീഡിയയും കൂട്ടുകാരും ചേർന്നുണ്ടാക്കുന്ന ഒരു ഭ്രമം. ശാരീരികമായ വ്യതിയാനങ്ങൾ അമ്മയുടേയും അച്ഛൻെറയും മുഖത്തുണ്ടാകുന്ന ഭാവചലനങ്ങൾ, വാക്കുകൾ ഇവയെല്ലാം കുട്ടിയെ സ്വാധീനിക്കുന്നതെങ്ങനെ? അമ്മ എന്ന ജോലി നിസ്സാരമല്ല. അമ്മ ചേർത്ത് പിടിക്കുമ്പോൾ കുഞ്ഞിന് രൂപപ്പെടുന്ന വ്യക്തിത്ത്വം പേരന്റ്റിനുണ്ടാകേണ്ട ആത്മനിയന്ത്രണം ഇത്തരം കാര്യങ്ങൾ പേരന്റിംഗിൽ പഠിക്കേണ്ടതായുണ്ട്. ലോകത്തെ തന്നെ രൂപപ്പെടുത്തുന്ന സൃഷ്ടികർമ്മത്തിൽ ഭാഗഭാക്കാക്കുകയെന്നതാണ് രക്ഷകർത്താവിൻെറ ധർമ്മം.

*(തുടരും)*

*****

# പെൻസിലിൽ

യു.എസ്. രവീന്ദ്രൻ- 9496120978

നമ്മൾ ഒരു കാര്യത്തിനു വേണ്ടി ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ പ്രകൃതിയും നമ്മുടെ സഹായത്തിനെത്തുന്നു. അൽകെമിസ്റ്റ് എന്ന നോവലിലാണ് പൌലോകൊയ്‌ലോ ഇതു പറഞ്ഞിട്ടുള്ളത്. പല പല സംഭവങ്ങൾ ദൃഷ്ടാന്തങ്ങളായുള്ളത് കൊണ്ടാവാം. അദ്ദേഹം അങ്ങനെ പറഞ്ഞത്. ന്യൂട്ടൺ ആപ്പിൾ താഴേക്കുവീഴാനുള്ള കാരണത്തെത്തേടി പോയതു കൊണ്ടാണ് ഗുരുത്വാകർഷണത്തെപ്പറ്റിയുള്ള കണ്ടെത്തലുകൾ ഉണ്ടായത്. മാഡംക്യൂറിയുടെ അശ്രാന്തപരിശ്രമഫലമായാണ് കാൻസറിനുള്ള ചികിത്സക്ക് വേണ്ടി റേഡിയവും പോളോണിയവും ഉപയോഗിക്കാമെന്ന് കണ്ടെത്തിയത്. ഒന്നാം ലോകമഹായുദ്ധകാലത്ത് മുറിവുകളിലെ അണുബാധയേറ്റ് ലക്ഷക്കണക്കിന് പട്ടാളക്കാർ മരിക്കുന്നത് കണ്ടിട്ടാണ് അലക്സാണ്ടർഫ്ലെമിങ്ങിന് അണുബാധ ചെറുക്കുന്ന പെൻസിലിൽ കണ്ടുപിടിക്കാനുള്ള പ്രചോദനം ഉണ്ടായത്. മേൽപറഞ്ഞ സംഭവങ്ങളിലെ യാദൃശ്ചികങ്ങളെല്ലാം പ്രകൃതിയുടെ നിയോഗങ്ങളാണ്.

പൂപ്പലുകളുടെ രോഗപ്രതിരോധശക്തിയെപ്പറ്റി അധികം ആർക്കും അറിഞ്ഞുകൂടായിരുന്നു. ഒരു മുറിവുപറ്റിയാൽ ആദ്യം നമ്മൾ ചെയ്യുന്നത് ഏറ്റവും അടുത്ത് ആദ്യം കിട്ടുന്ന തുണിയോ കടലാസോ ഇലയോ എന്തെങ്കിലും എടുത്തു തുടയ്ക്കുകയാണ്. പണ്ട് ഗ്രീസിലും സൗർബിയയിലും മറ്റുമുള്ളവർ പൂപ്പൽ വന്ന ബ്രഡിന്റെ കഷ്ണമെടുത്ത് തുടച്ചാൽ മുറിവ് വേഗം ഉണങ്ങുമെന്ന് മനസ്സിലാക്കിയിരുന്നു. എന്നാൽ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന തത്ത്വം എന്താണെന്നവർക്കറിയില്ലായിരുന്നു. എന്നാൽ ക്യസ്തുവിന് മുൻപ് (161-137 വി.സി) ശ്രീലങ്ക ഭരിച്ചിരുന്ന രാജാവായ ഡുട്ടുഗെൻമുനുവിന്റെ പട്ടാളക്കാർക്കുണ്ടാകുന്ന മുറിവുണക്കാൻ തൈലാധിഷ്ഠിതമായ ഒരു തരം പിണ്ണാക്ക് ഉണ്ടാക്കി സൂക്ഷിച്ചിരുന്നു.

സാഹിത്യകാരനായിരുന്ന ഹെന്റിഡിയൻ കീവിഡ്(1845 - 1916) ന്റെ ലേഖനങ്ങളിൽ പരിനേഴാം നൂറ്റാണ്ടിൽ പോളണ്ടുകാർ ചിലന്തിവല പ്രത്യേകമായി വളർത്തിയെടുത്ത് ബ്രഡുമായികൂട്ടികുഴച്ച് മുറിവുകൾ അണുബാധയേൽക്കാതെ ഡ്രസ്സ് ചെയ്യാമെന്ന് കണ്ടുപിടിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ with fine and sword ( 1884), Quovadis (1895) എന്ന കഥകളിൽ ഇതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. 17-18 നൂറ്റാണ്ടുകളിലുള്ള പല വിവരണങ്ങളിലും വിവിധയിനങ്ങളിലുള്ള പൂപ്പലുകൾ ഉപയോഗിച്ച് അണുപ്രതിരോധ ചികിത്സകൾ നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അലക്സാണ്ടർ ഫ്ലെമിങ്ങ് പെൻസിലിൽ കണ്ടുപിടിക്കുന്നതിന് മുമ്പ് ജർമ്മൻ ശാസ്ത്രജ്ഞനായ ജോഹൻലിങ്ക് (1767-1851) മൂന്നു തരത്തിലുള്ള പൂപ്പലുകളെ പറ്റി വിവരിച്ചിട്ടുണ്ട്.

പെൻസീലിയത്തിന്റെ സാന്നിദ്ധ്യം ബാക്ടീരിയയുടെ വളർച്ചയെ തടയുന്നു എന്ന് 1871ൽ ജോൺസ്കോട്ട് ബൈർഡർ എന്ന പാഡിങ്ടൺ മെഡിക്കൽ ഓഫീസർ രേഖപ്പെടുത്തിയിട്ടുണ്ട.

മറുകരയിൽ ഒരു ഫ്രഞ്ച് മെഡിക്കൽ ഓഫീസർ ഏണസ്റ്റ് ഡൂഷൻ (1874-1912) തന്റെ ഡോക്ടറേറ്റിനുള്ള ഗവേഷണപ്രബന്ധത്തിന്റെ

തലക്കെട്ട് കൊടുത്തിരുന്നത് ഇങ്ങനെയാണ് അണുക്കളും പൂപ്പലും തമ്മിലുള്ള വിരോധം. ഇങ്ങിനെ ഒരു തലക്കെട്ട് നൽകാനുണ്ടായ പ്രലോഭനം ലഭിച്ചത് ഒരു കുതിരാലയത്തിലെ ജോലിക്കാരുടെ ചില പ്രവൃത്തികളിൽനിന്നായിരുന്നു. അവർ കുതിരസവാരിയ്ക്കുള്ള ഇരിപ്പിടം ഉപയോഗത്തിനുശേഷം മനപൂർവ്വം സൂക്ഷിച്ചിരുന്നത് ഇരുട്ടും ഈർപ്പവുമുള്ള മുറികളിലായിരുന്നു. തന്മൂലം തുകലുകൊണ്ടുള്ള ഇരിപ്പിടത്തിന്റെ അടിവശത്ത് ധാരാളം പൂപ്പലുകൾ വളരുമായിരുന്നു. ഈ പൂപ്പൽ കുതിരകളുടെ ശരീരത്തിലുണ്ടാകുന്ന മുറിവുകളെ അണുബാധയേൽക്കാതെ സംരക്ഷിക്കുമായിരുന്നത്രേ. ഈ പൂപ്പലുകൾ എടുത്ത് അവർ എലികളിലും പൂച്ചകളിലും പരീക്ഷിച്ചു. മുറിവുകളിൽ അണുബാധയേൽക്കാതെ അവയെല്ലാം സുഖപ്പെട്ടു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ആ ഫ്രഞ്ച് ഡോക്ടറുടെ തിസീസിന് ആരും വിലകൽപ്പിച്ചില്ല. മറുവശത്ത് ഇംഗ്ലണ്ടിൽ അലക്സാണ്ടർ ഫ്ലെമിങ്ങ് (1881– 1955) എന്തൊക്കെയോ കണ്ടുപിടിക്കാനുള്ള ശ്രമത്തിലായിരുന്നു.

ഒന്നാം ലോകമഹായുദ്ധകാലത്ത് പത്തുദശലക്ഷം പട്ടാളക്കാർ മരിച്ചതിൽ പകുതിയോളം മരണം മുറിവുകളിൽ നിന്നുള്ള അണുബാധമൂലം മാത്രമാണ്. വെടിയേറ്റിട്ടോ വിഷവാതകം ശ്വസിച്ചിട്ടോ അല്ലായിരുന്നു. മുറിവുകളിലെ അണുബാധയോട് പയറ്റാൻ എന്തെങ്കിലും ഒരു ഔഷധം കണ്ടെത്തിയേ മതിയാവൂ എന്ന ദൃഢമായ നിശ്ചയം ഫെളമിങ്ങിൽ ഉടലെടുത്തു. അതേ സമയം യുദ്ധസമയത്ത് പടർന്നുപിടിച്ച ഫ്ലൂവും യുദ്ധത്തിൽ മരിച്ചവരേക്കാൾ കൂടുതൽ പേരുടെ ജീവനെടുത്തു.

ഒരു ദിവസം ഫ്ലെമിങ്ങിന് കഠിനമായ ജലദോഷം ബാധിച്ചു. പാഡിങ്ങ് ടണിലെ സെന്റ് ജോസഫ് ഹോസ്പിറ്റലിലെ ലാബോറട്ടറിയിൽ ചില പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കയായിരുന്നു ഫ്ളെമിങ്ങ്. ബെഞ്ചിന്മേൽ ഇരുന്ന് ഡെസ്ക്കിലേയ്ക്ക് വളഞ്ഞ് കയ്യിലിരുന്ന ഒരു പരീക്ഷണ ഡിഷ് ഡസ്ക്കിന്മേൽ വച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ജലദോഷം മൂലം മൂക്കിൽ നിന്നും ഒലിച്ചിറങ്ങിയ വെള്ളത്തുള്ളികൾ ആഡിഷിലേയ്ക്ക് വീണു. തുമ്മലും ചീറ്റലും കൊണ്ട് പരീക്ഷണം തുടരാൻ സാദ്ധ്യമാകാതെ വന്നപ്പോൾ ഫ്ലെമിങ്ങ് ലാബോറട്ടറിക്ക് പുറത്തേയ്ക്കു പോയി ജലദോഷത്തിന്റെ കാഠിന്യത്തിന് കുറച്ചു ശമനമായപ്പോൾ അദ്ദേഹം ലാബോറട്ടറിയിലേയ്ക്ക് തിരിച്ചു വന്നു. ആശ്ചര്യമെന്നു പറയട്ടെ. നേരത്തേ മൂക്കിൽ നിന്നും വെള്ളത്തുള്ളികൾ വീണ ആ ഡിഷിലെ ബാക്ടീരിയ കൾച്ചർ എല്ലാം ബാക്ടീരിയ ഇല്ലാത്തതായി കാണപ്പെട്ടു. മൂക്കിൽ നിന്നും വന്ന വെള്ളത്തുള്ളികളുടെ പ്രവർത്തനം കൊണ്ടുതന്നെയാണോ അതു സംഭവിച്ചതെന്ന് ഉറപ്പുവരുത്താൻ ഫ്ലെമിങ്ങ് മൂക്കിന്റെ ഒരു ദ്വാരം അടച്ചുപിടിച്ച് ബാക്ടീരിയ കൾച്ചർ ഉള്ള മറ്റൊരു ഡിഷിലേക്ക് ശക്തമായി ചീറ്റി. നേരത്തേ സംഭവിച്ച പോലെ തന്നെ നിമിഷങ്ങൾക്കുള്ളിൽ ആ ഡിഷിൽ ഉണ്ടായിരുന്ന ബാക്ടീരിയ അപ്രത്യക്ഷമായി. ഫ്ലെമിങ് അദ്ദേഹത്തിന്റെ സഹായിയായ അലിസനെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. ബാക്ടീരിയെ നശിപ്പിക്കാൻ കഴിവുള്ള പ്രകൃതീ ദത്തമായ ലൈസോസം എന്ന വസ്തുവിനെ ഫ്ലെമിങ്ങ് കണ്ടുപിടിച്ചിരിക്കുന്നു. ഇത് മനുഷ്യന്റെ കണ്ണീരിലും ഉമിനീരിലും മൂക്കട്ടയിലും ധാരാളമുണ്ടത്രേ. പരീക്ഷണങ്ങൾ തുടർന്നു. അടുത്ത കുറേ ആഴ്ചകൾ കണ്ണുനീരുകൊണ്ടായിരുന്നു പരീക്ഷണം. ചെറുനാരങ്ങ ഞെക്കി കണ്ണിലേക്ക് ചീറ്റിച്ച് കണ്ണുനീരുണ്ടാക്കി (ആ മിടുക്കന്മാർ ഉള്ളിയുടെ കാര്യം ഓർത്തുകാണില്ല) അലക്സാണ്ടർ ഫ്ലെമിങ്ങിൻെറ അലസസ്വഭാ

വം വൃത്തിക്കും വെടിപ്പിനും അധികപ്രാധാന്യം കൊടുത്തിരുന്നില്ല. ജോലി ചെയ്യുന്ന സ്ഥലത്തും ഇതുതന്നെയായിരുന്നു സ്ഥിതി. അദ്ദേഹത്തിന്റെ കുട്ടിഫലിതങ്ങളും കാര്യങ്ങളിലെ വ്യവസ്ഥക്കുറവും മൂലം പലകാര്യങ്ങളും എത്തേണ്ടയിടത്ത് എത്താത്ത സ്ഥിതിയുണ്ടാക്കി. പരീക്ഷണശാലയിൽ പരീക്ഷണം കഴിഞ്ഞാൽ പരിസരം ശുചിയാക്കി വയ്ക്കുവാൻ മടിയായിരുന്നു. 1928 ലെ ജൂലൈ മാസത്തിൽ അദ്ദേഹം അവധിയെടുത്ത് പോയിട്ട് തിരിച്ച് ജോലിക്കെത്തിയത് സെപ്തംബറിൽ ആയിരുന്നു. വന്നപ്പോൾ ലോബോറട്ടറിയിലെ മേശപ്പുറത്തുള്ള പരീക്ഷണ സൃഷ്ടികളുടെ കോലങ്ങൾ കണ്ടിട്ട് അദ്ദേഹത്തിനു തന്നെ നാണം തോന്നി. ഡിഷുകളെല്ലാം പെറുക്കിയെടുത്ത് സ്റ്റെറിലൈസ് ചെയ്യുവാൻ ബക്കറ്റിൽ വെള്ളം നിറച്ചു. വെള്ളത്തിലിടുവാൻ സമയത്ത് ഓരോ പൂപ്പൽ വന്നു മൂടിയ  ആ ഡിഷുകളെല്ലാം അണുവിമുക്തമായിരുന്നു എന്ന് കണ്ടു. ഈ പൂപ്പലിന് pencilium notatum എന്ന് പേരുകൊടുത്തു. പക്ഷെ മനുഷ്യരിൽ ആയി antibiotic ആയി പ്രയോഗിക്കുവാൻ തക്കവിധത്തിലുള്ള ഒരു പെൻസീലിയത്തിൻെറ ഉല്പാദനം എങ്ങിനെ നടത്താം എന്ന് പരീക്ഷിച്ചു നോക്കാൻ ഫ്ലെമിങ്ങിന് ക്ഷമയുണ്ടായിരുന്നില്ല. പത്തുകൊല്ലങ്ങൾക്കുശേഷം 1939ൽ ഏണസ്റ്റ് ബോറിസ് ചെയിൻ (1906–1979) എന്ന ജൂതനായ ബയോകെമിസ്റ്റ് നാസി ജർമ്മനിയിൽ നിന്നും പലായനം ചെയ്ത് ഓക്സ്ഫോർഡിൻ ചെല്ലുകയും, യാദൃശ്ചികമായി അലക്സാണ്ടർ ഫ്ലെമിങ്ങിന്റെ പെൻസിലിയത്തിനു വേണ്ടി നടത്തിയ ഗവേഷണങ്ങളുടെ റിപ്പോർട്ടുകൾ കാണുക യും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ വേണ്ടതാണെന്ന് മനസ്സിലാക്കുകയും ചെയ്തു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പാത്തോളജി വകുപ്പിലെ ആസ്ത്രേലിയക്കാരനായ ഹോവാർഡ് ഫ്ലോറെയുമായി സഹകരിച്ച് അലക്സാണ്ടർ ഫ്ലെമിങ്ങിന്റെ ഗവേഷണപാത പിൻതുടർന്ന് പെൻസിലിൽ എന്ന ആന്റിബയോട്ടിക് മൃഗങ്ങളിൽ വിജയകരമായി പരീക്ഷിച്ചു. മൃഗങ്ങളിൽ പരീക്ഷിക്കാൻ വേണ്ടി രണ്ട് ഗിനിയ പന്നികൾക്കു വേണ്ടി ചെയിനും ഫ്ലോറെയും ലാബോറട്ടറി അധികൃതരോട് അപേക്ഷിച്ചു. പക്ഷേ അവർക്ക് കിട്ടിയത് രണ്ടു എലികളെയാണ്. എലികളിലുള്ള പരീക്ഷണം വിജയകരമായി പൂർത്തീകരിച്ചു (പെൻസിലിൽ പന്നികളിൽ മാരകമായ വിഷമാണ്. ആദ്യം പന്നികളെ കിട്ടിയിരുന്നെങ്കിൽ ഫലം നിരാശാജനകമായേനെ. എലികളെ കിട്ടിയതും യാദൃശ്ചികം എന്ന നിയോഗമാണ്) തുടർന്ന് 1941ൽ പെൻസിലിൻ മനുഷ്യരിലും വിജയകരമായി പരീക്ഷിച്ചു. ആദ്യം പരീക്ഷിച്ചത് കാൻസർ ബാധിച്ച ഒരു സ്ത്രീയിലായിരുന്നു. പക്ഷേ ഉപയോഗിച്ച പെൻസിലിൻ ശുദ്ധമല്ലാത്തതായിരുന്നതിനാൽ വേണ്ടത്ര ഫലം കണ്ടില്ല. രണ്ടാമതായി പെൻസിലിൻ പ്രയോഗിച്ചത് ആൽബർട്ട് അലക്സാണ്ടർ എന്ന പോലീസുകാരനിലായിരുന്നു. അയാളുടെ മുഖത്തേറ്റ ഒരു മുറിവ് പഴുത്ത് വലുതായതായിരുന്നു. പെൻസിലിൻകൊണ്ട് ചികിത്സിച്ച് രോഗം ഭേദപ്പെട്ടുവരികയായിരുന്നു എങ്കിലും രോഗം മാറുന്നതുവരെ ചികിത്സിക്കാനുള്ള അളവ് പെൻസിലിൻ സ്റ്റോക്കുണ്ടായിരുന്നില്ല. കുറച്ചു ദിവസങ്ങൾക്കുശേഷം പഴുപ്പിന്റെ അണുബാധ ശരീരത്തിനേയും ബാധിച്ച് അദ്ദേഹം മരിച്ചു. ഫ്ലോറെയ്ക്കും ചെയിനും നിരാശയുണ്ടായി. എങ്കിലും പെൻസിലിന്റെ അണുനശീകരണശക്തിയിൽ അവർക്ക് വിശ്വാസമുണ്ടായിരുന്നു. പെൻസിലിൻ വർദ്ധിച്ച അളവിൽ ഉൽപ്പാദിപ്പിക്കാൻ സംവിധാനങ്ങൾ കണ്ടെത്തുന്നതിന് അവർ ജർമ്മനിയിൽ നിന്നും അമേരിക്കയിലേക്ക്

പോകുകയും ഇല്ലനോയ്സിലെ അഗ്രികൾച്ചറൽ വകുപ്പുമായി സഹകരിച്ച് പെൻസിലിൻ ഉയർന്നതോതിൽ ഉൽപ്പാദിപ്പിക്കുവാനും തുടങ്ങി. കേടുവന്ന ഒരു തണ്ണീർമത്തനിൽ ഒട്ടിപ്പിടിച്ചിരുന്ന പൂപ്പൽ ഉപയോഗിച്ചായിരുന്നു പെൻസിലിൻ ഉല്പാദനത്തിന്റെ തുടക്കം. അതിനുശേഷം അത്തരത്തിലുള്ള തണ്ണീർമത്തൻ വ്യാപകമായി കൃഷിചെയ്ത് അതിൽ നിന്നും ഉണ്ടാക്കുന്ന പൂപ്പൽ ഉപയോഗിച്ച് വ്യാപാരാടിസ്ഥാനത്തിൽ പെൻസിലിൻ ഉല്പാദിപ്പിക്കാൻ തുടങ്ങി.

1945ൽ അലക്സാണ്ടർ ഫ്ലെമിങ്ങ് ഏണസ്റ്റ് ബോറിസ്ചെയിൻ ബോവാഡ്ഫ്ലോറേ എന്നിവർ ചേർന്ന് ജീവശാസ്ത്രത്തിനും വൈദ്യശാസ്ത്രത്തിനും ഉള്ള നോബൽ സമ്മാനം പങ്കിട്ടു. പെൻസിലിൻ ഗവേഷണം തുടങ്ങിവച്ചത് ഫ്ലെമിങ് ആയിരുന്നെങ്കിലും പൂർത്തികരിച്ചത് ചെയിനും, ഫ്ലൊറെയും കൂടിയായിരുന്നു. ചിലപ്പോൾ ഭാഗ്യം കൈവിട്ടു പോകുന്ന വ്യക്തികളേയും കാണാം. അയർലന്റുകാരനായ ഒരു ഡോക്ടറായിരുന്നു ജെയിംസ് ടോമി. 1920 ൽ തന്നെ സ്വന്തമായി വികസിപ്പിച്ചെടുത്ത പെൻസിലിൻകൊണ്ട് വളരെപ്പേരെ ചികിത്സിച്ച് സുഖപ്പെടുത്തിയിരുന്നു. അലക്സാണ്ടർ ഫ്ലെമിങ്ങുമായി ഈ വിഷയത്തിൽ സംസാരിച്ച് ഗവേഷണത്തിനുള്ള ഒരു കൈത്താങ്ങാകാൻ 1938 ൽ ജർമ്മനിയിൽ എത്തിയതായിരുന്നു. ഫ്ലെമിങ് ജോലിചെയ്തുകൊണ്ടിരുന്ന അതേസ്ഥാപനത്തിൽ എത്തിയപ്പോൾ കുഴഞ്ഞുവീണു മരിക്കുകയായിരുന്നു. വിധിയെ തടുക്കാൻ ആർക്കും കഴിയില്ലല്ലോ. മലയാളിയായ ECG സുദർശവന് നോബൽ സമ്മാനം ലഭിക്കാതെ പോയതും നമുക്കറിയാമല്ലോ.

*****

### *പ്രതികരണം*

Home they brought her warrior dead എന്നതിന്റെ സ്വതന്ത്ര ആവിഷ്ക്കാരം എന്ന കുറിപ്പ് വായിച്ചു കഴിഞ്ഞപ്പോൾ ആദ്യം തോന്നിയത് വെറും തർജ്ജമയാവില്ല എന്നാണ്. വായിച്ചു വന്നപ്പോൾ ഒരു പുതിയ കവിത എന്നു തന്നെ പറയണം എന്നു മനസ്സിലായി. ഒരു ഇംഗ്ലീഷ് കവിതയുടെ അടിസ്ഥാനമായ സംഭവത്തെ മലയാളീകരിച്ച് ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. she nor swoon'd nor utter`d cry എന്ന കുറച്ചുവാക്കുകളെ പന്ത്രണ്ടുവരികളെ ഒരു ഭാരത, കേരളവനിതയായി വിവരിച്ചിരിക്കുന്നത് അത്യന്തം രസകരം.

അതുപോലെ തുടർന്നും ഓരോ കാര്യങ്ങളും ഹൃദയ സ്പർശിയായി. കുട്ടിക്കാലത്ത് അമ്മ കവിത വായിച്ച് അർത്ഥം പറഞ്ഞു തന്നപ്പോൾ ഉണ്ടായ അതേ ആന്തൽ ഈ വയസ്സുകാലത്ത് ശ്രീ രാജന്റെ കവിത വായിച്ചപ്പോഴും അനുഭവപ്പെട്ടു.

ആധുനിക ഗദ്യകവിതയാക്കാതെ മനോഹരമായ ഈ വരികൾ സൃഷ്ടിച്ചതിന് അനുമോദനങ്ങൾ.

Comments from

***Geetha, Panthiyil, Calicut.***

# ഇന്നത്തെ നമ്മുടെ നാടും മനുഷ്യരും

വി.കെ. വേണുഗോപാൽ– 9287349876

ഒരു നാടിനെ സമ്പന്നമാക്കുന്നത് ആ നാട്ടിലെ കൃഷിയും വ്യവസായവുമാണ്. മനുഷ്യന് ജീവിക്കാൻ ഏറ്റവും അത്യാവശ്യമായ ഭക്ഷ്യവസ്തുക്കളും മറ്റു ഭൗതിക വസ്തുക്കളും കിട്ടുന്നത് കൃഷിയിലൂടെയും വ്യവസായത്തിലൂടെയുമാണ്. കൂലി ചിലവും മറ്റ് ഉൽപാദന ചിലവുകളും കൂടുതലായതിനാൽ ഇവ രണ്ടും നമ്മുടെ നാട്ടിൽ നല്ല രീതിയിൽ നടക്കുന്നില്ല. അതേ സമയം കൂലിയും മറ്റ് ഉൽപാദന ചിലവുകളും കുറവുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് കാർഷികോല്പന്നങ്ങളും വ്യവസായികോൽപന്നങ്ങളും ധാരാളമായി വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി നമ്മുടെ നാട്ടിൽ കച്ചവടം തഴച്ചു വളരുകയാണ്. ഇത് കച്ചവടത്തിൽ മൽസരം കൂടാനും കൂടുതൽ ആളുകൾ കച്ചവടരംഗത്തേയ്ക്ക് കടന്നുവരുന്നതുകൊണ്ട് കച്ചവടവുമായി ബന്ധപ്പെട്ടവർക്ക് വരുമാനം ഗണ്യമായി കുറയാനും ഇടവരുത്തുന്നു.

കൃഷിയും വ്യവസായവും നമ്മുടെ നാട്ടിൽ മോശമായതിനാലും ഉന്നതവിദ്യാഭ്യാസം ധാരാളമായി കിട്ടുന്നതിനാലും നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ ധാരാളമായി വിദേശ രാജ്യങ്ങളിലേക്കു പോയി ജോലി ചെയ്തു വരുമാനമുണ്ടാക്കാനും വരുമാനത്തിന്റെ നല്ലൊരു പങ്ക് നാട്ടിലേക്ക് അയക്കാനും ഇടവരുന്നു. ഇത് ഈ നാട്ടിലുള്ളവരുടെ purchasing capactiy വർദ്ധിപ്പിക്കാൻ ഇടവരുത്തുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ഭൗതിക വസ്തുക്കൾ ധാരാളമായി വാങ്ങിക്കാനും ഇടവരുന്നു. കൃഷിയിലും വ്യവസായത്തിലും മുടക്കിയാൽ നഷ്ടമായതുകൊണ്ട് വലിയ ആഢംബര വാഹനങ്ങളും വലിയ വീടുകളും വലിയ കെട്ടിടങ്ങളും സ്വർണ്ണവും വെള്ളിയും സമ്പാദിക്കാനും ഇടവരുന്നു.

ഇവക്കെല്ലാം അമിതമായി ചെലവാക്കുന്ന പണം dead money ആയി തീരുകയാണ് ചെയ്യുന്നത്. കാരണം ഇതുകൊണ്ട് സമൂഹത്തിലെ മറ്റുള്ളവർക്ക് യാതൊരു പ്രയോജനവും കിട്ടുന്നില്ല.

ഇന്ന് ഭൗതിക വസ്തുക്കളെ പറ്റിയുള്ള പഠനങ്ങളും കണ്ടുപിടുത്തങ്ങളും വലിയ രീതിയിൽ ആയതിനാൽ നവീനങ്ങളായ ഭൗതിക വസ്തുക്കളുടെ നിർമ്മാണവും നല്ല രീതിയിൽ നടക്കുന്നു. അതേ സമയം ഒരാളുടെ നല്ല ജീവിതത്തിനു വേണ്ട മനസ്സിനെ പറ്റിയും ജീവിതത്തെ പറ്റിയുമുള്ള അറിവ് കിട്ടാതെയും പോകുന്നു. മനുഷ്യ മനസ്സിൻെറ 10 ശതമാനം ബോധമനസ്സും 90 ശതമാനം ഉപബോധമനസ്സുമാണെന്നാണ് ശാസ്ത്രം പറയുന്നത്. ഉപബോധമനസ്സാണ് അയാളുടെ ആത്മാവ്. തലമുറകളായി കിട്ടിക്കൊണ്ടിരുന്ന ആത്മജ്ഞാനം കിട്ടാതെ വരുന്നതിനാൽ ഇന്നത്തെ മനുഷ്യർ ബോധമനസ്സ് മാത്രം ഉപയോഗിച്ച് ജീവിക്കുകയാണ്. ഒരാൾ ജനിക്കുമ്പോൾ മുതൽ മരിക്കുന്നതുവരെ എല്ലാ സമയവും ശരീരത്തെ പ്രവർത്തിപ്പിക്കുന്നത് അയാളുടെ ആത്മവാണ്. ഒരാളുടെ ആത്മാവ് ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന പരമാത്മാവിൽ നിന്നും വന്ന് പരമാത്മാവിലേക്ക് മടങ്ങുന്നവയാണ്. ആത്മീയത അഥവ ധാർമ്മികത എന്നു പറയുന്നത് ആത്മാവിന്റെ പ്രകടനമാണ്. ആത്മജ്ഞാനം എന്നു

പറയുന്നത് ആത്മാവിനെ പറ്റിയുള്ള അറിവാണ്. നമ്മുടെ മതഗ്രന്ഥങ്ങളിലെല്ലാം ആത്മാവിന്റെ പ്രകടനങ്ങൾ ആണുള്ളത്. പണ്ടത്തെ കലാകാരന്മാരും സാഹിത്യകാരന്മാരും അവരുടെ ആത്മാവിൽ നിന്നും പുറപ്പെടുവിച്ചിരുന്ന അവരുടെ കലാസൃഷ്ടികൾ ആസ്വാദകരുടെ ആത്മാവിൽ ആനന്ദം പകരുമായിരുന്നു. ഈ പ്രപഞ്ചത്തിലെ ഏററവും വിലപ്പെട്ട വസ്തു സ്നേഹമാണെന്നും അത് വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും പ്രകടിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണെന്നും അറിയാത്തതിനാൽ ഭാര്യാഭർതൃബന്ധങ്ങളും മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ആത്മീയ ബന്ധങ്ങളും ഇല്ലാതെയായിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ കുടുംബം അണുകുടംബമായതിനാലും കുട്ടികൾ ഉപജീവനത്തിനായി വിദേശരാജ്യങ്ങളിൽ പോകേണ്ടി വരുന്നതിനാലും ഇന്നത്തെ തലമുറക്ക് ധാർമ്മികത ഇല്ലാതെയായിരിക്കുന്നു. നമ്മുടെ പഴയ ജീവിത രീതിയിലും നന്മകളെ പോലെ തന്നെ ധാരാളം തിന്മകളും ഉണ്ടായിരുന്നു എന്ന് നമ്മൾ അറിയണം. ഒന്നു നേടുമ്പോൾ മറ്റൊന്ന് നഷ്ടപ്പെടുന്നു എന്ന് മാത്രം. പണ്ട് നമ്മുടെ നാട്ടിൽ ജാതിയുടെ പേരിലും സ്വത്തിന്റെ അടിസ്ഥാനത്തിലുംഎല്ലാം ഉണ്ടായിരുന്ന ഗുരുതരമായ അസമത്വങ്ങളൊന്നും ഇന്നില്ല. വിപ്ലവകരമായ ചിന്താഗതികളില്ലാതെ ഇതൊന്നും നടക്കുമായിരുന്നില്ല. ഇന്ന് ഭാര്യയും ഭർത്താവും ജോലിക്ക് പോകുന്ന കാലമാണ്. പഴയജീവിതവുമായി താരതമ്യപ്പെടുത്താതെ ഭൗതിക സുഖങ്ങൾ ധാരളമുള്ള ഈ കാലത്ത് ഈ ഭൗതിക സുഖങ്ങൾ മറ്റുള്ളവർക്ക് ദോഷം വരാത്ത വിധത്തിൽ പരമാവധി ഉപയോഗപ്പെടുത്തി എങ്ങനെ സന്തോഷകരമായി ജീവിക്കാം എന്നാണ് നമ്മൾ നോക്കേണ്ടത്. നിർഭാഗ്യവാന്മാരായ പുതിയ തലമുറയിലുള്ളവർ നമ്മുടെ സഹതാപം അർഹിക്കുന്നു. അവരുടെ ഭൗതിക സുഖങ്ങളൊന്നും അവർക്ക് ആത്മശാന്തി നൽകാനിടയില്ല എന്ന് നമ്മളറിയണം. അവർക്കും മംഗളം വരട്ടെ. നമ്മൾ അവർക്കും മംഗളം നേരുകയാണ് വേണ്ടത്.

*****

## 2024 മാർച്ച് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




**വേണുഗോപാലൻ എം. എൻ.**
L/3806 പ്രഭാത് ലെയിൻ
നമ്പർ 5, ജനത റോഡ്
വൈറ്റില, കൊച്ചി-29



**ജയചന്ദ്രൻ. എം.**
L/0946 മാണിക്കത്ത്
ഹൗസ്, അശ്വതി,
രവിപുരം റോഡ് - 16



**ടി. നന്ദകുമാർ മേനോൻ**
L/2063 തോട്ടക്കാട്ട്
റീജന്റ് ഗാർഡൻ
ഹോസ്പിറ്റൽ റോഡ്
കൊച്ചി - 11



**ശങ്കരമേനോൻ**
L/0596നെടിയംവീട്ടിൽ
ചിറ്റൂർ റോഡ്
കൊച്ചി - 682011

# നാടകത്രയങ്ങൾ

**കല്പകം സോമരാജൻ** – 9895453072

നാടകം എന്നത് ഒരു രാഗദൃശ്യകലാരൂപമാണ്. സമൂർത്തമായ കഥാ സന്ദർഭങ്ങളെ അതിഭാവുകത്യത്തോടെ രാഗത്തഭിനയിച്ച് രംഗവാസികളെ രസിപ്പിക്കുകയാണ് നാടകധർമ്മം. ഇതുപോലെ അകനാടകം എന്ന സാഹിത്യശാഖയും നാടക സാഹിത്യരൂപത്തിലുണ്ട്. ഇത് ദൃശ്യാവിഷ്ക്കാരത്തിന് ഉദകുന്നതല്ല. എന്നാൽ ഭാവാത്മകമായ നാടകീയ മുഹൂർത്തങ്ങൾ അവബോധത്തോടെ വായനക്കാർക്കു വേണ്ടി രചിക്കപ്പെടുന്നവയാണ്. ഈ അകനാടകശാഖ. നാടക രചയിതാവായി പ്രസിദ്ധനായ ശ്രീ എം. സുകുമാർജിയാണ് ഈ സാഹിത്യരൂപത്തിന്റെ ഉപജ്ഞാതാവ്. പൂക്കൾ കൊണ്ടൊരിതിഹാസമായിരുന്നു ഇദ്ദേഹത്തിന്റെ ആദ്യകൃതി.

ദൃശ്യാവിഷ്ക്കരണനാടകങ്ങളെ കുറിച്ചുമാത്രം ചിന്തിച്ചാൽ നമ്മുടെ തനതായ ലോകോത്തര ദൃശ്യകലാരൂപങ്ങളായ കഥകളി, ഓട്ടൻതുള്ളൽ തുടങ്ങിയവയെല്ലാം ദൃശ്യാവിഷ്ക്കരണ രൂപത്തിലുള്ളവയാണ്. എന്നാൽ ഈ രീതിയിലുള്ള കലാരൂപങ്ങളല്ല പടിഞ്ഞാറൻ നാടുകളിൽ നിന്ന് അക്കാലത്ത് ഇവിടെ പ്രചരിച്ച നാടകകലാരൂപങ്ങളാണ് മലയാളനാടകരൂപവല്ക്കരണത്തിൽ സ്വാധീനിച്ചതെന്ന് പറയപ്പെടുന്നു. എന്നാൽ ചവിട്ടുനാടക രൂപത്തിൽ പ്രദർശിപ്പിക്കപ്പെട്ട ജെനോവ, നെപ്പോളിയൻ തുടങ്ങിയ നാടകങ്ങളൊന്നും വിജയം കണ്ടതായി രേഖപ്പെടുത്തിയിട്ടില്ല. കല്ലൂർ ഉമ്മൻ ഫീലിപ്പോസ് ഷെക്സ്പിയർ കൃതിയിൽ നിന്ന് വിവർത്തനം ചെയ്ത ആൾ മാറാട്ടമാണ് മലയാളത്തിലെ നാടകരൂപത്തിലുള്ള ആദ്യകൃതി എന്ന് കാണുന്നു. ഇത് 1866ൽ ആണ്. എന്നാൽ മലയാള നാടകകൃതികൾക്ക് തുടക്കം കുറിച്ചത് ഭാഷാ കുലപതി കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളം വിവർത്തനത്തോടെയാണ്. ശാകുന്തളം പരിഭാഷക്കു മുൻപ് മലയാളത്തിൽ പ്രചരിച്ചിരുന്ന നാടകരൂപങ്ങൾ തമിഴ് സ്വാധീനത്തിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിരുന്ന സംഗീതനാടകങ്ങളായിരുന്നു. ഈ നാടകാവിഷ്ക്കാരത്തിന് ഇവിടെ നല്ല പ്രചാരവും സിദ്ധിച്ചിരുന്നു. എന്നാൽ വലിയ കോയിതമ്പുരാന്റെ സംസ്കൃതത്തിൽ നിന്നുള്ള ഈ വിവർത്തനം ഭാഷയിൽ വലിയ പരിവർത്തനമാണ് സൃഷ്ടിച്ചത്. സംസ്കൃതത്തിൽ നിന്നുള്ള ഈ സ്വതന്ത്രവിവർത്തനം ഭാഷയിൽ വലിയൊരു വഴിത്തിരിവിനു വഴിവച്ചു. ഈ ദിശയിൽ പ്രവർത്തിക്കുവാൻ വിഖ്യാതരായ പല സാഹിത്യകാരന്മാരും മുമ്പോട്ടു വന്നു. തനതുവിവർത്തനങ്ങളും സ്വതന്ത്രവിവർത്തനങ്ങളുമായി അനേകം നാടകകൃതികൾ ഭാഷയിലുണ്ടായി. വിഖ്യാതരായ പലരുടേയും നേതൃത്വത്തിൽ നാടകസംഘങ്ങൾ രൂപം കൊണ്ടു സമൂഹത്തിൽ നടമാടുന്ന നന്മകളെയും തിന്മകളെയും തുറന്നു കാണിക്കുവാൻ ഉതകുന്ന അനേകം നാടകങ്ങൾ ഹാസ്യരൂപത്തിലും അല്ലാതെയും അരങ്ങു നിറഞ്ഞാടി. അതിന്റെ പ്രതിഫലനം സമൂഹത്തിലും ഉണ്ടായിരുന്നിരിക്കാം.

മലയാളനാടക പ്രസ്ഥാനത്തിന്റെ ആചാര്യസ്ഥാനീയനാണ് ശ്രീ. സി.എൻ. ശ്രീകണ്ഠൻ നായർ. രാമായണകഥയെ ആധാരമാക്കി അദ്ദേഹം രചിച്ച കാഞ്ചന സീത, സാകേതം, ലങ്കാലക്ഷ്മി എന്നീ കൃതികൾ നാടകത്രയങ്ങൾ എന്ന പേരിൽ വളരെ പ്രസിദ്ധി നേടി. ഇതിൽ ആദ്യകൃതിയായ കാഞ്ചനസീതയിൽ അന്തപുരത്തിലെ അന്തർസം

ഘർഷങ്ങളോടെയാണ് നാടകാരംഭം. ഒന്നാം രംഗത്തിൽ തന്നെ രാമായണത്തിലെ തമസ്ക്കരിക്കപ്പെട്ട കഥാപാത്രത്തെയാണ് നാടകകർത്താവ് കാണിക്കുന്നത്. സീതാദേവിയുടെ പ്രഭാവത്തിനുമുന്നിൽ ഈ കഥാപാത്രത്തിന്റെ യശസ്സ് മങ്ങിപ്പോകുന്നു. ലക്ഷ്മണപത്നിയായ ഊർമ്മിളയാണ് ഈ കഥാപാ ത്രം. ജനകമഹാരാജന്റെ പുതിയ ഈ കഥാപാത്രം ബാല്യം മുതലേ അവഗണന ഏറ്റുവാങ്ങുവാൻ വിധിക്കപ്പെട്ടവളാണ്. എങ്കിലും അവർ അതീവ വിദൂഷിയും അതുല്യചിത്രകാരിയുമാണ്. അയോദ്ധ്യയുടെ മഹാറാണി കൗസല്യാദേവിയും സ്വാനുഭവങ്ങളുടെ വിവരണത്തിനും ഈ ഭാഗത്തു ശ്രമിക്കുന്നുണ്ട്. തന്നെപ്പോലെ ഭാഗ്യത്തിന്റെയും ഭാഗ്യദോഷത്തിന്റേയും മാതാവാണ് അയോദ്ധ്യ എന്നാണ് ആ സ്വാധിയുടെ ഭാഷണം. ആ ഭാഗ്യത്തിന് കാടുവാഴാനാണ് വിധി എന്നതാണ്. ഊർമ്മിളാപക്ഷം. ആത്മാവില്ലാത്ത അ യോദ്ധ്യ. രാമരാജ്യത്തിൽ ആർക്കും ദു:ഖമില്ലല്ലോ പക്ഷെ നിത്യവിരഹിണിയായ ഈയുള്ളവളുടെ വദനം ഒരിക്കലും വികസ്വരമാവുകയില്ല എന്ന് ഊർമ്മിള പറയുന്നു. ദസ്യുക്കുകളുടെ തപശ്ചര്യമുടക്കി തിരിച്ചെത്തുന്ന ലക്ഷ്മണകുമാരനോട് തപശ്ചര്യ എന്തുകൊണ്ട് ദസ്യുക്കൾക്ക് നിഷിദ്ധമായി. ബ്രാഹ്മണമേധാവിത്വത്തിന്റെ അസഹിഷ്ണുതയല്ലെ കിങ്കരന്മാരെക്കൊണ്ട് ഇത്തരം അധർമ്മപ്രവർത്തികൾ ചെയ്യിക്കുന്നത് എന്നെല്ലാം ഊർമ്മിള തുറന്നടിക്കുന്നുണ്ട്. ഒരു പക്ഷെ സമൂഹത്തെ ഒന്നടങ്കം ഗ്രസിച്ചിരിക്കുന്ന ചില മേധാവിത്വ പ്രവണതകളെ ഭഗ്യന്തരേണ വിമർശിക്കുകയായിരിക്കാം നാടകകാരന്റെ ഉദ്ദേശം. രാജർഷി വിശ്വാമിത്രന്റെ വ്രതം ആരും മുടക്കിയില്ലല്ലോ എന്ന പരോക്ഷ സൂചനയുമുണ്ട്. ചാതുർവ്വണ്യത്തെ കൂട്ടുപിടിച്ച് രക്ഷപെടുന്ന സ്വഭർത്താവിന്റെ മുന്നിൽ തരളിതയാകുന്ന ആ കുമാരിയെ സഭാമണ്ഡപത്തിന്റെ മഹത്വം ഓർമ്മിപ്പിക്കുകയാണ് യുവരാജാ ലക്ഷ്മണൻ. അപ്പോൾ.....ഓ....സത്യം. നിർവാസദണ്ഡനം നൽകാനാണ് ഈ മണ്ഡപത്തിന് നൈപുണ്യം. പ്രേമത്തിന്റെ നീരുറവകൾ ഈ നിദാഘശിലയിൽ നിന്ന് ഊറുകയില്ല എന്നാണ് ആ നിത്യവിരഹിണിയുടെ ബഹിർസ്ഫുരണമായ മനോവിലാപം. മഹാരാജാശ്രീരാമചന്ദ്രനോടുപോലും. തന്റെ യുക്തിവാദങ്ങളെ നിരത്തി അദ്ദേഹത്തിന്റെ പല ചിന്തകളെ ചൂണ്ടിക്കാണിക്കുന്നുണ്ട് ഈ കഥാപാത്രം. ലങ്കയിൽ നിന്നുമോചിതയായ സീതാദേവിയും അനുജത്തി ഊർമ്മിളയും തമ്മിലുള്ള സംഭാഷണങ്ങളെ ഉദ്ധരിച്ച് അദ്ദേഹത്തിന്റെ മുഖം മൂടി ഊർമ്മിള ചീന്തിയെറിയുന്നു. ആര്യാവർത്തത്തിന്റെ സുരക്ഷക്കുവേണ്ടിയാണ് ലങ്കാനാശവും രാവണനിഗ്രഹവും നടത്തിയതെന്നും സീത അതിനുള്ള ഒരുപാധി മാത്രമായിരുന്നെന്നും അദ്ദേഹം സമ്മതിക്കുന്നു. ഈ സന്ദർഭങ്ങളെല്ലാം അത്യന്തം നാടകീയത വിളങ്ങി നിൽക്കുന്ന രംഗങ്ങളാണ്. സീതാദേവിയെ രാമചന്ദ്രമഹാരാജാവ് സംശയിക്കുന്നു എന്നുള്ളത് വെളിവാക്കുകയാണ് ഊർമ്മിളയുടെ പദ്ധതി. വിദഗ്ധമായി നാടകകാരൻ കഥാഗതി തിരിക്കുന്നത് ഇവിടെ കാണാം. രംഗത്ത് താടിക്കാർ പ്രവേശിക്കുന്നു. അഷ്ടവസിഷ്ഠൻ, ഋശ്യശ്രംഗൻ തുടങ്ങിയ മുനി ശ്രേഷ്ഠന്മാർ രംഗപ്രവേശം ചെയ്യുന്നു. അശ്വമേധയാഗം നടത്തി ഭാരതവർഷത്തിന്റെ ഏകച്ഛത്രാധിപതിയായിത്തീരാൻ മഹാരാജാവിനെ ഉപദേശിക്കാനാണ് ഇവർ എത്തുന്നത്. ഇവരുടെ ഇംഗിതം രാമരാജാവ് അംഗീകരിക്കുന്നു. അപ്പോഴാണ് വലിയ പ്രശ്നം. അശ്വമേധയാഗം നടത്തുമ്പോൾ യജമാനനൊപ്പം യജമാനപത്നിയും വേണം. രാമചന്ദ്രമഹാരാജാവ് ഇപ്പോൾ സീതാപരിത്യാഗം ചെയ്ത അവസ്ഥയിലാണ്. ഈ അവസ്തക്കു പരി

ഹാരമായികുലഗുരുവും മറ്റു ശ്രേഷ്ഠന്മാരും നിർദ്ദേശിക്കുന്നത് രാമചന്ദ്രമഹാരാജന്റെ പുനർവിവാഹമാണ്, വളരെ ശ്രമപ്പെട്ട് യുക്തികൾ നിരത്തി രാജാവിനെക്കൊണ്ടിക്കാര്യം സമ്മതിപ്പിച്ച് കാശീരാജന്റെ പുത്രിയെ വധുവായി സ്വീകരിക്കാനുള്ള തീരുമാനത്തിൽ സഭപിരിയുന്നു. നാടകീയ പരിണാമത്തിനു മാറ്റുകൂട്ടുന്ന മറ്റൊരു സംഭാഷണം ഇവിടെ നടക്കുന്നു. ഏകാന്തത്തിൽ മഹാരാജാവ് അനുജനോട് 'മറ്റൊരു സ്ത്രീയെ സ്പർശിക്കുവാൻ രാമന്റെ കരങ്ങൾ ചലിക്കുമെന്ന് കുമാരൻ കരുതുന്നുണ്ടോ'? മഹാരാജൻ എന്നു മാത്രമാണ് അനുജന്റെ ഉത്തരം. 'മഹാരാജൻ അത് ആത്മഹന്താവിന്റെ പര്യായമാണ്' കുമാരാ എന്നു പറയുമ്പോഴേക്കും അങ്കം കഴിയുന്നു.

രണ്ടാമങ്കത്തിലും ഊർമ്മിള തന്നെയാണ് ജ്വലിച്ചു നില്ക്കുന്ന കഥാപാത്രം. മഹാരാജാ രാമന്റെ നീതി നിഷ്ഠയെ അപ്പാടെ പരിഹാസ വചനങ്ങളാൽ ചോദ്യം ചെയ്യുകയാണ് ഇവിടെ കഥാപാത്രം ചെയ്യുന്നത്. തന്റെ ജ്യേഷ്ഠത്തിക്ക് സംഭവിച്ചിരിക്കുന്ന വിപത്തിലും മാനഹാനിയിലും മനംനൊന്ത് വിലപിക്കുകയാണ് ലക്ഷ്മണ പത്നി. അങ്ങയുടെ പാദങ്ങൾ മാത്രം പിൻതുടർന്ന് കാട്ടിലും മേട്ടിലും പിൻതുടർന്ന ആ സീതാദേവി ഇരിക്കേണ്ടിടത്ത് കാശീരാജകുമാരിയല്ല സാക്ഷാൽ മഹാലക്ഷ്മി വന്നിരിക്കാൻ മോഹിച്ചു പോകും. ഈ രാജപീഠം സീതക്കുള്ളതാണ് എന്ന് ഉത്ഘോഷിക്കുകയാണ് ഊർമ്മിള. രംഗത്തു പ്രവേശിക്കുന്ന രാജമാതാവ് കൗസല്യയും ക്ഷോഭത്തോടെ ഇനിയെങ്കിലും സ്ത്രീശാപം അയോദ്ധ്യക്കുമേൽ വീഴാതിരിക്കട്ടെ എന്നു പറഞ്ഞു മറയുകയാണ്. ഇത്തരം പ്രവേശവും തിരിഞ്ഞുപോക്കും നാടകീയ സംഘർഷങ്ങൾക്ക് മാറ്റുകൂട്ടുന്നു. പരീക്ഷീണനായ രാമരാജാവ് സഹോദരനോട് കല്ലും മുള്ളും കാനനത്തിലല്ല കുമാരാ അയോദ്ധ്യയിലാണ് എന്നാണ് പറയുന്നത്. വർഷങ്ങളായി ജ്യേഷ്ഠനെ പിരിഞ്ഞു താമസിക്കുന്ന ഭരത കുമാരൻ രാജാജ്ഞ അനുസരിച്ച് അയോദ്ധ്യയിൽ എത്തിയിരിക്കുകയാണ്. ഭരതകുമാരന്റെ ഇംഗിതവും മറ്റൊന്നല്ല. സീതാദേവിയെ മറന്ന് മറ്റൊന്നു ചിന്തിക്കുവാൻ ആർക്കും കഴിയുന്നില്ല. അശ്വമേധയാഗത്തിനുള്ള സംഭാരങ്ങളൊരുക്കുവാൻ എത്തിയ ഭരതകുമാരൻ മഹാരാജാ രാമനുനേരെ വാളൂരുന്ന അവസ്ഥ വരെ സംജാതമാകുന്നു. അമ്മ മഹാറാണി ഇവിടെയും മക്കളെ അയോദ്ധ്യാധിപന്റെ ധർമ്മ ദീക്ഷകളെ ചൊല്ലി സമാശ്വസിപ്പിക്കുന്നു. അടുത്തായി അയോദ്ധ്യാധിപന്റെ യാഗാശ്വത്തെ പിടിച്ചുകെട്ടുന്ന ലവകുമാരനെയാണ് ദർശിക്കുന്നത്. ധീരനെങ്കിൽ അശ്വമേധയാഗരീതിക്കനുസരിച്ച് തങ്ങളെ തോൽപ്പിച്ച് അശ്വത്തെ മോചിപ്പിക്കട്ടെ എന്ന് കുമാരൻമാർ അവരെ വെല്ലുവിളിക്കുന്നു. കാഞ്ചനസീതയിൽ ഈ ഭാഗത്താണ് വാല്മീക്യാശ്രമത്തിൽ വസിക്കുന്ന സീതാദേവി പ്രത്യക്ഷീഭവിക്കുന്നത്. കുമാരന്മാരെ അവരുടെ ധീരപ്രവർത്തിയിൽ നിന്നു പിൻതിരിപ്പിക്കുവാൻ. ലക്ഷ്മണകുമാരനെ ദർശിക്കുന്ന സീത ആര്യപുത്രനും അയോദ്ധ്യക്കും ആശിസ്സുകൾ നൽകുക മാത്രമാണ് ചെയ്യുന്നത്. കാഞ്ചനസീതയെ പത്നീസ്ഥാനത്തുപവിഷ്ടയാക്കി യാഗം നടത്തുന്ന രാമചന്ദ്രമഹാരാജാവിനെ കുറിച്ച് വാല്മീകീ അപ്രിയഭാഷണം നടത്തുന്നുണ്ട്. രാജമാനസം തന്നെ ലോഹ തുല്യമല്ലേ?. കാഞ്ചനമായാലും അത് അഗ്നിയിൽ ദഹിക്കും ഏതു ലോഹവും അഗ്നിയിൽ ഉരുകും. പക്ഷെ അഗ്നിക്കു സീത അദാഹ്യയും അവിനാശ്യവുമാണ്. ആ ദിവ്യപ്രചുരിമനുകരാൻ കന്മഷകലുഷമായ രാമചന്ദ്രമഹാരാസുന് സൗഭാഗ്യമില്ലെന്നാണ് വല്മീകീ വചനം.

*(തുടരും)*

*****

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ഓം

1199 മേടമാസ ഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു



(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) മാസം പകുതി കഴിയുമ്പോൾ ഇതുവരെ ഉണ്ടായിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമാകും സാമ്പത്തിക നേട്ടവും, വിദ്യാർത്ഥികൾക്ക് വിദ്യാവിജയവും ഉണ്ടാകും ഏപ്രിൽ 26, 27തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ചൊവ്വാഴ ദിവസം ദേവീ പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



(ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) വീട് വാഹനം എന്നിവയുടെ ആവശ്യങ്ങൾക്ക് വേണ്ടി ധനം ചിലവഴിക്കേണി വരും. നാട് വിട്ട് പോയി പഠിക്കാനോ ജോലി ചെയ്യാനോ ആഗ്രഹിക്കുന്നവർക്ക് കാര്യസാദ്ധ്യം ഉണ്ടാവും. ഏപ്രി ൽ 28, 29 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. പഞ്ചാക്ഷരി മന്ത്രാജപവും ശിവ ക്ഷേത്ര ദർശ്ശനവും നടത്തുക.



(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) സർക്കാരിൻ നിന്നും പ്രതീക്ഷിക്കുന്ന സഹായങ്ങൾ ലഭിക്കും അധികാരികൾ നിമിത്തം നേട്ടങ്ങൾ ഉണ്ടാവാം റിയൽ എസ്റ്റേറ്റ് രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ പ്രതീക്ഷിക്കാം. ഏപ്രിൽ 30, മെയ് 1 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്ര ദർശനവും വിഷ്ണു സഹസ്ര നാമജപവും നടത്തുക,



(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) പൂർവ്വികമായും ഭാഗ്യം കൊണ്ടും അപ്രതീക്ഷിതമായ ധനലാഭം ഉണ്ടാകാം. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കും. സഹോദര സ്ഥാനീയരിൽ നിന്നും സഹായങ്ങൾ ലഭിക്കും. മെയ് 2, 3 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും പഞ്ചാക്ഷരി മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ അശ്വാസം ലഭിക്കും. വാക്ക് നിമിത്തം കലഹത്തിന് സാധ്യത ഉള്ളതിനാൽ ശ്രദ്ധയോടെ സംസാരിക്കുക. വിദ്യക്ക് തടസ്സങ്ങൾ ഉണ്ടാക്കുമെങ്കിലും നേട്ടം ഉണ്ടാവും മെയ് 5, 6 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീ പ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.




(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) മാസത്തിന്റെ ആദ്യ പകുതി നിലവിലെ പ്രതിസന്ധികൾ തുടരുമെങ്കിലും പകുതിക്ക് ശേഷം വിവാഹത്തിന് ശ്രമിക്കുന്നവർക്ക് വിവാഹവും മറ്റ് ഭാഗ്യാനുഭവങ്ങളും ഉണ്ടാകും. കർമ്മരംഗത്തെ നിലവിലെ തടസ്സങ്ങൾ മാറും. ശിരോ രോഗം മൂർഛികാതെ നോക്കണം മെയ് 7, 8 ദിവസങ്ങൾ അനുകൂലമല്ല. ശിവക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും വേണം.




തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) വിവാഹിതരാകാൻ ശ്രമിക്കുന്ന യുവതികൾക്ക് ആഗ്രഹസാഫല്യം ഉണ്ടാകും.ജ്യോതിഷം മന്ത്രജപം പൂജ തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാൻ ഗ്രഹിക്കുന്നവർക്ക് അനുകൂല സാഹചര്യം വന്ന് ചേരും. മെയ് 10, 11 തിയതികൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. വൈഷ്ണവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട ) ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവർക്ക് തടസ്സങ്ങൾ നീങ്ങും. വിവാഹിതരാകുവാൻ ശ്രമിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. സാമ്പത്തിക പ്രതിസന്ധിക്ക് ആശ്വാസം ലഭിക്കും. അസ്ഥി സംബന്ധമായ രോഗങ്ങൾ ഉള്ളവർ ശ്രദ്ധിക്കണം. മെയ് 12, 13 ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും ദേവ പ്രീതികരങ്ങളായ വഴിപാടുകളും പഞ്ചാക്ഷരി ജപങ്ങളും നടത്തുന്നത് നല്ലതാണ്.




(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) നിയമ രംഗത്തും മറ്റ് ഉന്നത രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും അംഗീകാരങ്ങളും. കൂടുതൽ അധികാരങ്ങളും ലഭിക്കുവാൻ സാധ്യത ഉണ്ട്. ഏപ്രിൻ 16, 17 തിയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) സന്താന സൗഭാഗ്യത്തിനായി പ്രാർത്ഥിക്കുന്നവർക്ക് ആഗ്രഹസാഫല്യം ഉണ്ടാകാം. വിദ്യാർത്ഥികൾക്ക് പഠന കാര്യങ്ങളിൽ അലസത ഉണ്ടാകാമെങ്കിലും വിദ്യാവിജയം ഉണ്ടാവും.ഏപ്രിൽ 19, 20 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) .പുതുതായി വട് നിർമ്മിക്കനോ വാഹനം വാങ്ങുവാനോ ശ്രമിക്കുന്നവർക്ക് ആഗ്രഹം നടക്കും സാമ്പത്തിക വിഷയങ്ങളിർ കലഹം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഏപ്രിൽ 22, 23 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ശിവക്ഷേക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) മാസത്തിന്റെ രണ്ടാം പകുതി അത്ര അനുകൂലമായിരിക്കില്ല. കഷ്ടപാടിനനുസരിച്ചുള്ള ഫലം കിട്ടില്ല. ദാമ്പത്യ കലഹത്തിന് സാധ്യത ഉണ്ട്. വാതസംബന്ധമായ രോഗങ്ങൾ മൂർച്ഛിക്കാം. അകാരണമായ ഭയം അലട്ടും. ഏപ്രിൽ 24, 25 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതി നാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പ പ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

*ശുഭമസ്തു ശംഭോമഹാദേവ!*
*എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 28yrs /5'8", Poorurutathi, Fair, B.Tech(Cusat), Adminstrative Assistant at Indian Institute of Science, Bangalore, Mob: 9447375367,

Email:gsureshkumar666@gmail.com
Date of Birth:09-12-1994(8pm)
Sishta Dasa:

സ മാ ല ച കു

| | | | |
|---|---|---|---|
| | ശി | | ല |
| മ ച | ഗ്രഹനില & അംശകം | | |
| | | | കു |
| | ര ബു ഗു | സ ശു | മാ |

ര; ബു മ ശു; ഗു; ശി

Contact Address:
MR.SURESH KUMAR G
A5, ORCHID PARK APTS
NETHAJI NAGAR
KADAVANTHRA P.O
ERNAKULAM -682020

Nair Boy, 34yrs /185cm, Uthram 1/4 (Chingam),B.Com and MBA course completed, Intellect Design Arena HR, Pref: Well educated working girls from Palaghat, Kozhikode, Thrissur,Ernakulam Districts Mob:9895016332

Email:poornimaramdas56@gmail.com
Date of Birth:22-11-1989(8.45am)
Sishta Dasa:

കുശി

| | | | |
|---|---|---|---|
| | | | ഗു |
| | ഗ്രഹനില & അംശകം | | ശി |
| സ മാ | | | ച |
| ശു ല മ | ര ബു | കു | |

ഗു; ച; ല; മാ; ര; മ സ

ബു ശു

Contact Address:
MR. V.K.RAMDAS
LEKHA APARTMENTS
TRIPUNITHURA
KOCHI

Nair Boy, 33yrs/182cm, Thiruvonam, MBBS, DMRD, DNB(Radiodiagnosis) Consultant Radiologist, Mob: 9495212525, 8301939050

Email:sankarpillai.v@gmail.com
Date of Birth:24-11-1990(5.18am)
Sishta Dasa:2-8-2

സ കു ല ച

| | | | |
|---|---|---|---|
| | | കു | |
| | ഗ്രഹനില & അംശകം | | ഗു ശി |
| ച സ | | | മാ |
| മ | ര ശു ബു | ല | |

ബു; ഗു മ; ര ശി

മാ ശു

Contact Address:
DR.V.SANKAR PRAKRITI
SANKARAMANGALAM TEMPLE
AVENUE, M.C. ROAD
ETTUMANOOR P.O
KOTTAYAM - 686631

## വരനെ ആവശ്യമുണ്ട്

Nair Girl, 28/160cm, Revathy, B.Tech (Electronics & Communication), Private job (Research Associate), native Ernakulam, Pref: Ernakulam District or with in 60km from Kochi Corporation, Mob:9847803788

Email:sasipmundolil@yahoo.co.in
Date of Birth: 12-09-1995(3.29am)
Sishta Dasa:Buda - 01-01-16.18

ശി മാ മ

| | | | |
|---|---|---|---|
| ച | ശി മാ | | |
| മ | ഗ്രഹനില & അംശകം | | ല |
| | | | ര |
| | ഗു | കു സ | ബു ശു |

ച; ശു; കു; ബു

ല ഗു ര സ

Contact Address:
EDAPPALLY
KOCHI - 682024


www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തു.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തു.


കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),








*എറണാകുളം കരയോഗം ശതാബ്ദി ആഘോഷ സമാരംഭചടങ്ങിൽ ആദരിച്ച മഹത്വ്യക്തികളും ഇതോടൊനുബന്ധിച്ചു നടന്ന വിജയ് സരുൻ പൂനെയുടെ ഗസൽ സന്ധ്യയും*





*എറണാകുളം കരയോഗം വുമൺസ് ഫോറം സംഘടിപ്പിച്ച വനിതാ ദിനാഘോഷത്തിൽ നിന്ന്*

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ പരിപാടി

**ഏപ്രിൽ 16 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ**

## കഥ - ലവണാസുരവധം



**അരങ്ങത്ത് :-**

| | | |
|---|---|---|
| സീത | : | കലാ. വിപിൻ |
| കുശൻ | : | കലാ. ആദിത്യൻ |
| ലവൻ | : | കലാ. പ്രവീൺ |
| ഹനുമാൻ | : | കലാ. വൈശാഖ് |
| പാട്ട് | : | കലാ. വിശ്വാസ് |
| | : | കലാ. യശ്വന്ത് |
| ചെണ്ട | : | കലാ. ശ്രീവിൻ |
| മദ്ദളം | : | കലാ. വൈശാഖ് |
| ചുട്ടി | : | ഏരൂർ മനോജ് |
| അണിയറ | : | ചേർത്തല രാമചന്ദ്രൻ, മോഹൻ ആലപ്പുഴ, സന്തോഷ് കലാമണ്ഡലം |

**DATE OF PUBLICATION: 10-04-2024**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2022-24**
**LICENSE NO. KL/CR/EKM/WPP-7/2022-24**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 16 APRIL 2024 Issue No.4

**എറണാകുളം കരയോഗം**
**സാംസ്ക്കാരിക വിഭാഗം**

## അകായിലെ സംഗീതം



**കെ.എസ്. ചിത്രയുടെയും എം.ജി. ശ്രീകുമാറിന്റെയും പാട്ടുകൾ**
21-04-2024 വൈകിട്ട്
4 മണിക്ക്
ടി.ഡി.എം. ഹാളിൽ

**ഏവർക്കും സ്വാഗതം.**




**ഹെറിറ്റേജ് ഗ്രൂപ്പ്**

അന്തർദേശീയ പാരമ്പര്യദിനവും ഭൗമദിനവും ഒന്നിച്ചു ആഘോഷിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 22ന്, എറണാകുളം ടി.ഡി.എം. ഹാളിൽ, പകൽ പത്തു മണി മുതൽ ഒരു മണിവരെ **KOCHI AS WORLD HERITAGE (കൊച്ചിയുടെ വിശ്വപാരമ്പര്യം)** എന്ന വിഷയത്തെ കുറിച്ച് ശില്പശാല സംഘടിപ്പിക്കുന്നു.

**ഏവർക്കും സ്വാഗതം.**




**എറണാകുളം കരയോഗം**

## സാഹിതിയോഗം



**ഏപ്രിൽ 28 ഞായാഴ്ച**
**വൈകിട്ട് 3.30 ന്.**

**വിഷയം:**

## ചങ്ങമ്പുഴയുടെ കാവ്യ ദർശനം

**അവതരണം**

**ശ്രീ. എം. ശ്രീവല്ലഭൻ നായർ.**

**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**